15. A resale effected under clause 14 will be at the risk of the original auction purchaser, who cannot lay claim to any gain accruing from the resale, but in the event of loss, he will be required to make good the deficiency between the total amount payable for the whole period under the terms of the original sale and the total amount payable by the successful bidder at the resale. In the latter case, the forfeited deposit will be deducted from the loss arising from the resale, and the remainder, if any, will be recoverable from the defaulter in the same manner as if it were an arrear of land revenue. Should, however, the forfeited deposit be greater than the loss by resale, the whole of such deposit will be credited to Government. A defaulting auction purchaser will be similarly liable if the privilege is disposed of otherwise than by resale and such disposal results in loss to Government as compared with the original sale.

16. The purchaser of the privilege is liable to the penalties prescribed for breaches of the conditions under these rules though a formal license may not have been issued to him.

17. The amount for which the privilege is sold shall represent the dues for each year of the contract.

18. The deposits referred to in clauses 10 and 14 will be taken as security for the due performance of the conditions of the license. They shall be credited towards the kists due for the last 3 instalments of the contract, unless previously appropriated under these rules.

Conditions applicable to licenses for the privilege of manufacturing and vending toddy.

19. The sale or possession (except subject to the rules applicable to unlicensed persons) by a licensee of any toddy outside the limits of his license is prohibited.

20. The number of toddy shops, as fixed in the schedule, shall under no circumstances be increased. The contractor is, however, at liberty to reduce the number; but on that account he cannot claim any abatement of rent. No toddy shop shall be removed outside the limits fixed in the schedule; but with the previous sanction of the Excise Commissioner or Assistant Excise Commissioner, it may be removed from one place to another within such limits.

21. It shall be competent to the Excise Commissioner to permit or order the transfer of any shop from one locality to another within the area of the license, and, with the previous sanction of Government, to order any shop to be closed, in the interests of public peace or morality or on grounds of expediency.

22. Toddy shall be sold only in a suitable building of which the whole shall be exclusively set apart for use as a shop.

23. The possession or sale upon any licensed premises of any liquor other than that to which the license relates is prohibited.

24. A sign board must be fixed to the front of each shop in a conspicuous place stating the number of the license, the name of the licensee, and the article or articles licensed to be sold with retail prices. These particulars must be legibly painted in the local vernacular. The license must be hung up in a conspicuous place within.

25. All toddy kept for sale shall be of good quality and unadulterated. Nothing shall be added to it to increase its intoxicating power or for any other purpose.

26. Every officer authorised to inspect shops shall have authority to take possession of any toddy found unfit for consumption or suspected to have been tampered with. The Excise Commissioner, Assistant Excise Commissioners, and Circle officers, are empowered to destroy toddy kept in shops, if found unfit for consumption.

27. The sale or transport of toddy by persons below the age of 14, or by persons suffering from leprosy or other contagious disease, and the employment of such persons in shops for the sale or transport of the same are prohibited.

28. No shop shall be opened before sunrise or kept open after 9 P. M. except under special authority from the Excise Commissioner or from the Assistant Excise Commissioner.

29. No drunkenness, riot, or gaming shall be permitted within the shops and no persons of notoriously bad character shall be permitted to meet or remain therein. Intimation of any offence committed or of the presence of habitual offenders or disorderly persons shall be given by the licensed shop-keepers to the nearest Magistrate or Police Station. No person shall be admitted or allowed to remain in any shop for an illegal or immoral purpose.

30. Passes issued by the licensee for the transport of toddy sold by him shall be in triplicate as per form prescribed by the Excise Commissioner. Copies of passes so issued shall be forwarded by the licensee to the Inspector of the Range not later than 24 hours after issue.

31. No toddy shall be sold or given:

A. Without the permission in writing of the commanding officer or of some person duly authorised by him in that behalf to

(1) any European non-commissioned officer, private or soldier;
(2) any European or Eurasian camp follower;
(3) any member of the families of any of the aforesaid persons;

B. Whilst on duty to

(1) any European or Eurasian sailor;
(2) any Sepoy or member of the Police force;
(3) any officer of the Excise department;
(4) any servant of a Railway Company.

C. In any circumstance to

(1) any European or Eurasian vagrant under escort of the Police;
(2) any child under fourteen years of age;
(3) any insane person; or,
(4) any person known or believed to be intoxicated.

32. Shops situated on or adjacent to the line of march shall be closed, as may be ordered by the Excise Commissioner, while a Regiment or detachment of European or Native soldiers is passing or is encamped in the vicinity. Every shop-keeper shall, on his own motion, close his shop when there is riot or disturbance in the neighbourhood.

33. No toddy in excess of the quantity prescribed by Government for possession without a license, viz., three reputed quarts or half a gallon, shall be allowed to be removed by any person at any one time from any licensed premises without a valid permit.

34. Every shop shall be kept open as prescribed in clause 28, unless its temporary or permanent closure is authorised or ordered by the Excise Commissioner. In every shop such supply of toddy as the Excise Commissioner or the Assistant Excise Commissioner may consider sufficient to meet the local requirements, shall be maintained.

35. No toddy shall be sold in shops except for cash. Every shop-keeper is bound to give intimation of the offer of anything other than cash to the nearest Magistrate or Police officer.

36. Every licensee shall maintain and cause to maintain in his shops, from day to day, true accounts of transactions which shall be written in ink, in the form prescribed by the Excise Commissioner. Such accounts shall be produced for the inspection of officers authorised to inspect such shops.

37. Such returns and informations as may be required by the Excise Commissioner, from time to time, shall be furnished by every licensee.

38. Every licensee shall be bound to report to the Excise Commissioner or Assistant Excise Commissioner all instances, which come to his knowledge, of any person employed by him in the carriage or sale of toddy committing breaches of the Abkari or Opium laws or rules passed thereunder and to comply with any order of the Excise Commissioner or Assistant Excise Commissioner to discontinue the employment of such person.

39. The licensee shall cause to be maintained in each shop an inspection note book with the pages numbered consecutively for inspecting officers to enter their remarks in.

40. No toddy other than that drawn from the cocoanut, palmyra or choondapana palms shall be manufactured or sold by the licensee.

41. The right conferred by a license under these rules extends only to the manufacture and sale of toddy.

42. The licensee shall not have any direct or indirect interest in the manufacture or vend of arrack within his license area.

43. Contract suppliers of arrack are prohibited from holding any interest in the retail vend of arrack, or in the vend of other intoxicants, in any part of their supply area, and from employing any person who has such interest. This prohibition, however, does not extend to the manufacture or vend of toddy on payment of the fee agreed upon, by the arrack supply contractor within the area specially set apart to enable him to obtain the toddy required for the manufacture of toddy arrack which he has to supply.

44. The licensee, or any shop-keeper under him, or any other person employed under him shall not sell toddy for any sum less than six chuckrams per imperial gallon.

45. The pots and other vessels in which toddy is kept for sale shall be maintained in a scrupulously clean condition.

46. The licensee shall be bound to comply with the requisition of the Excise Commissioner to dispense with any agent or servant employed by him in the business of his contract or license, whenever the Excise Commissioner considers it necessary in the interests of the proper working of the contract or license to make such requisition.

47. The licensee shall not lease out, sell, or otherwise transfer, the subject matter of his contract or license without the written consent of the Excise Commissioner.

48. The licensee shall on requisition by the Excise Commissioner or any officer duly authorised by him, deliver up the license for amendment or renewal.

49. The licensee or his shop-keeper shall not manufacture vinegar from toddy except under the conditions laid down in the rules relating to such manufacture. The distillation of spirits from toddy is absolutely prohibited.

50. The licensee shall not have pecuniary dealings of any kind with the officers of the Excise department.

51. The amount for which the privilege has been purchased shall be payable by the licensee into the local taluk or other treasury, as may be ordered from time to time in 10 equal monthly instalments on or before the last day of each malabar month beginning with Avany of the first year of the contract.

52. No remission or abatement of the rent shall be claimable by the licensee on any account whatever.

53. Any sum due by a licensee on account of kist or otherwise may be collected under the Revenue Recovery Regulation or adjusted from the deposit, if any, made by him at the commencement of the lease. The licensee shall be bound to replace any sum so adjusted from his deposit within 15 days of receipt of notice from the Excise Commissioner.

54. Whenever the licensee has to pay money into a treasury on account of his kists, he shall produce before the treasury officer with the money a chellan for the payment granted by the Range officer, or in his absence, by any other officer of equal or superior rank having jurisdiction, not more than 10 days before its presentation.

55. In case of failure of payment of kists by the licensee on the due dates or the replacement of the deposit adjusted under clause 53, the Excise Commissioner may suspend the license and order a resale, at the risk of the licensee, or direct the management of the business of the contract by departmental agency or otherwise dispose of the same. All losses on account of such suspension and resale or departmental management or other disposal of the privilege shall be borne by the defaulting licensee; but he shall have no right to the gain, if any, which accrues. The whole of the deposit, if any, made at the commencement of the lease will be liable to forfeiture. The Excise Commissioner may, however, allow sales to continue pending resale or other disposal of the privilege.

56. Interest on all moneys due shall be payable at the rate of 12 per cent per annum.

57. Infraction of any of the conditions of the license either by a licensee or by any person in his employment will entail on the licensee either:

(a) fine up to Rs. 50, or,

(b) forfeiture of deposit, if any, and cancellation of license and resale or other disposal of the privilege at the risk of the licensee. When the license is thus cancelled, the amount still payable for the remainder of the term of the license shall become due at once.

58. The imposition of a fine, or the forfeiture of the deposit, or the cancellation of the license under these rules, shall not relieve the licensee or his agents from liability to be prosecuted for any specific offence committed against the Abkari Regulation or any infringement of these rules.

59. If the licensee shall be convicted of any offence under any law for the time being in force relating to Separate Revenue, the Excise Commissioner may declare his license forfeited. If the licensee is convicted under the Penal Code, such conviction shall render him liable to forfeiture of the license, if the offence of which he is convicted is such as in the opinion of Government renders him unfit to hold it. When a license is forfeited under this clause, the privilege shall be resold or otherwise disposed of at the risk of the licensee.

60. With the sanction of Government, the Excise Commissioner may, upon giving 15 days' notice, revoke the license in which case a proportionate part of the fee paid by the licensee shall be refunded to him.

61. All Excise officers of and above the rank of Inspectors shall have authority to inspect licensed shops, to examine the premises, to test measures in use and the article under sale and to call for and check the accounts kept in the shop.

62. The licensee shall possess or use in any licensed premises only such standard measures of capacity as may from time to time be prescribed by Government.

63. The licensee shall be bound by all rules which have been passed under Regulation IV of 1073 or which may hereafter be passed under the said Regulation or under any law relating to Abkari Revenue which may hereafter be passed.

Huzur Cutcherry,
Trivandrum,
20th April 1908.

P. RAJAGOPALA CHARI,
Dewan.

NOTICE.

It is hereby notified that in accordance with Part II, para 7 of the Rules for the constitution and management of His Highness the Maharaja's Caste Hindu Hostel, Trivandrum, the following gentlemen have been appointed members of the Governing Body:—

1. Mr. R. S. Lepper, M. A., Professor of History and Economics, His Highness the Maharaja's College,—Warden.
2. Dr. A. C. Mitchell, Principal, His Highness the Maharaja's College,—Ex-officio.
3. Mr. L. C. Hodgson, M. A., Professor of English, His Highness the Maharaja's College.
4. Dr. K. Raman Tampi—Medical member.
5. Mr. O. S. Ramaswamy Iyer, B. A., B. E., C. E., Engineer member.

By order,
A. J. VIEYRA,
Chief Secretary to Government.

Huzur Cutcherry,
Trivandrum,
20th April 1908.

നമ്പർ 3676/L. R.

സർക്കുലർ.

൧൦൭൯-ാം വർഷം ആഗസ്റ്റ് മാസം [illegible] ലെ [illegible] നമ്പർ [illegible] സർക്കുലർ ൩-ാം പാരാവിനാൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം അതതു [illegible] കച്ചേരികളിൽ [illegible] ഗവർന്മെന്റു [illegible] ശ്രദ്ധിക്കേണ്ടതാകുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൯൦൮ ഏപ്രിൽ ൨൦-ാം

ഉത്തരവുപ്രകാരം,
എ. ജെ. വീയരാ,
ഗവർന്മെന്റു ചീഫ് സെക്രട്ടരി.

എല്ലാ തഹശീൽദാർമാർക്കും
എല്ലാ ഡിവിഷൻ പേഷ്കാർമാർക്കും
ഹിന്ദുസ്ഥാനി സെക്രട്ടരിക്കും.

നമ്പർ ൩൫൯/L. R.

പരസ്യം.

തിരുവിതാംകോട്ടു തെങ്ങുകളുടെ മിനത്തെപ്പറ്റി ഇംപീരിയൽ മൈക്കാളജിസ്റ്റ (ശാസ്ത്രജ്ഞൻ) ഡാക്ടർ ഇ. ജെ. ബട്ലർ തരുന്ന എഴുതിയ റിപ്പോർട്ടിനെ സാമാന്യജനങ്ങളുടെ അറിവിന്നായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൮ ഏപ്രിൽ ൧൫നു.

ഉത്തരവിൻ പ്രകാരം
എ. ജെ. വിയറ,
ഗവർമ്മെന്റ് ചീഫ സെക്രട്ടറി.

തിരുവിതാംകോട്ടു തെങ്ങുകളുടെ മിനത്തെപ്പറ്റി റിപ്പോർട്ട്.

ഇൻഡ്യയിൽ പശ്ചിമ സമുദ്രതീരത്തു തെങ്ങു കൃഷി സമൃദ്ധിയായുള്ള പ്രദേശത്തിന്റെ തെക്കെ പകുതി തിരുവിതാംകോട്ടു സംസ്ഥാനം ആകുന്നു. ആലപ്പുഴയ്ക്കു സമീപം ഉള്ള സമുദ്രതീരത്തുനിന്നു നോക്കിയാൽ ആറു സമുദ്രതീരത്തുള്ള ജനവാസസ്ഥലങ്ങൾ എല്ലാംകൂടി തുടർച്ചയായി കിടക്കുന്നതായി കാണാം. കൊച്ചിയിൽവച്ചു സമുദ്രത്തോടു ചേരുന്നതും എകദേശം നല്ല വൈനിളം ഉള്ളതും ആയ വേമ്പനാട്ടു കായലിന്റെ കരവരെ സമുദ്രതീരത്തെ പ്രദേശം ആയും എന്നാൽ ഉൾനാട്ടിലേക്ക ചെല്ലുന്തോറും ധാരാളം മണൽ ചേർന്നുള്ള ഒരുതരം മണ്ണായും ഇരിക്കുന്നു.

ഈ കായൽ, തിരുവനന്തപുരത്തു നിന്നു വടക്കോട്ടു ൨൦൦ മൈലിൽ അധികം ദൂരത്തേക്ക സമുദ്രത്തിന്നു സമാന്തരമായി നീണ്ടുകിടക്കുന്നതും ഏതാനും ഭാഗം പ്രകൃതിസിദ്ധവും ഏതാനും ഭാഗം പണിചെയ്തുണ്ടാക്കപ്പെട്ടതും ആയ കുളങ്ങളും വള്ളങ്ങളിൽ സഞ്ചരിക്കാവുന്ന കായലുകളും തോടുകളും ചേർന്നു തുടർന്നു തുടർന്നു കിടക്കുന്നതും ആയ ജലാശയങ്ങളുടെ ഒരു ഭാഗം ആകുന്നു. ഇവ മിക്കവാറും വീതികുറഞ്ഞും വളഞ്ഞും എന്നാൽ അവിടവിടെ ആഴംകുറഞ്ഞവയും വിസ്താരം കൂടിയവയും ആയും ഇരിക്കുന്നു; എല്ലാം കൂടി, തെങ്ങു കൃഷിയുള്ള പ്രദേശത്തിന്റെ മദ്ധ്യത്തുകൂടി അതുല്യമായും തുടർച്ചയായും ഉള്ള ജലസഞ്ചാരമാർഗ്ഗം ആയിരിക്കുന്നു. കായലുകൾക്കു ചുറ്റും ഉള്ള മണ്ണു കടൽ കരയിലെ മണ്ണിനെക്കാൾ ഉറച്ചതാകുന്നു. ഈ മണ്ണു ജലമാർഗ്ഗങ്ങളിൽനിന്നു അരിഞ്ഞുവന്നവയും ചെറിയതിട്ടകളും കരകളും ജനിക്കാൻ ഇടയായവയും ആയ ഊറൽമണ്ണുകൊണ്ടു ഉറപ്പിച്ചതാകുന്നു. ഈ തിട്ടകളും കരകളും വെള്ളപ്പരപ്പിൽ നിന്നു ഒന്നോ രണ്ടോ അടി പൊന്തിനില്ക്കുന്നവയും തെങ്ങുകൾകൊണ്ടു നിറഞ്ഞവയും ജനനിബിഡമുള്ളവയും ആകുന്നു. വേമ്പനാട്ടു കായലിന്റെ കിഴക്കുവശത്തും തെക്കുകിഴക്കുവശത്തും ഉള്ള ചില ഭാഗങ്ങളിൽ വെട്ടുകല്ലു മണ്ണു സ്വല്പം ഉയരത്തിൽ ഉണ്ടു. കടലിനും ഈ കായലുകൾക്കും നടുക്കുള്ള സ്ഥലത്തും ഈ കായലുകൾക്കു ചുറ്റും ആകുന്നു വടക്കൻ തിരുവിതാംകോട്ടിൽ തെങ്ങുകൾ ഏറവും നന്നായി വളർന്നുവരുന്ന സ്ഥലങ്ങൾ ഉള്ളതു.

ഈ സ്ഥലങ്ങളിൽ രണ്ടു തരത്തിൽ ഉള്ള കൃഷി മാത്രമേ കാര്യം ആയി കാണുന്നുള്ളു. ഇതിൽ അധികം ഭാഗവും തെങ്ങിൻതോട്ടങ്ങൾ ആകുന്നു; അവയിൽ തന്നെ കമുങ്ങ്, പലാവു, വാഴ മതലായവയും അപ്രധാനമായി കൃഷിചെയ്യുന്നു. കായലിന്നു തൊട്ടുകിടക്കുന്നതും കായലുകളിൽ നിന്നു ഉള്ളിലോട്ടു പോകുന്നതും ഇടയ്ക്കിടെ തെങ്ങിൻതോപ്പുകൾ ഉള്ളതും, വിസ്താരം ഏറിയും കെട്ടിവിടപ്പെട്ടിരിക്കുന്നതും ആയ പ്രദേശങ്ങളിൽ വിശേഷവിധിയായുള്ള ഒരുതരം നെൽകൃഷി നടന്നുവരുന്നു. മഴക്കാലത്തു വേമ്പനാട്ടു കായലിന്റെ ഓരം മുതൽ ഈ കുഴിഞ്ഞ ജലാശയങ്ങളിൽ വെള്ളം നില്ക്കുന്ന സ്ഥലംവരെ ചേറും പുല്ലുകളും ഇട്ടു വരമ്പുകൾ ഉയർത്തും. നെല്ലു വിതയ്ക്കുന്നതുവരെ അതിലെ വെള്ളത്തെ ആവിശ്യപ്പെടുന്നില്ല; കൈശേഖരിച്ചാലും പുഞ്ച വെയിലിൽ കൃഷിയും ചെയ്യുന്ന പതിവുണ്ടു. ഇപ്രകാരം ആരംഭിച്ചതിൽ പിന്നെയാകുന്നു ഇതിനെ ഒരു ഉൾക്കൃഷിയായി വെള്ളം കയറുന്നതു; ഏകദേശം വൃശ്ചികമാസത്തിനകം വിളയുകയും അതുമുതൽ വരുന്ന ഇടവപ്പാതി മഴ തുടങ്ങുന്നതിന്നു സ്വല്പം മുമ്പായി കൊയ്തുകയും ചെയ്യുന്നു.

കായലിൽ നിന്നും ഉൾനാട്ടിലേക്കായിട്ടു ഏലമലയുടെ അടിവാരംവരെ വ്യാപിക്കുന്നതായ ഒരു പ്രദേശം ഉണ്ടു. ഇതു ഈ സംസ്ഥാനത്തിലെ പശ്ചിമഭാഗം ആകുന്നു. മലകളിൽ നിന്നു ഇറങ്ങി കായലുകളിലും സമുദ്രത്തിലും വീഴുന്ന അനേകം പുഴകൾ ഈ പ്രദേശത്തുകൂടി ഒഴുകുന്നു. ഈ സ്ഥലം സമുദ്രതീര പ്രദേശത്തെപ്പോലെ പരന്ന സ്ഥലം അല്ല. ഈ സ്ഥലത്തു വിശേഷിച്ചു, ഉയർന്ന ഭാഗങ്ങളിൽ, ചിതറി കിടക്കുന്ന മലകളും മേട്ടുകളും ഉണ്ടു. പുഴകൾ ഉള്ള സ്ഥലങ്ങളിൽ എല്ലാം തെങ്ങു കൃഷിയും ഉണ്ടു; തെങ്ങു മലയിടുക്കുകളിൽ മാത്രം അല്ല മലഞ്ചരിവുകളിലും കാണുന്നുണ്ടു.

അതുകൊണ്ടു, തെങ്ങുകൃഷിക്കു പ്രതികൂലങ്ങളും ആയ മൂന്നുതരം മേഖലകളും കാണാം. ഇവ മണൽനിറഞ്ഞ ഭൂമിയിലും വെള്ളത്തിൻെറ നിരപ്പിനെക്കാൾ അധികം പൊങ്ങിട്ടില്ലാത്തതും, തെങ്ങുകൃഷിയുള്ള പ്രദേശങ്ങളിൽ അധികഭാഗവും അടങ്ങിയതും ആയ കടൽവാര മേഖലയും, കായലുകൾക്കു സമീപം ഉള്ള സ്ഥലം മുൻപറഞ്ഞ വിധംപോലെ തന്നെ പൊക്കം കുറഞ്ഞതു തന്നെ എന്നു വരികിലും ഉറച്ച മണ്ണു ധാരാളം ചേർന്നിരിക്കുന്നതായ കായൽവാര മേഖലയും, മലവാര മേഖലയും ആകുന്നു; മലവാര മേഖലയാകട്ടെ പർവ്വതങ്ങളുടെ അടിവാരം വരെ വ്യാപിച്ചിരിക്കുന്നു; ഇവയിൽ മലഞ്ചരിവുകളിലെ മണ്ണു നല്ല ചുവപ്പു നിറത്തിലോ ഏകദേശം മഞ്ഞനിറത്തിലോ ചെമ്മണ്ണായുള്ളതും. മലകളിലെ മണ്ണു ബലം കുറഞ്ഞതും ഫലപുഷ്ടി ഉള്ളതും ആയ വെട്ടുകല്ലു മണ്ണും ആകുന്നു. തെങ്ങു ഏററവും നന്നായി വളരുന്നതു സമുദ്രതീരത്തിലെ മണലിലും, കായലിനു പുറം സമുദ്രത്തിൽ നിന്നു പൊന്തി പതിനഞ്ചൊ ഇരുപതൊ അടി ഉയരത്തിൽ ഉള്ള മണൽചേർന്ന കൽമണ്ണിലും ആകുന്നു. മലകളുടെ സമീപം, മണ്ണു ഫലം കുറഞ്ഞതാകുന്നു; മലയിടുക്കുകളിൽ നല്ല തെങ്ങിൻതോട്ടങ്ങളും ഉണ്ടു; എന്നാൽ മലഞ്ചരിവുകളിലെ തോട്ടങ്ങളും ഫലപുഷ്ടി കുറഞ്ഞവ ആകുന്നു.

തിരുവിതാംകോട്ടിലെ ദേശസ്ഥിതി ആണ്ടു മുഴുവൻ വിശേഷമായ വിധത്തിൽ സമസ്ഥിതിയിൽ ഉള്ളതാകുന്നു. ആണ്ടു മുഴുവൻ നോക്കിയാൽ പകലിലെ ശരാശരി ഉഷ്ണസ്ഥിതി ഏകദേശം ഫാറൻഹീട്ട് ൮൦ ഡിഗ്രിയും, ആണ്ടിലെ ഏററവും കൂടിയ ഉഷ്ണസ്ഥിതി ശരാശരി ൮൮ ഡിഗ്രിയും, ആണ്ടിലെ ഏററവും കുറഞ്ഞ ഉഷ്ണസ്ഥിതി ശരാശരി ൭൨ ഡിഗ്രിയും ആകുന്നു. ൯൦ ഡിഗ്രിയിൽ കൂടിയതോ ൬൦ ഡിഗ്രിയിൽ കുറഞ്ഞതോ ആയ ഉഷ്ണസ്ഥിതി അപൂർവം ആകുന്നു.

മഴ തെക്കു നിന്നു വടക്കോട്ടും സമുദ്രതീരത്തിൽ നിന്നു മലകളിലോട്ടും ഇങ്ങനെ രണ്ടു വിധത്തിൽ കൂടിക്കൂടി വരുന്നു. മഴ തെക്കു കന്യാകുമാരിക്കു സമീപം ആണ്ടിൽ ശരാശരി ൩൦ ഇഞ്ചു ആയും, ആലപ്പുഴയിൽ ൭൦ ഇഞ്ചു ആയി കൂടിയും, സംസ്ഥാനത്തിലെ വടക്കേറം ഉള്ള പറവൂരിൽ ൧൨൦ ഇഞ്ചു ആയി കൂടിയും ഇരിക്കുന്നു. മഴ സമുദ്രതീരത്തു ആലപ്പുഴയിൽ ൭൦ ഇഞ്ചു ആയും പർവ്വതപ്രദേശം ആയ പീരുമേട്ടിൽ ൨൦൦ ഇഞ്ചായും ഇരിക്കുന്നു. ദീർഘം ആയ വേനൽക്കാലം ഇല്ല. എന്നാൽ ഡിസംബർ മാസം മുതൽ മാർച്ചുമാസം വരെക്കും താരതമ്യേന വേനൽ തന്നെ എന്നുവരികിലും എല്ലാ മാസത്തിലും മഴ പെയ്യും. ഏററവും വരൾച്ച ഉള്ള മാസം ജനുവരി ആകുന്നു. തുലാവർഷം ഉണ്ടാകുന്നതു വരെ അധഃപാതനം കൂടിവരുന്നു. ഏററവും മഴ പെയ്യുന്ന മാസം ജൂൺ ആകുന്നു. പിന്നെ അക്ടോബർ വരെ മഴ കുറഞ്ഞുവരുന്നു; അപ്പോൾ തുലാവർഷത്തോടുകൂടി രണ്ടാമതും ഏകദേശം ഏററവും കൂടിയ മഴ ഉണ്ടാകുന്നു.

തെങ്ങിൻകൃഷിക്കു ഉഷ്ണം ഉള്ളതും ആർദ്രവും ആയ ദേശസ്ഥിതിയും ഒരേ വിധത്തിൽ ഉള്ള ദേശസ്ഥിതിയും സർവ്വത്ര ആവശ്യം ആകകൊണ്ടു അതിലേക്കു വേണ്ട ദേശഗുണങ്ങളും തിരുവിതാംകോട്ടിൽ പൂർണ്ണമായി ഉണ്ടെന്നുള്ളതു വ്യക്തം ആകുന്നു. അടിയിൽ ഉള്ള മണ്ണിൽ സമുദ്രജലം ഊറിച്ചേരുവാൻ സാധിക്കത്തക്ക വിധത്തിൽ സമുദ്രത്തിനു അത്ര അടുപ്പമുള്ള സ്ഥലങ്ങളിൽ തെങ്ങു നന്നായി വളരുന്നതായും പറയപ്പെടുന്നു. തെങ്ങിൽ ധാരാളം കായ്ഫലം ഉണ്ടായാൽ ആണ്ടു തോറും ഏക്കർ ഒന്നിനു ആറു പൌണ്ടിൽ അധികം പൊട്ടാഷ് ക്ഷാരവും അറുപതു പൌണ്ടിൽ അധികം സാധാരണ ഉപ്പും കുറഞ്ഞുപോകുന്നു എന്നു ഇന്ത്യയിലും സിലോണിലും ഫിലിപ്പൈയിൻ ദ്വീപുകളിലും പ്രത്യേകം പ്രത്യേകം നടത്തപ്പെട്ട അന്വേഷണത്തിൽ നിന്നു കാണുന്നു. ഇതാകുന്നു സമുദ്രതീരത്തിൽ അധികമായി ഉണ്ടാകുന്നതിനു കാരണം. അതു എങ്ങനെ ആയിരുന്നാലും, ഏററവും നല്ല തിരുവിതാംകോട്ടുതെങ്ങുകളിൽ ഏററവും കൂടിയ എണ്ണം നില്ക്കുന്നതു ഉപ്പുവെള്ളം ഊറിച്ചേരുന്ന മണ്ണിൽ ആകുന്നു.

ഈ വൃക്ഷത്തിനു ഈ ഉപ്പു ആവശ്യം ആണെന്നു തെങ്ങു വളരുന്ന അനേകം രാജ്യങ്ങളിൽ വിശ്വസിക്കപ്പെട്ടുവരുന്നു എന്നുള്ളതു വ്യക്തം ആകുന്നു. അവിടങ്ങളിൽ തിരുവിതാംകോട്ടിൽ എന്നപോലെ തെങ്ങുകളുടെ വേരിൽ ഉപ്പു ഉരമായി ഇട്ടു വരുന്നുണ്ടു. താഴ്ന്നുകിടക്കുന്ന സമുദ്രതീരങ്ങളിലൊ കായലിനു സമീപം ഉള്ള മണ്ണിലൊ ഊറിച്ചേരുന്ന സമുദ്രജലത്തിൽ നിന്നു തെങ്ങിനു വേണ്ട പൊട്ടാഷും മഗ്നീസിയവും ഏകദേശം ലഭിക്കുന്നു എന്നു തോന്നുന്നു. മററു സ്ഥലങ്ങളിൽ തടികളുടേയും ഇലകളുടേയും ചാരത്തെയും തെങ്ങിൻെറ ചുട്ടിൽ ഉരമായിട്ടു വെക്കുന്നു. ഇതിലേക്കു ഉപയോഗിക്കുന്ന തടികളും ഇലകളും മിക്കവാറും തെങ്ങിൻേറവ തന്നെ. ഇതിനു പുറമേ തെങ്ങിൻപിണ്ണാക്കു അല്ലെങ്കിൽ മററു പിണ്ണാക്കുകൾ, കന്നു.

കാലിവട്ടം, മീനച്ചൂടും, ചിലപ്പോൾ എല്ലുകൾ ഇവയൊക്കെ വളമായി ഉപയോഗിക്കുന്നുണ്ടു. എന്നാൽ, ഇത്തരം വളങ്ങൾ വളരെ വേഗത്തിൽ വശംകെട്ടു പോകുന്നു. ഈ വിഷയത്തിൽ നാട്ടുകാർ ചെയ്യുന്ന പ്രയോഗങ്ങളെ മേലും പരിഷ്കരിക്കുന്നതിനു ധാരാളം വഴിയുണ്ടു.

തിരുവിതാംകൂറിലെ ഐശ്വര്യത്തിനു വലുതായ പ്രസിദ്ധി ഉണ്ടല്ലോ; ഈ അഭിവൃദ്ധി മുഖ്യം ആയി തിരുവിതാംകൂറിലെ തെങ്ങുകൃഷിയെയും തത്സംബന്ധമായ വ്യവസായത്തെയും ആശ്രയിച്ചിരിക്കുന്നു. തെക്കൻ ദിക്കിലെ ചില ഉയർന്ന സ്ഥലങ്ങളിലും പശ്ചിമ മലകളിലും ഒഴികെ മറ്റെല്ലാ സ്ഥലത്തും തെങ്ങു മറ്റു വൃക്ഷാദികളോടു ചേർന്നില്ക്കുന്നതുകൊണ്ടു തെങ്ങുകൃഷി എത്ര വിസ്താരം ഉള്ള പ്രദേശത്തിൽ നടക്കുന്നു എന്നു പ്രത്യേകമായി പറയുന്ന പ്രയാസം തന്നെ. ഒരു കണക്കിൻപ്രകാരം [illegible] ഏക്കർ സ്ഥലത്തു തെങ്ങുകൾ നില്ക്കുന്നു എന്നു കാണുന്നു. വെളിച്ചെണ്ണ, കൊപ്രാ, കയറ്, തേങ്ങാ മുതലായ എല്ലാതരം തെങ്ങിനവിഭവങ്ങളും കൂടി [illegible] വർഷം ഒന്നിനു ഏകദേശം ഒരു കോടി രൂപാ വിലയുള്ള ചരക്കുകൾ കയറ്റുമതി ചെയ്തിട്ടുണ്ടു. ഈ നാട്ടിലെ ജനങ്ങളും തെങ്ങിന്റെ വിഭവങ്ങളെ ധാരാളം ആയി അനുഭവിച്ചു തീർക്കുന്നുമുണ്ടു. വലിയ ഉടമസ്ഥന്മാർ, കുടിയാന്മാർ, മുതലായി തെങ്ങുകൃഷിയെത്തന്നെ തൊഴിലായി വച്ചിട്ടുള്ള ആളുകൾക്കു പുറമേ കയറു പിരിക്കുന്ന പണി ചെയ്യുന്നവരായിട്ടു [illegible] ആളുകൾ ഉണ്ടെന്നു സെൻസസിൽ കാണുന്നു. ഇന്ത്യയിൽ അത്യന്തം ജനനിബിഡതയുള്ള സ്ഥലങ്ങളിൽ ഒന്നിലെ നിവാസികൾ മുഖ്യമായി ഈ വൃക്ഷത്താൽ ഉപജീവിച്ചു വരുന്നു. ഇവിടത്തെ ചില താലൂക്കുകളിൽ ചതുരശ്രമൈൽ ഒന്നിനു [illegible] ൽ പരം ജനങ്ങളും മൂന്നു താലൂക്കുകളിൽ ചതുരശ്രമൈൽ ഒന്നിനു [illegible] ൽ പരം ജനങ്ങളും ഉണ്ടു. ദീനത്താൽ വിളവിൽ വല്ല കുറവും ഉണ്ടാകുന്ന വിവരത്തിൽ കൃഷിക്കാർ മാത്രം അല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാർ കൂടിയും ശ്രദ്ധക്കാൻ നിർബന്ധപ്പെട്ടിരിക്കും എന്നുള്ളതു സ്വാഭാവികം ആകുന്നു. എങ്കിലും ഈ ദീനം മീനച്ചിലിൽ മുപ്പതോ നാല്പതോ കൊല്ലം ആയി ബാധിച്ചിരുന്നിട്ടും ൧൮൯൯-ാം വർഷം ഏപ്രിൽ മാസം [illegible] വിയിൽ ഒരു ലേഖനം കുടിയാന്മാർ എഴുതി അയച്ച മെമോറിയൽകൊണ്ടു മാത്രമേ സംഗതി ഗവർമ്മെന്റിനെ അറിയിച്ചിട്ടുള്ളു എന്നു കാണുന്നു. ഇത്രയും താമസിച്ചു അറിയിച്ചതുകൊണ്ടു, ദീനത്തിന്റെ വ്യാപ്തി അവിടെ ഗാഢമായ രീതിയിൽ ആയിരുന്നു എന്നു തെളിയുന്നു. ഇപ്പോഴും അനേകം സ്ഥലങ്ങളിൽ സംഗതിയുടെ ഗൌരവം അറിയാൻ കഴിയിട്ടില്ല. മീനച്ചിലിനെപ്പോലെ ദീർഘകാലം ആയി ദീനം ബാധിച്ചിട്ടുള്ള സ്ഥലങ്ങളിലെ അനുഭവം ഇവർക്കു കരുതലിനു കാരണമാകേണ്ടിയിരുന്നിരിക്കെ, അവിടങ്ങളിൽ ഇതിനെ സ്വയം ശമിക്കുന്നതായ ഒരു ദീനമായിട്ടാകുന്നു വിചാരിക്കുന്നതു.

തെങ്ങിൻവിളവുകളുടെ കച്ചവടം മുമ്പു അനേകം വർഷങ്ങളിൽ സംസ്ഥാനത്തിലെ കയറ്റുമതിയിൽ ശരാശരി നൂറിനു [illegible] വീതം ഉൾക്കൊള്ളുന്നതായിരിക്കെ, ഈയിട വിലകൾ കൂടീട്ടുംകൂടി [illegible] ആണ്ടിൽ [illegible] വീതം മാത്രമേ ഈ സാധനങ്ങളുടെ കച്ചവടം ആയിരിക്കുന്നുള്ളു എന്നുള്ളതുകൊണ്ടു ഈ ദീനം നിമിത്തം ഇപ്പോൾതന്നെ സംഭവിച്ചു കഴിഞ്ഞിട്ടുള്ള ദോഷത്തിന്റെ ആധിക്യത്തെ പരിഗണിക്കാം.

എനിക്കുണ്ടായിരുന്ന സ്വല്പമായ സമയസൌകര്യംകൊണ്ടു, ഈ ദീനം ബാധിച്ചിട്ടുള്ളതായി പറയപ്പെട്ട സ്ഥലവിസ്താരങ്ങളുടെ കൃത്യം ആയ അതിർത്തികൾ നിശ്ചയിക്കാൻ എനിക്കു കഴിഞ്ഞില്ല. ദീനം വടക്കൻ തിരുവിതാംകോട്ടു മാത്രമെ ഉള്ളു; വടക്കു നിന്നു തെക്കോട്ടു ചേർത്തല മുതൽ ഏകദേശം കൊല്ലം വരെ വ്യാപിച്ചിട്ടുണ്ടു; കിഴക്കോട്ടു ഈരാറ്റുപേട്ടയിലെ മലകളുടെ അടിവാരംവരെ വ്യാപിച്ചിട്ടുണ്ടു. എന്നാൽ ദീനം പിടിച്ചിട്ടുള്ള ആകെ വിസ്താരം ഇത്ര എന്നു അറിഞ്ഞിട്ടില്ല.

എനിക്കു വിവരം അറിയാൻ കഴിഞ്ഞിട്ടുള്ളിടത്തോളം, ദീനം ആദ്യം ബാധിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതു, മീനച്ചൽ താലൂക്കിൽ ഈരാറ്റുപേട്ടയിൽ ആകുന്നു. ഇവിടെ ഇതു ആരംഭിച്ചിട്ടു മുപ്പതു നാല്പതു കൊല്ലങ്ങൾ ആയി എന്നു പലവിധം പറയുന്നു. ഇത്ര വളരെ കാലം മുമ്പിൽ ഉള്ള സംഗതിയെപ്പറ്റി കൃഷിക്കാരുടെ ഓർമ്മ ഉദ്ദേശമായ കാലത്തെ നിർണ്ണയിക്കാൻ മാത്രമെ ഉതകുകയുള്ളു: എന്നാലും, ഈ ദീനം മുപ്പതു കൊല്ലത്തിൽ അധികമായി ഇരുന്നിട്ടുണ്ടെന്നുള്ളതു നിശ്ചയം തന്നെ. ഈരാറ്റുപേട്ടയിൽ നിന്നു പതുക്കെ പടിഞ്ഞാട്ടു മീനച്ചിലും, പാലായും, പുലിയന്നൂരിലും ദീനം വ്യാപിച്ചു. ഇരുപത്തഞ്ചു കൊല്ലത്തിനു മു

മ്പു പുലിയന്തുരിൽ ആദ്യമായി വ്യാപിച്ചതായി ആളുകൾ പറയുന്നു. ഇനിയും പടിഞ്ഞാറോട്ടു പതുക്കെ തുടർച്ചയായി അതു വ്യാപിച്ചു വരുന്നു. പുലിയന്തുരിൽ നിന്നു ഏകദേശം ഏഴു മൈല് ദൂരം ഉള്ള ഒരു സ്ഥലത്തു രണ്ടു സംവത്സരങ്ങൾക്കു മുമ്പു മാത്രമെ ഈ ദീനം വ്യാപിച്ചുള്ളു എന്നു ഞാൻ അറിഞ്ഞു. ഇതെ കാലങ്ങളിൽ തന്നെ വടക്കൻ തിരുവിതാംകൂറിലെ മറ്റു പല സ്ഥലങ്ങളിലും ദീനം ബാധിച്ചു. ചങ്ങനാശേരിയിൽ ഏകദേശം ഇരുപതു കൊല്ലത്തിനു മുമ്പു ഈ ദീനം കാണപ്പെട്ടു എന്നു ഞാൻ അറിയുന്നു. എന്നാൽ ചില പറമ്പുകളിൽ ഈ ദീനം കണ്ടിട്ടു രണ്ടു കൊല്ലത്തിനകമെ ആയിട്ടുള്ളു. ഒരു സ്ഥലങ്ങളിൽ മാത്രം ദീനം ഉള്ള ആലപ്പുഴയിലും, ഏകദേശം ഇരുപതു കൊല്ലത്തിനു മുമ്പാകുന്നു ദീനം ആദ്യം കണ്ടതു. ഓരോ സംഗതിയിലും ദീനം ഒന്നാമതായി ഒരു പറമ്പിൽ ഉണ്ടായതിനു പിന്നെ, അടുത്തുള്ള പറമ്പുകളിൽ അതു ക്രമേണ വ്യാപിച്ചതായി കാണുന്നു; കാണുന്ന സ്ഥലത്തെല്ലാം, ആദ്യം ഒന്നോ രണ്ടോ സ്ഥലത്തു ആദ്യം ബാധിച്ചതായും ക്രമേണ വെളിയിൽ വ്യാപിച്ചതായും വിചാരിക്കാൻ ലക്ഷ്യങ്ങളും ഉണ്ടു.

തെങ്ങുകൾക്കു പുറമെ, താലവർഗ്ഗത്തിൽ ചേർന്ന അനേകം വൃക്ഷങ്ങൾക്കും ഈ ദീനം ബാധിച്ചിട്ടുണ്ടു. മീനച്ചിലിൽ, കവുങ്ങിനു ദീനം തെങ്ങുകൾക്കുള്ളതിലും അധികം ആയിരിക്കുന്നു; ആദ്യം ദീനം ഉണ്ടായതു കവുങ്ങിനാണെന്നു ജനങ്ങൾ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. താളിയോലപ്പനക്കു ദീനം തെങ്ങിനോളവും കവുങ്ങിനോളവും അത്ര ധാരാളം ഇല്ല; എന്നാൽ താളിയോലപ്പനയിലും ചിലതിനു ഈ ദീനം ഉള്ളതായി ഞാൻ കണ്ടു. ഇതുപോലെ ഈന്തപ്പനയ്ക്കും ദീനം ചിലപ്പോൾ ഉണ്ടാകുന്നു. പനക്കു ഉണ്ടായതായി എന്റെ അറിവിൽ പെട്ടില്ല. മറ്റു ഉപവർഗ്ഗങ്ങളിൽ ലക്ഷണങ്ങളും ഒന്നുപോലെ ഇരിക്കുന്നു; അവയിലെല്ലാം ഉള്ള ദീനം ഒന്നുതന്നെ എന്നുള്ളതു നിസ്സംശയം തന്നെ.

ഈ വർഗ്ഗത്തിലെ വൃക്ഷങ്ങൾ പതുക്കെ ആയും ക്രമേണ ആയും ക്ഷയിക്കുന്നതായിട്ടാകുന്നു ലക്ഷണങ്ങൾ കാണുന്നതു; പടിഞ്ഞാറെ തീരത്തിൽ ഗോദാവരി ഡെൽട്ടായിലെ ശീഘ്രനാശകരം ആയ താലവർഗ്ഗ ദീനത്തിൽ നിന്നു ഇതു ഈ വിധം വളരെ ഭേദിച്ചിരിക്കുന്നു. രണ്ടു തരം ദീനങ്ങളുടേയും വളർച്ച ഒരേ ക്രമത്തിൽ ഇരിക്കുന്നില്ല. തടിയിൽ നിന്നു പശ വെളിയിൽ വരിക മുതലായ ചില ലക്ഷണങ്ങളും ചിലപ്പോൾ മാത്രമേ കാണുന്നുള്ളു.

ഒരു തെങ്ങിനു ദീനബാധയുണ്ടെന്നുള്ളതിലേക്കു സാധാരണം ആയി കാണുന്ന ആദ്യത്തെ ലക്ഷണം, തലയിൽ നിന്നു വെളിയിലെ ഓലകൾ പരന്നു വരുന്നതാകുന്നു. ഓലമടൽ കുറെ ബലഹീനവും പശിമ ഉള്ളതും ആയി തീരുകയും ഓലകളുടെ ഭാരത്താൽ അതു മുഴുവൻ തൂങ്ങിക്കിടക്കാൻ ഇടയാകയും ചെയ്യുന്നു. പിന്നീടു മടലുകളുടെ അററത്തുള്ള ചെറിയ ഓലകളുടെ അഗ്രങ്ങളും ബലഹീനം ആകയും ഏകദേശം ചൊവ്വായി തൂങ്ങിക്കിടക്കയും ചെയ്യുന്നു. പിന്നെ ഇവയുടെ നിറം മങ്ങിപ്പോകുന്നു. ഈ വിധം തൂങ്ങിക്കിടക്കലും നിറം മങ്ങലും മടലിന്റെ അഗ്രത്തിൽ നിന്നു പിറകോട്ടു മടൽ മുഴുവനും വ്യാപിക്കുന്നു. പിന്നീടു മടലുകളുടെ അററത്തിൽ ഉള്ള ചെറിയ ഓലകളുടെ അഗ്രങ്ങളും മഞ്ഞൾനിറം ആയിട്ടു പിന്നെ ഉണങ്ങിപ്പോകയും, അതുപോലെ മടൽ മുഴുവൻ മഞ്ഞൾ നിറമായിട്ടു പിന്നെ വാടിപ്പോകയും ചെയ്യുന്നു; മടൽ മുഴുവൻ മുകളിൽ നിന്നു ഉണങ്ങി, തടിയോടു ചേർത്തു തൂങ്ങി കിടക്കയും ചെയ്യുന്നു. മടലുകൾ വൃക്ഷങ്ങളിൽ ചേർന്നിരിക്കുന്നതായ ബന്ധം ദുർബ്ബലമായി തീരുന്നു; അതുകൊണ്ടു വെളിയിൽ കാണുന്ന നിറം പകർച്ച ഓലകളെ എളുപ്പം മുകളിൽനിന്നു എടുത്തുകളയാവുന്ന സ്ഥിതിയിൽ ഇരിക്കുന്നു. ഓരോന്നായിട്ടൊ, അനേകം ഒന്നായിട്ടൊ എല്ലാ മടലുകൾക്കും ഈ ബാധ വ്യാപിക്കുന്നു. മധ്യഗതസ്ഥിതികളും കാണാം; ചില തൈകളിൽ അനേകം മടലുകൾ ഒരേ പ്രായത്തിൽ ഇരിക്കയും ചിലതിനുമാത്രം മഞ്ഞൾനിറം ആകയും ചെയ്യുന്നു; ചില തെങ്ങുകളിൽ എല്ലാ മടലുകളും അററം ഒരുപോലെ നിറം പകർന്നു തൂങ്ങിക്കിടന്നിട്ടു പിന്നീടുമാത്രം ചിലതു വാടിത്തുടങ്ങുന്നു. ക്രമേണ, തെങ്ങിനു ബലക്ഷയം വരുന്നതിനോടു കൂടി, പിന്നീടു ഉണ്ടാകുന്ന പുതിയ മടലുകൾ മുമ്പിലത്തേതിനെക്കാൾ ചെറിയവയായിരിക്കുന്നു. ഈ മടലുകളുടെ കൂമ്പോലയായ മടലുകൾ വിടരുന്നതിനു മുമ്പു തന്നെ അവ ചെറിയവയായെ ഇരിക്കയുള്ളു എന്നു തെളിവാകുന്നു; വിടരാൻ പോകുന്ന പുതിയ മടൽ ചെറുതായും നിറം വിളറിയും ഇരിക്കുന്നു. പിന്നീടു അതു വാടിത്തുടങ്ങുന്നു; അതിന്റെ മുകൾഭാഗം തവിട്ടുനിറം ആകുന്നു. ഒടുവിൽ അതു തീരെ ഉണങ്ങി എന്നും വരാം. എന്നാൽ വളരെ കൊല്ലത്തേക്കു അങ്ങനെ ഭവിക്കയില്ല.

ആദ്യത്തെ [illegible] [illegible] തോന്നു[illegible] [illegible] തിവിനെക്കാൾ എണ്ണത്തിലും വലിപ്പത്തിലും കുറവായിരിക്കും. [illegible] ങ്ങിനെ, പ്രായേണ ചിരട്ടയും [illegible] ഭാഗത്തിൽ ഒന്നും കാണുന്നില്ല. എന്നാൽ [illegible] ബു ചുരുങ്ങിയും ശരിച്ചും ഇരിക്കുന്നു; [illegible] കരായിരിക്കുമെന്നാണു അവർ പറയുന്നതു; [illegible] ചിലപ്പോൾ വെള്ളം [illegible] ഒരു വിധം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. [illegible] എന്നാൽ [illegible] കൊള്ളുന്നതു [illegible] ചെയ്യുന്ന [illegible] ദീനം [illegible] വെള്ളയായിട്ടുതന്നെ വളരെ എളുപ്പം ഊരി വീണുപോകുന്നു. ദീനം കഠിനമായി ബാധിച്ചിട്ടില്ലെങ്കിൽ കൂമ്പുകൾ [illegible]രിക്കുന്നതുതന്നെ ഇല്ല; ചിലപ്പോൾ [illegible] മുമ്പുതന്നെ പൊഴിഞ്ഞു വീണുപോകുന്നു. ഇങ്ങനെ തേങ്ങ കായ്ക്കാതെ ആകുന്നു.

അരോഗമായ തെങ്ങുകളും രണ്ടു മാസത്തിലൊരിക്കൽ കുലയ്ക്കുന്നു. [illegible] ഉള്ള ഒന്നാന്തരം തെങ്ങുകളിൽ ഒരു ആണ്ടിൽ [illegible] കുല [illegible] ഉണ്ടാകുന്നു. [illegible] തോട്ടു [illegible] കിട്ടുന്ന തേങ്ങയുടെ എണ്ണം [illegible] വരെ ആയിരിക്കുന്നു. എന്നാൽ അവയുടെ ശരാശരി സംഖ്യ വളരെ കുറഞ്ഞിരിക്കുന്നു. [illegible] ങ്ങൾക്കു മുമ്പുവരെ ഒരു കലയിൽ ശരാശരി [illegible] തേങ്ങ വീതം കായ്ച്ചു വന്ന ഒരു നല്ല തെങ്ങു എന്നെ കാണിച്ചതുണ്ടു. ഇപ്പോൾ അതിനു ദീനം വന്നതുകൊണ്ടു [illegible] കൊല്ലം [illegible] തേങ്ങമാത്രമേ കായ്ച്ചുള്ളു.

തടിയുടെ അഗ്രഭാഗവും ഓലകളുടെ [illegible] ഭാഗവും, ദീനം വന്നു വളരെ നാളായിട്ടില്ലെങ്കിൽ, പട്ടുപോകുന്നതിനു മുമ്പേ ശരിയായ സ്ഥിതിയിൽ തന്നെ ഇരിക്കുന്നു; വളരെ നാളായിട്ടുണ്ടെങ്കിൽ മണ്ട ചീഞ്ഞുപോകുന്നു. ദീനം കഠിനമായി ബാധിച്ചിട്ടുള്ള തെങ്ങുകളിലും ഈ സ്ഥലങ്ങളിൽ, ദീനത്തിന്റെയോ അനാരോഗ്യത്തിന്റെയോ ലക്ഷണങ്ങൾ ഒന്നും [illegible]യിരിക്കയില്ല. ശേഷമുള്ള ഭാഗവും, അതായതു തടിയും, കാഴ്ചയിൽ അരോഗമായിട്ടുതന്നെ ഇരിക്കുന്നു. രോഗം ബാധിച്ചിട്ടുള്ള വൃക്ഷങ്ങളുടെ തടി, നല്ല വൃക്ഷങ്ങളുടെ തടിയെക്കാൾ ബലം കുറഞ്ഞതായിരിക്കുമെന്നു പറയുന്നു; അതിന്റെ [illegible] [illegible]കൊള്ളുന്നതായിരിക്കുമെന്നുമാത്രം നിശ്ചയമാകുന്നു. ദീനാരംഭത്തിൽ ചില വൃക്ഷങ്ങളുടെ പുറംപട്ട വെടിച്ചു, അതിൽകൂടി പശ ഒലിക്കുന്നു. ഇതു ഒരു സാധാരണ ലക്ഷണമല്ല; ചില പ്രത്യേക സംഗതികളിലേ കണ്ടിട്ടുള്ളു. എല്ലാ സ്ഥലങ്ങളിലും ഉള്ള തെങ്ങുകളിൽ ഉള്ളതുപോലെ, പുറന്തോലിന്മേൽ വിവർണ്ണങ്ങളായ ഭാഗങ്ങൾ അവിടവിടെയായി ഉണ്ടാകുന്നുണ്ടു; എന്നാൽ അവയ്ക്കു രോഗവുമായിട്ടു യാതൊരു സംബന്ധവുമില്ല; അവ കേവലം പുറന്തൊലിമേൽ ഉള്ളവ മാത്രമാകുന്നു. തടി കീറിയാൽ ഒരു വെളുത്ത നിറത്തിലുള്ള വൈവർണ്ണ്യം പ്രായേണ കാണുന്നുണ്ടു. ഇതു അരോഗങ്ങളായ വൃക്ഷങ്ങളിലെക്കാൾ രോഗബാധിതങ്ങളായ വൃക്ഷങ്ങളിൽ അധികം ദൃശ്യമായിരിക്കുന്നു. ഇതു വെട്ടിയ ഉടനെ കാണുന്നില്ല; അതിനു നിദാനം യാതൊരുവിധം ഇതിലും ഇല്ല. ഒരുവേള, [illegible]ജനകവായുവിന്റെ ([illegible]) പ്രവൃത്തികൊണ്ടു ഉണ്ടാകുന്നതായിരിക്കാം.

തടിമേൽ യാതൊരു വക ഇത്തിളും ഇല്ലാതിരിക്കുന്നതു ആശ്ചര്യമാകുന്നു. തിരുവിതാംകൂറിൽ കാണുന്ന തെങ്ങിലെ ദീനത്തോടു പല വിധത്തിലും സാദൃശ്യമുള്ള ഒരു ദീനം സിലോണിലെ തെങ്ങുകൾക്കു ഇയ്യിടെ ബാധിക്കയും അവ ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധക്കു വിഷയമാവുകയും ചെയ്തിരിക്കുന്നു. കമുകുകൾക്കു ഉണ്ടാകാറുള്ള "പൈനാപ്പിൾ ഡിസീസ്" എന്ന ദീനത്തിന്നു നിദാനം എന്നു പ്രസിദ്ധമായ 'തിലാവിയോപ്സിസ് എത്താസിറ്റിക്കസ്സ്' എന്ന ഒരു വക കുമിൾ ആണു അതിനു കാരണമായിട്ടുള്ളതെന്നു സിലോണിലെ ഗവർമ്മെന്റു കുമിൾശാസ്ത്രജ്ഞൻ (Mycologist) അഭിപ്രായപ്പെട്ടിരിക്കുന്നു. തിരുവിതാംകോട്ടിലും പരിശോധിച്ച സ്ഥലങ്ങളിലെല്ലാം, വെട്ടിയിട്ടുള്ള തെങ്ങു തടികളിൽ ഈ ദീനത്തിനു കാരണം, ആ കുമിളുകളായി[illegible] [illegible] അതായതു [illegible] ക്രമത്തിൽ [illegible]രിക്കാൻ വളരെ ഇടയുണ്ടെന്നു തോന്നത്തക്കവണ്ണം [illegible] തന്നെ കണ്ടിരിക്കുന്നു. എന്നാൽ പിന്നീടുള്ള പരിശോധനയാൽ അതു ശരിയല്ല എന്നു പ്രത്യക്ഷമായി. ഈ കുമിൾ, പൈനാപ്പിൾ രോഗത്തിനു കാരണമായവയോടു സംബന്ധിച്ചവയായ [illegible] തിലാവിയോപ്സിസ് ആകുന്നു. ഈ ദീനം പിടിക്കാ[illegible]ണെങ്കിലും ഒരു പ്രത്യേക ജാതിയിലുള്ള തിലാവിയോപ്സിസ്, ഇന്ത്യയിലുള്ള എല്ലാ, [illegible] വൃക്ഷങ്ങളിലും, ദീനം പിടിച്ചിട്ടുള്ള വൃക്ഷങ്ങളിലും, [illegible] തെങ്ങു, കമുങ്ങു, പന, ഈന്ത മുതലായ എല്ലാ [illegible] വൃക്ഷങ്ങളിലും ഉണ്ടാകുന്നു; അതു

മരങ്ങളിലും സാധാരണമായി മുളക്കുന്നു. അതു വേരിലും തടിയിലും മണ്ടയിലും വെട്ടപ്പെട്ട ഇടങ്ങളിലെല്ലാം കാണുന്നു; അതുകൂടാതെ തീരെ രോഗമില്ലാത്ത പാക്കുകളുടെ പിളപ്പുകളിലും ധാരാളം ഉണ്ടാകുന്നുണ്ടു. അതുകൊണ്ടു അതിന്റെ ബീജകോശങ്ങൾ ഒരു വക വൃക്ഷങ്ങളുടെ തടിപ്പുറത്തും അവയുണ്ടാകുന്ന പ്രദേശങ്ങളിലെ വായുമണ്ഡലത്തിലും ധാരാളമായി വ്യാപിച്ചിരിക്കുന്നു നിശ്ചയം തന്നെ. വളരെ വേഗത്തിൽ വർദ്ധിച്ചുവരുന്നതു ഒരു കുമിളിന്റെ സ്വഭാവമാണു. എന്നാൽ ദീനത്തിന്റെ വർദ്ധന വളരെ സാവധാനത്തിലാണുതാനും. അതിനാൽ ഈ കുമിൾ രോഗത്തിന്റെ ഒരു ഹേതുവല്ലെന്നു സ്ഥാപിക്കുന്നതിനു ഈ ഒരു സംഗതി ധാരാളം മതിയായിട്ടുള്ളതാകുന്നു. ഇതിലധികം പ്രബലമായ തെളിവുകളും ഭാഗ്യവശാൽ ലഭിച്ചിട്ടുണ്ടു. തെങ്ങു മുതലായ വൃക്ഷങ്ങൾക്കുള്ള ദീനങ്ങളിൽ പറയത്തക്ക ഒന്നും തന്നെ ഇല്ലാത്ത പൂസായിലെ പനകളിലും തെങ്ങുകളിലും ഈ കുമിൾ ഇതുപോലെ തന്നെ ധാരാളം ഉണ്ടാകുന്നു. അതു സിതപ്പെട്ടിൽ കമുങ്ങുകളിലും ഗോദാവരിയിൽ പനകളിലും തെങ്ങുകളിലും സിന്ധു ദേശത്തിൽ നിന്നു വരുന്ന തെങ്ങുകളിലും കൂടി കാണപ്പെട്ടിട്ടുണ്ടു. ഈ സ്ഥലങ്ങളിലെങ്ങും തന്നെ തിരുവിതാംകോട്ടിൽ ഉള്ളതുപോലെ ഉള്ള ദീനം ഇല്ല. ഇതുകൂടാതെ തിരുവിതാംകോട്ടിലെ ദീനംപിടിച്ച തെങ്ങുകളുടെ തടിയിൽ നിന്നു കഷണങ്ങൾ പഴുപ്പിച്ച കത്തികൊണ്ടു മുൻകരുതലുകളോടുകൂടി വെട്ടിയെടുത്തു വായുതട്ടാതെ വച്ചിരുന്നപ്പോൾ അവയിൽ ഒരു വക കുമിളുകളും ഉണ്ടായില്ല: എന്നാൽ തുറന്നുവച്ചപ്പോൾ അവയിൽ പ്രത്യക്ഷമായി ഡിപ്ലോഡിയ ബൊട്രിയോഡിപ്ലോഡിയ(?) വിയോപ്ലിസ് വളർന്നുതുടങ്ങി. ഈ കാരണങ്ങളാൽ സിലോണിലെ ദീനത്തിന്റെ കാരണം എന്തായിരുന്നാലും ഇപ്പോൾ അറിഞ്ഞിടത്തോളം താലവർഗ്ഗത്തിൽ ഉൾപ്പെട്ട വൃക്ഷങ്ങളിൽ ഉണ്ടാകുന്ന തിലാവിയോപ്ലിസ് ഇൻഡ്യയിൽ തീരെ നിർദ്ദോഷമായ ഒരു വക കുമിൾ ആകുന്നു. തിരുവിതാംകൂറിലെ തെങ്ങുകളുടെ രോഗത്തിനു ഹേതു ഈ കുമിൾ അല്ലെന്നുള്ളതു നിശ്ചയമാകുന്നു.

രോഗബാധിതങ്ങളായ വൃക്ഷങ്ങളുടെ ഓലകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കഴിഞ്ഞാൽ പിന്നെ വലുതായ ഭേദഗതികൾ ഉണ്ടാകുന്നതു അവയുടെ വേരുകളിലാകുന്നു. കടലോരങ്ങളിലെ മണൽ പ്രദേശങ്ങളിൽ ഉള്ള തെങ്ങുകളുടെ വേരുകൾക്കും താഴ്വരകളിലെ ആറ്റുവെപ്പുകളിൽ ഉള്ള തെങ്ങുകളുടെ വേരുകൾക്കും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു ആ രണ്ടു തരങ്ങളെയും പ്രത്യേകമായി വിവരിക്കാം.

കടലോരങ്ങളിലെ മണലുകളിലും കായലോരങ്ങളിലെ മണൽചേർന്ന ചെറു ഭൂമികളിലും തായ്‌വേരുകൾ കീഴോട്ടും വശങ്ങളിലെയ്ക്കും വളരെ ദൂരത്തേയ്ക്കു നീണ്ടുപോകുന്നു. ഇവയുടെ നീളത്തിൽ അധികഭാഗവും, അവ, ശാഖകൾ കൂടാതെ വിരലിന്റെ ആകൃതിയിൽ, ഒരു വക ചുവന്ന തൊലിയാൽ മൂടപ്പെട്ടു, മുക്കാലൊ അതിലധികമൊ ഇഞ്ച് വ്യാസത്തിൽ നിന്നു അര ഇഞ്ച് വരെ ക്രമേണ കുറഞ്ഞ വണ്ണത്തിൽ പ്രായേണ ഋജുഗതിയായി വളരുന്നു. അവ മുഖ്യമായി വൃക്ഷം വീണുപോകാതെ അതിനെ മണ്ണിൽ ഉറപ്പിക്കുന്ന വേരുകളാണെന്നാകുന്നു അവയുടെ ആകൃതി രചനക്രമത്തിൽ നിന്നു വിചാരിക്കേണ്ടതു. ഉരങ്ങളെ എടുക്കുന്ന ചെറു വേരുകൾ ആസ്വദിക്കുന്ന വെള്ളവും, ഉരവും ഇവയിൽകൂടി വേണം തടിയിലെത്തി വ്യാപിക്കാൻ; എന്നാൽ പോഷകസാധനങ്ങളെ സ്വീകരിക്കുന്ന കാര്യത്തിൽ ഇവയ്ക്കു തന്നെത്താൻ പ്രവൃത്തി ഉണ്ടായിരിക്കുന്നതു അസംഭാവ്യമാകുന്നു. ഈ തായ് വേരുകളിൽ നിന്നു ഇടക്കിടെയ്ക്കു വശത്തേക്കു പോകുന്ന വേരുകളും അവയിൽ നിന്നു ചെറു (ശാഖാ)വേരുകളും പൊടിക്കുന്നു. രണ്ടാമത്തേയും മൂന്നാമത്തേയും ശാഖകൾ ആയ വേരുകൾ വെളുത്തതും മൃദുവും ചെറുതും, പ്രധാനവേരുകളോളം ഒടിച്ചാൽ ഒടിയാത്തതും ആകുന്നു. അവ. മുളച്ചിട്ടുള്ള വേരിൽ നിന്നു ഒരല്പ ദൂരം മാത്രം പോകുന്നതായിക്കാണുന്നു. ഈ ചെറു വേരുകൾ ആകുന്നു വെള്ളവും പോഷകസാധനങ്ങളും സ്വീകരിക്കയും അപ്രകാരം വൃക്ഷത്തിന്റെ ജീവിതത്തിനു ഏറ്റവും പ്രധാനങ്ങളായ കൃത്യങ്ങളെ നിർവ്വഹിക്കയും ചെയ്യുന്നതു

മലവാരങ്ങളിൽ ഉള്ള ആറ്റുവെപ്പുകൾ ആയ ഭൂമികളിൽ വൃക്ഷങ്ങളുടെ വേരുകൾ മണൽ പ്രദേശങ്ങളിലുള്ളവയെപ്പോലെ നീളത്തിൽ വളരുന്നില്ല. പ്രധാനവേരുകൾ നീളം കുറഞ്ഞവയും അധികം ശാഖകളോടുകൂടിയവയും ഉറപ്പുള്ളവയും വണ്ണം കുറഞ്ഞവയും പിണപ്പും ഉള്ളവയും പ്രായേണ ആയിരിക്കുന്നു. ഭക്ഷണസാധനങ്ങളെ സ്വീകരിക്കുന്ന പാർശ്വവേരുകൾ മണൽപ്രദേശത്തിലേതിനെക്കാൾ അടുത്തടുത്തു പൊടിക്കയും അധികം നല്ലവണ്ണം വളരുകയും ചെയ്യുന്നു.

മണൽപ്രദേശങ്ങളിൽ പോഷക പദാർത്ഥങ്ങൾ കുറവായിരിക്കുന്നു. അതിനാൽ വൃക്ഷം ചാലിലും കഴിയുന്നിടത്തോളം ദൂരസ്ഥലങ്ങളിൽ നിന്നും അവയെ സമ്പാദിക്കുന്നതിനു ശ്രമിക്കുന്നു. കടലോരങ്ങളിലെ വൃക്ഷങ്ങൾക്കു നീണ്ട വേരുകൾ ഉണ്ടായിരിക്കുന്നതിനു ഇതാണു കാരണമെന്നുള്ളതിനു സംശയമില്ല. ഉൾപ്രദേശത്തു ചെരിവുകളിലുള്ള ഭൂമികൾ നേരെ മറിച്ചു മലകളിൽ നിന്നു നദികളിൽ കൊണ്ടുവരപ്പെടുന്ന ദ്രവിച്ചുള്ള വസ്തുക്കളുടെ ഫലമായ പോഷക സാധനങ്ങൾ നിറഞ്ഞിരിക്കുന്നതുകൊണ്ടു, തടിയുടെ ചുവട്ടിനു സമീപങ്ങളിൽ തന്നെ വേണ്ടിടത്തോളം ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടായിരിക്കുന്നു. അതുകൊണ്ടു വേരുകൾക്കു വളരെ ദൂരം കടന്നുപോകേണ്ട ആവശ്യം ഇല്ലാതെ അവ ഒരു ചുരുങ്ങിയ സ്ഥലത്തിനകത്തു കൂട്ടം കൂടുകയും ശാഖാപ്രതിശാഖകളായി പിരിയുകയും ചെയ്യുന്നു.

മണൽപ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ വേരുകൾക്കു വ്യാപ്തി അധികം ഉള്ളതിനാൽ, തൈത്തെങ്ങുകളുടെയല്ലാതെ, വളർന്ന വൃക്ഷങ്ങളുടെ ചുവടു മുഴുവൻ പരിശോധിക്കുക അസാദ്ധ്യമാകുന്നു. അതുകൊണ്ടു താഴെ പറയുന്ന വിവരണത്തിനു അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു മുഖ്യമായി പുലിമുട്ടുള്ള താഴ്ചയിലെ വൃക്ഷങ്ങളുടെ പരിശോധനയിൽ കണ്ട അവസ്ഥകളെയാകുന്നു. ആലപ്പുഴെ കടലോരത്തിലെ വൃക്ഷങ്ങളെ കഴിയുന്നിടത്തോളം പരിശോധിച്ചതിൽ അതിന്റെ ഫലം സാരമായ സംഗതികളിൽ വലിയ വ്യത്യാസമെന്നുമില്ലെന്നു കാണിക്കാൻ പര്യാപ്തമാകുന്നതാണു.

തൈത്തെങ്ങുകളിൽ, പ്രധാന വേരുകൾ തടിയുടെ ചുവട്ടിൽ വിസ്തരിക്കുന്ന എല്ലാ ഭാഗങ്ങളിലും നിന്നു എല്ലാംകൂടി കൂട്ടംകൂടി ഇടതൂർന്നു ഉണ്ടായിരിക്കും. എല്ലാ ദിക്കിലേക്കും പോകുന്ന ഓരോ പ്രധാന വേരുകളിലും അനവധി വശങ്ങളിലേക്കു പോകുന്ന വെളുത്ത വേരുകളും, വീണ്ടും അവയിൽ നിന്നും സൂക്ഷ്മതരമായ തരം ചെറുവേരുകളും മുളക്കുന്നു. രോഗം അധികം മുറ്റിയിട്ടുള്ളവയിൽ ഒഴികെ, രോഗബാധിതങ്ങളായ വൃക്ഷങ്ങളുടെ പ്രധാന വേരുകൾക്കു വികാരഭേദം ഒന്നും കാണുന്നില്ല. എന്നാൽ വശങ്ങളിലേക്കു പോകുന്ന വേരുകളിൽ അധിക ഭാഗവും കെട്ടുകാണുന്നു; ചിലതിൽ ഈ കേടു തായ്‌വേരുകൾ വരെയും തടിയുടെ മൂട്ടിനടുത്തും വ്യാപിച്ചിരിക്കുന്നു. ദീനം മുററിയുള്ള ചില വൃക്ഷങ്ങളുടെ തായ്‌വേരുകളിൽ പകുതിയും കേടു ബാധിച്ചിട്ടുള്ളതായി കാണുന്നു; എന്നാൽ ഇവയിൽ കേടു പറ്റിയിട്ടുള്ള ചെറു വേരുകളുടെ സംഖ്യ ഇതിലും വളരെ അധികമാകുന്നു. രോഗം ലഘുവായിട്ടുള്ള തെങ്ങുകളിൽ മൂന്നോ നാലോ തായ്‌വേരുകൾ മാത്രമേ കെട്ടുകാണുന്നുള്ളു; എന്നാൽ നല്ല തായ്‌വേരുകളിൽ മുളച്ചിട്ടുള്ളവയിലും ചെറു വേരുകളിൽ നൂറ്റിനു അമ്പതു വീതം കെട്ടിരിക്കുന്നു.

അതുകൊണ്ടു ഈ രോഗത്തിന്റെ മുഖ്യലക്ഷണങ്ങൾ ഓലകളിലും വേരുകളിലും കാണുന്ന ഭേദഗതികൾ ആകുന്നു. ഈ ഭാഗങ്ങളിൽ ഏതിലാണു ഇതിന്റെ ആദ്യത്തെ ഉത്ഭവം എന്നു വ്യക്തമായി അറിയേണ്ടതു ആവശ്യമാകുന്നു.

കുരുത്തോലകൾക്കു നിറപ്പകർച്ചയും ദൗർബല്യവും തട്ടുന്നതു ഇത്തിളുകളുടെ ആക്രമണം കൊണ്ടല്ല, ഓലയുടെ ഖണ്ഡങ്ങൾക്കു മഞ്ഞളിപ്പും ബലഹീനതയും ഉണ്ടാകുന്നു. അതു ഓലയുടെ എല്ലാ ഭാഗത്തും വ്യാപിച്ചിട്ടുള്ള പ്രകാരം അതിനു കാരണം അവിടേയുള്ള ഏതെങ്കിലും ഇത്തിളുകളുടെ ആക്രമണം ആകുന്നു എന്നു വിചാരിക്കാൻ ലക്ഷ്യം കാണുന്നില്ല. ഈ അവസ്ഥ വാട്ടം ഇല്ലായ്മയും വെള്ളമില്ലായ്മയും കൊണ്ടു ഉണ്ടാകുന്നതാകുന്നു. ഓലയുടെ അകം ഉണങ്ങുമ്പോൾ കമിളുകൾ ഉണ്ടാകുന്നതു സമയം തന്നെ; എന്നാൽ കമിൾ എല്ലായ്പോഴും പട്ടുപോയ എല്ലാ വൃക്ഷങ്ങളിലും ചെടികളിലും മുളക്കുന്നു. തെങ്ങോലകളിൽ കണ്ടവയെ പരിശോധിച്ചതിൽ അവ, പട്ടവൃക്ഷ സാധനങ്ങളെ ഭക്ഷിക്കുന്ന സാധാരണ വിധത്തിലുള്ളവയും നിർദ്ദോഷങ്ങളും ആയ കമിളുകളാണെന്നു കണ്ടിരിക്കുന്നു.

കമിളുകൾ എന്നു വിളിക്കപ്പെട്ടുവരുന്ന ചെറുചെടികൾ, അവയുടെ ഭക്ഷണപദാർത്ഥങ്ങൾ അനുസരിച്ചു രണ്ടു വിധത്തിലുണ്ടു; സാപ്രോഫൈററിസ് എന്നു പറയുന്ന വലിയവക കമിളുകൾ കെട്ടുപോയ (Organic matter) ജീവസാധനങ്ങളാൽ, മുഖ്യമായി സസ്യവർഗ്ഗങ്ങളാൽ, ജീവിക്കുന്നു. അവയ്ക്കു വളരുന്ന ചെടികൾ മുതലായ ജീവിസസ്യഭാഗങ്ങളിൽ നിന്നു പോഷക പദാർത്ഥങ്ങളെ ഗ്രഹിക്കുന്നതിനു കഴിയുന്നില്ല. പാരസൈറ്റ് (ഇത്തിൾ) എന്നു പേരായ രണ്ടാം വക കമിളുകൾ നേരെ മറിച്ചു, ജീവനുള്ള സസ്യഭാഗങ്ങളെ ആക്രമിച്ചു അവയിൽ നിന്നു പോഷണം ഗ്രഹിക്കുന്നവയും, അതിനാൽ സസ്യങ്ങളുടെ അനേകം ദീനങ്ങൾക്കു കാരണമായിട്ടുള്ളവയും ആകുന്നു.

ദീനം പിടിപെട്ടിട്ടുള്ള തെങ്ങുകളുടെ ഓലകളിൽ ദീനത്തിന് കാരണമെന്നു വിചാരിക്കത്തക്കവണ്ണം മതിയായ വിധത്തിൽ മുമ്പറഞ്ഞ ഇത്തിൾ സാധാരണമായി കണ്ടുവരുന്നില്ല. ഇത്തിൾ ഉള്ള പക്ഷം, അതു ഒരിടത്തോ, ചെറിയ ചെറിയ സ്ഥലങ്ങളിലായി പലടത്തുമോ ആദ്യമായി ദീനം പിടിച്ചു കാണുമെന്നായിരുന്നു നാം വിചാരിക്കേണ്ടതു; എന്നാൽ വാസ്തവത്തിൽ വളരെ ഓലകൾക്കു മഞ്ഞ നിറം ഉണ്ടാകയും അവയുടെ ഓലക്കാലും ക്രമേണ ഒടിഞ്ഞു വീഴുകയും ചെയ്യുന്നു.

വേരുകളിൽ കാണുന്ന സ്ഥിതി ഇപ്രകാരം അല്ല. വേരുകൾക്കു തടിച്ച ചുവരുകളുള്ള അറകളോടു കൂടിയ ഒരു തരം പുറന്തൊലി ഉണ്ടു; അതു അതിന്റെ രക്ഷക്കു ഉതകുന്നു. ഇതിനകമേ പല വണ്ണത്തിലുള്ള ഒരു തൊലി ഉണ്ടു; അതു അറകൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. അറകളുടെ ചുവരുകൾക്കു വണ്ണം അത്ര അധികമല്ല; അവ പുറമെ നിന്നു അടിയിലോട്ടു ചെല്ലുന്തോറും വല്ലതും പിടിച്ചിരിക്കാത്തതും ഘനം കുറഞ്ഞ ചുവരുകളോടു കൂടിയതുമായിത്തീരുന്നു. ഇതിനെ (Cortex) കോർട്ടെക്സ് എന്നു പറയുന്നു. കോർട്ടെക്സിനുള്ളിൽ, തടിച്ച ചുവരുകളോടു കൂടിയ അറകളുള്ള ഒരു സാധനം ഉണ്ടു; ഇതാകുന്നു വേരിന്റെ മദ്ധ്യത്തിലെ ബലമുള്ള കയറുപോലെയിരിക്കുന്ന വസ്തു. ഇതിന്റെ പേർ (Contral cylender) മദ്ധ്യനാളം എന്നാകുന്നു. ഈ ഒടുവിൽ പറഞ്ഞതിൽ കൂടിയാകുന്നു, വെള്ളവും പോഷക പദാർത്ഥങ്ങളും ഭൂമിയിൽ നിന്നു മുകളിലേക്കു കൊണ്ടുപോകുന്ന നരമ്പുകൾ പാഞ്ഞിരിക്കുന്നതു.

മുൻപറഞ്ഞ വിധം കേടു തട്ടിയിട്ടുള്ള വശത്തേക്കു പോകുന്ന വേരുകളിൽ ഒരുതരം ഇത്തിൾക്കുമിൾ ഉണ്ടാകുന്നു; ഈ ഇത്തിൾ മണ്ണിൽ നിന്നു കോർട്ടെക്സിലേക്കു കയറി അതിലെ അറകൾക്കകത്തും ഇടക്കും നിന്നു, അതിന്റെ ശരീരാവയവങ്ങളായ നൂലുകളെ വളർത്തുന്നു. ഒരു വേരിൽ ഈ ഇത്തിൾ പിടിക്കുമ്പോൾ, കോർട്ടെക്സിലുള്ള അറകളിൽ ആ ഇത്തിളിന്റെ നൂലുകൾ എത്തിയ ഉടനെ ആ അറകൾ പട്ടുപോകുന്നു; അവ വേഗം തവിട്ടു നിറത്തിലായി ഉടനെ ചത്തുപോകുന്നു. ഇതു അകന്തൊലികളിലുള്ള കട്ടി കുറഞ്ഞ ചുവരുകളോടു കൂടിയ വലിയ അറകളുടെ കാര്യത്തിലാണ പ്രത്യേകമായി കാണുന്നതു; ദീനം മുറ്റുമ്പോൾ വേരു മുഴുവനും കറുത്തും വാടിയും കാണുന്നു; ഇങ്ങനെ ആകുന്നതു അതിന്റെ അറകളിൽ പലതും പട്ടുപോയതുകൊണ്ടാകുന്നു; അതിനു പിന്നെ പോഷക സാധനങ്ങളെ സ്വീകരിക്കാൻ ശക്തിയില്ലെന്നു സ്പഷ്ടമാകുന്നു; ഉടനെ വേഗത്തിൽ ചീഞ്ഞു തുടങ്ങുകയും ചെയ്യുന്നു.

ഇത്തിളുകളുടെ നൂലുകൾ രണ്ടുവിധമാകുന്നു. പ്രായം കൂടിയ നൂലുകൾ കടുംതവിട്ടു നിറവും മറ്റതിനെക്കാൾ വലുപ്പവും ഉള്ളവയാകുന്നു. അവയിൽ നിന്നു ചെറിയ നിറമില്ലാത്ത ശാഖകൾ ഉത്ഭവിക്കുന്നു. കുറുകെയുള്ള ചുവരുകളാൽ എല്ലാം ഖണ്ഡങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. പ്രായമാകുമ്പോൾ ഈ തവിട്ടു നിറത്തിലുള്ള നൂലുകളുടെ കൂട്ടം എല്ലാംകൂടി തിങ്ങിച്ചേരുകയും പലപ്പോഴും പലതായി തിരിയുകയും അപ്രകാരം ഒരു തവിട്ടു നിറത്തിലുള്ള ഇത്തിൾത്തൊലികൾ ഉണ്ടാകയും ചെയ്യുന്നു. കുറേക്കൂടി കഴിയുമ്പോൾ, ഇതിൽ പുറന്തൊലികൾക്കകമെ ബീജകോശങ്ങൾ വളരുകയും, അവ പുറന്തൊലിയെ പിളർന്നു മുളകളെ പുറത്തേക്കു പുറപ്പെടുവിക്കയും ചെയ്യുന്നു. ബീജകോശങ്ങൾ ചെറുപ്പത്തിൽ മുട്ടയുടെ ആകൃതിയിൽ കുറെ വലിപ്പമുള്ളവയും, ഒരു നിറവും ഇല്ലാത്തവയും ഒറ്റയും ആയിരിക്കുന്നു; എന്നാൽ വളരുമ്പോൾ രണ്ടു അറകളായി ഭാഗിക്കപ്പെട്ടു കടുംതവിട്ടുനിറമുള്ളതായിരിക്കുന്നു. അതു ബോട്രിയോഡിപ്ലോഡിയാ (Batrodeplodia) എന്ന വർഗ്ഗത്തിലുൾപ്പെട്ടതാകുന്നു. ഈ വർഗ്ഗത്തിൽ പല ഇത്തിൾക്കുമിളുകളും ഉണ്ടു.

ഈയിടെ തന്നെ വെസ്റ്റ്ഇൻഡിസിലെ കൃഷിസംബന്ധമായ ഇമ്പീരിയൽ ഡിപ്പാർട്ടുമെണ്ടിലെ മൈക്കോളജിസ്റ്റ് മിസ്റ്റർ എഫ്. എ. സ്റ്റോക്ക്ഡെൽ ഇതുപോലെയുള്ള ഒരുവേള ഈ വർഗ്ഗംതന്നെയായ, ഒരുവക ഇത്തിളുകളെ ട്രിനിഡാഡിലെ തെങ്ങുകൾക്കുണ്ടായിട്ടുള്ള വലിയ രോഗത്തിനു കാരണമായി വിവരിച്ചിട്ടുണ്ടു. ഈ രോഗത്തിന്റെ ലക്ഷണങ്ങൾ ആകപ്പാടെ മുൻ വിവരിച്ചതിനോടു സാദൃശ്യമുള്ളവയാകുന്നു. രണ്ടും ഒന്നുതന്നെ ആയിരിക്കാൻ ഇടയുള്ളതായി തോന്നുകയും ചെയ്യുന്നു

തിരുവിതാംകോട്ടിലാകട്ടെ ട്രിനിഡാഡിലാകട്ടെ ഈ രോഗത്തിനുള്ള കാരണം ബോട്രിയാഡിപ്ലോഡിയാ ആകുന്നു എന്നുള്ളതിനു തീർച്ചയായ തെളിവില്ല. രണ്ടാമത്തേതിന്റെ ശാസ്ത്രീയമായ വിവരണം പ്രസിദ്ധപ്പെടുത്തിട്ടില്ല. അതുകൊണ്ടു ഇവ രണ്ടും ഒന്നുതന്നെയോ എന്നുകൂടി നിശ്ചയമില്ല. ഈ കുമിളിന്റെ ബീജങ്ങൾ തെങ്ങിന്റെ വേരുകളിൽ അല്ല മടലിന്റെ മു

ടിൽ മാത്രം കാണപ്പെടുന്നു എന്നു മിസ്റ്റർ ബ്ലാക്‌വേലിന്റെ റിപ്പോർട്ടിൽ നിന്നു കാണാവുന്ന താകുന്നു. എന്നാൽ വേരുകൾ നശിച്ചുപോകുന്നതു രോഗമായിട്ടു കാണപ്പെട്ടിരുന്നതായും കമുകിന്റെ ചുവട്ടിലുള്ളതിനോടു ഏകദേശം സാദൃശ്യമുള്ളവയും ആയ ഒരു കുമിൾ കാണപ്പെട്ടിരുന്നതായും അദ്ദേഹം പറഞ്ഞിരിക്കുന്നു. തിരുവിതാംകോട്ടിൽ പഴുത്തിയായിട്ടുള്ളവ ബോട്രിയോഡിപ്ലോഡിയാ വേരുകളിൽ കാണപ്പെടുന്നു. എന്നാൽ കമുങ്ങിന്റെയും തെങ്ങിന്റെയും ദീനം പിടിച്ച വേരുകളിൽ കിട്ടുന്നതു. ഇതിന്റെ ബീജങ്ങൾ സാമാന്യവർത്തിക ഗുണങ്ങളോടുകൂടി കിടക്കുന്ന വേരുകളിൽ കാണപ്പെടുന്നില്ലാ. എന്നാൽ ദീനം പിടിച്ച വേരുകൾ മുറിച്ചുവെച്ചു കുറെ കാലം വച്ചിരുന്നതിന്റെ ശേഷം ആ വേരുകളിൽ വളർന്നു വരികയും ചെയ്യുന്നു. പുതുതായി വെട്ടിയെടുത്ത വേരുകളിൽ ഈ ബീജകോശങ്ങളുടെ പ്രഥമദശയിലുള്ള രൂപം മാത്രമേ കാണപ്പെടുന്നുള്ളു. വേരുകൾ കെട്ടുള്ള തവിട്ടുനിറമായ നാരുകൾ ഈ സംഗതികളിൽ പാകം വരാത്തതും പക്വതയുള്ള ബീജകോശങ്ങളോടുകൂടി സംയോജിപ്പിക്കുന്നു. രോഗം പിടിച്ച വേരുകളുടെ നാരുകൾ ബോട്രിയോഡിപ്ലോഡിയാ എന്ന ഇനത്തിൽ ചേർന്നവയാണെന്നുള്ളതിനു സംശയമില്ലാ.

രോഗത്തിനു കാരണം ഈ കുമിളാകുന്നു എന്നുള്ളതിനു ശാസ്ത്രീയമായ ലക്ഷ്യം ലഭിക്കണമെങ്കിൽ രോഗമില്ലാത്ത വൃക്ഷങ്ങളുടെ വേരുകളിൽ ഈ കുമിളിന്റെ ബീജത്തെ കുത്തി ഇറക്കി ഈ രോഗത്തെ ജനിപ്പിച്ചു നോക്കി വേണ്ടിയിരിക്കുന്നു. ഇപ്രകാരം ചെയ്യുന്നതിനു എനിക്കു ലഭ്യമായ സമയത്തിൽ കഴിഞ്ഞില്ലാ. ഇതിലേക്കു ഈ കുമിളിനെ വേർതിരിച്ചു വളർത്തുന്നതിനും ഉള്ള സൌകര്യങ്ങളും ആവശ്യപ്പെടും. ഈ സൌകര്യങ്ങളും തിരുവിതാംകോട്ടിൽ അലഭ്യങ്ങളായിരുന്നു. അതുകൊണ്ടു തെറ്റിപ്പോകാത്ത വിധത്തിൽ ഇപ്പോൾ പറയാവുന്നതെല്ലാംകൂടി രോഗം പിടിച്ച തെങ്ങുകളുടെ വേരുകൾ ഒരു കുമിൾ രൂപമായ ഇനത്തിൽ പിടിച്ച അഴുകിപ്പോകുന്നു എന്നും ഈ കുമിൾ ഒരു വിധം ബോട്രിയോഡിപ്ലോഡിയാ ആണെന്നും ഇതിനാൽ വേരിനു പറ്റുന്ന അഴുകൽ തെങ്ങിൻതോപ്പുകളെ ഇപ്പോൾ നശിപ്പിക്കുന്നതായ രോഗത്തെ ഉളവാക്കുവാൻ മതിയാകുമെന്നും മാത്രമാകുന്നു.

വേരുകൾക്കു ഈ വിധമായി ഇനത്തിൽ പിടിക്കുന്നതിന്റെ ഫലം എന്തായിരിക്കുമെന്നുള്ളതു രോഗമില്ലാത്ത വേരുകൾ ചെയ്യേണ്ടതായ പണി ഇന്നതാണെന്നു നാം ആലോചിക്കുമ്പോൾ വ്യക്തമാകും. രോഗപീഡിതമല്ലാത്ത വളർച്ചയുള്ള ഒരു വൃക്ഷത്തിനു വായുവിൽനിന്നു കാർബൊനു ഡയാക്സയിഡ് എന്ന അംശവും ഓക്സിജൻ എന്ന അംശവും മണ്ണിൽ നിന്നു ഉപ്പുകൾ കലർന്നിട്ടുള്ള ജലവും ആവശ്യമാകുന്നു. ഈ ജലം ഇലകൾവരെ ചെന്നു എത്തുന്നതുവരെ വൃക്ഷത്തിനു ഉപയോഗമില്ലാത്തവയാകുന്നു. ഇലയിൽ ചെന്നു എത്തുമ്പോൾ അവയുടെ ആഹാരമായി പരിണമിക്കുന്നു. ഇക്കാര്യത്തിലേക്കു ഉപ്പു കലർന്നിട്ടുള്ളതായ ജലത്തിന്റെ ഒരു നിയതമായ ഒഴുക്കു വേരുകളുടേയും ഇലകളുടേയും നടുക്കായി സദാ വേണ്ടതായിരിക്കുന്നു. അഗ്രത്തിൽ ആവശ്യത്തിലധികം കൂടിയിരിക്കുന്ന വെള്ളം ആവിയായി അന്തരീക്ഷ വായുവിൽ ചേരുന്നു. ഉപ്പുകളെ ഇലകളിലേക്കു കൊണ്ടുപോകുന്നതായ ജലത്തിന്റെ ഉപയോഗത്തിനു പുറമെ വൃക്ഷത്തിന്റെ ശരീരത്തിനു അകത്തുള്ള അനേകം വേണ്ട പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നതിനു ആ വൃക്ഷശരീരത്തിന്റെ ഓരോ ഭാഗത്തിലും ധാരാളം ജലം ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സസ്യത്തിനാവശ്യമുള്ള ജലമെല്ലാം അതിന്റെ വേരുകൾ വഴിയായി ഗ്രഹിക്കപ്പെടുന്നു. ഈ പ്രവൃത്തിയെ ചെയ്യുന്ന വേരുകൾ പ്രധാനമായിട്ടായി വേരുകളല്ലാ. അധികം സൂക്ഷ്മമായ ചെറിയ ശാഖാവേരുകളാകുന്നു. മേൽപ്പറഞ്ഞതുപോലെ ഇവയാണ് അധികവും രോഗം പിടിച്ച വൃക്ഷങ്ങളിൽ ചീത്തയായിപ്പോയതായി കാണപ്പെടുന്നതു. തന്നിമിത്തം ജലസ്വീകരണം കുറഞ്ഞിരിക്കുന്നു. തെങ്ങുകൾപോലെയുള്ള വൃക്ഷത്തിൽ ഇതിന്റെ ഫലങ്ങൾ തായ്ത്തടിയിൽ പ്രകൃത്യാ പ്രത്യക്ഷപ്പെടുന്നില്ലാ; എന്നാൽ അതു ഓലകളിൽ കാണപ്പെടുന്നു. ഇതു നിമിത്തമാകുന്നു ഓലകൾ വാടി വീഴുന്നതായും മടലുകൾ തൊട്ടാൽ പതുങ്ങുന്നവയായും ബലം കുറഞ്ഞവയായും കാണപ്പെടുന്നതു. ഇതു നിമിത്തം മടലുകൾ തെങ്ങിന്റെ മണ്ടയിൽ നിന്നു മടങ്ങിപ്പോകുന്നു. ഇതേ കാലത്തു തന്നെ ഓലയ്ക്കും ധാരാളം ആഹാരമില്ലാത്തതുകൊണ്ടു നിറം പകർച്ചയായി തീരുന്നു. ഈ രോഗത്തിന്റെ അത്യന്തം വ്യക്തമായ ലക്ഷണമാകുന്ന മണ്ടയിലെ മഞ്ഞളിപ്പു, വെള്ളമില്ലായ്മയും മതിയാകുംവണ്ണം ആഹാരമില്ലായ്മയും കൂടിച്ചേർന്നിട്ടുള്ള ഫലമാകുന്നു. അതുകൊണ്ടാകുന്നു വലിയമഴപെയ്തു കഴിയുമ്പോൾ രോഗനിവൃത്തിയുണ്ടായതായി പലപ്പോഴും തോന്നുന്നതെന്നു വരികിലും ഈ രോഗനിവൃത്തി തൽക്കാലം വെള്ളം ധാരാളം കിട്ടിയതുകൊണ്ടു മാത്രം ജനിച്ചതുകൊണ്ടു, ഈ ഗുണഫലം വന്ന വിധത്തിൽ തന്നെ വേഗത്തിൽ മാറിയുംപോകുന്നു.

ഒരു വൃക്ഷത്തിനു കായ്ഫലം ഉണ്ടാകുന്ന കാലം അതിന്റെ ശക്തികൾക്ക ഭാരാവഹവും കൂടുതലുമായ ശ്രമത്തെ ഉണ്ടാക്കുന്നു. ഇതു ആഹാരസാധനം ധാരാളം കിട്ടുന്ന വിഷയത്തിൽ പ്രധാനമായി കാണപ്പെടുന്നു. അതുകൊണ്ടു വൃക്ഷത്തിനു ആഹാരത്തെ അകത്തു ചെലുത്തുന്നതായ യന്ത്രശക്തി രോഗമില്ലാത്ത സ്ഥിതിയിൽ ഇതന്നുഷ്ഠല്ലാതെ അതിലെ കാര്യം ശരിയായി വരുന്നു വരികയില്ല. ആഹാരസാധനം ധാരാളമില്ലാത്ത ഒന്നോ രണ്ടോ കാലങ്ങൾക്ക ഓരോ വൃക്ഷത്തിനുള്ളതായ ദേഹശക്തി പൊടിക്കുന്ന കാക്കളിൽ ഏതാനും എണ്ണങ്ങളെ പഴുപ്പിക്കുന്നതിനു മതിയാകുമായിരിക്കും. എന്നാൽ ഇതു നിമിത്തം ആ വൃക്ഷത്തിന്റെ മൂലശക്തി ചെലവായിപ്പോകുന്നു. ഇതു വാസ്തവത്തിൽ അതിന്റെ ക്ഷയത്തെ ത്വരിപ്പെടുത്തുന്നു. പിന്നീടുള്ള കാലത്തിൽ കായായിപ്പരിണമിക്കുന്നതിനു കൂടി ആഹാരം മതിയാകാതെയായി ഭവിക്കയും വൃക്ഷം കായ്ഫലം ഇല്ലാത്തതായി തീരുകയും ചെയ്യുന്നു. ഇതാകുന്നു തെങ്ങിന്റെ രോഗത്തിൽ വാസ്തവത്തിൽ സംഭവിക്കുന്ന കഥ. ഇതു ഓരോ കുലയിലും നാളികേരങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായിട്ടു ആദ്യം വെളിവാകുന്നു. പിന്നീടുള്ള ദശയിൽ തേങ്ങ പഴുക്കും മുമ്പെ വാടി വീഴുന്നു. ഒടുവിൽ തേങ്ങകൾ തീരെ ഉണ്ടാകാതെ ആകുന്നു.

ഓലകളുടെ ശരിയായ പണി ആഹാരത്തെ രുചിപ്പിക്കുകയാകുന്നു. ഈ പണിയെ ചെയ്യുന്നതിനു അസംഖ്യം ഓലകൾ ആവശ്യങ്ങളായി ഭവിക്കുമ്പോൾ അതിന്റെ തല വളച്ചു കുറഞ്ഞതായി ഭവിക്കുന്നു. കുരുത്തിലെ വികസിക്കാത്ത ഓലകൾ മഞ്ഞൾ നിറമായി ഭവിച്ചു അവയിടെ നുനികൾ ഒണങ്ങിപ്പോകുന്നു. ഈ വാട്ടൽ പിന്നോക്കം പോകുന്തോറും ഓലകളുടെ കൂമ്പു തന്നെയും വാടിപ്പോകുന്നു. ഈ വിധമായിട്ടുള്ള അവസാനം അനേക കൊല്ലം കാലം കൊണ്ടും ഭവിക്കയില്ല. ആലപ്പുഴയെപ്പോലെയുള്ള സ്ഥലങ്ങളിൽ വളരെ കൊല്ലം കാലമായി ഈ ദീനം ഉണ്ടായിരിക്കുന്നു. എങ്കിലും അവിടെ വൃക്ഷങ്ങൾ തീരെ പട്ടുപോയതായി കാണുന്നില്ല.

എല്ലാ വയസ്സിലുമുള്ള തെങ്ങുകൾക്കും ഈ ദീനം പിടിക്കുന്നു. മീനച്ചലിൽ ഒന്നു രണ്ടു കൊല്ലം വയസ്സുള്ള അനേകം തൈകൾ ഈ രോഗം പിടിപെട്ടവയായി കണ്ടിരിക്കുന്നു. അധികം വയസ്സായ വൃക്ഷങ്ങൾ അത്യന്തം ദീർഘകാലത്തേയ്ക്കു ഈ രോഗം പിടിപെടാതെ കിടക്കുന്നു. അതു അവയുടെ വേരുകൾ അധികം വിസ്താരമായ സ്ഥലത്ത വ്യാപിച്ചിരിക്കുന്നതുകൊണ്ടായിരിക്കാം; എന്നു വരികിലും നിശ്ചയമായും ഈ രോഗം പിടിപെട്ടിട്ടുള്ളതായി നൂറു വയസ്സു പ്രായമുള്ള ഏതാനും വൃക്ഷങ്ങളെ ഞാൻ കണ്ടു.

ഈ രോഗത്തിന്റെ ആധിക്യം പല സ്ഥലങ്ങളിൽ പല വിധമായിരിക്കുന്നു. മീനച്ചിലിനു ചുറ്റും ഉള്ള പർവ്വതപ്രാന്തമായ പ്രദേശത്തു ഈ രോഗം പലപ്പോഴും തെങ്ങിനെ നശിപ്പിച്ചു അവസാനിക്കുന്നുള്ളു. ആലപ്പുഴയിലും ചങ്ങനാശേരിയിലും ഈ രോഗത്താൽ തെങ്ങു പട്ടുപോകുന്നതു അപൂർവ്വമാകുന്നു. ആലപ്പുഴയിൽ ഈ രോഗം ആദ്യമായി കമുങ്ങുകൾക്ക തുടങ്ങി പിന്നീടു തെങ്ങുകൾക്ക വ്യാപിച്ചു. ഇതു വളരെ വേഗത്തിൽ വ്യാപിക്കുന്നു. മീനച്ചലാറിന്റെ കരയിലുള്ള താന്നവയും വെള്ളം തീരെ വറ്റാത്തവയും ആയ ഭൂമികളിൽ ഈ രോഗം അത്യന്തം ക്രൂരമായിരിക്കുന്നു. ക്രമേണ മലയരികുകളിലുള്ള പറമ്പുകളിൽ ദീനം തുടങ്ങി. ഇപ്പോഴാകട്ടെ ഈരാറ്റുപേട്ടക്കും പൂഞ്ഞാറിനും നടുക്കായി ഈ ദീനം പിടിപെട്ടിട്ടില്ലാത്ത തോട്ടം ഒന്നും തന്നെ ഇല്ല. മാറു താലൂക്കുകളിലേക്കാൾ കമുങ്ങുകളിൽ ഈ ദീനം അധികം വേഗത്തിൽ വ്യാപിച്ചു അവസാനിക്കുന്നു. ഇതു അനേകം കാരണങ്ങൾ നിമിത്തം ഭവിക്കുന്നതായിരിക്കാം. ആദ്യമായി തന്നെ കമുങ്ങുതോട്ടങ്ങളിൽ അതിനു വേണ്ട കൃഷി നടത്തുക എന്നുള്ളതെ ഇല്ല. പാക്കുകൾ താഴെ വീണു നിരുപയോഗങ്ങളായ കളകൾ തെരുങ്ങി വളരുന്നതിനിടയിൽ കൂടി സ്വയം മുളച്ചുണ്ടാകുന്നു. അവയുടെ വളർച്ചയിൽ യാതൊരു ദശയിലെങ്കിലും കൃഷിക്കാർ അവയെ ശ്രദ്ധിക്കാറില്ല. ഈ കമുങ്ങുകൾ ഒരു ഏക്കർ സ്ഥലത്തിൽ ൫൦൦ മുതൽ ൧൫൦൦ വരെയായി തെരുങ്ങി നിൽക്കുന്നു. അവ തെങ്ങുകളെക്കാൾ ചെറുതും ബലം കുറഞ്ഞതും ആകുന്നു. ഈ സംഗതികൾ എല്ലാം ഈ രോഗത്തെ അനുകൂലിക്കുന്നു. രോഗം ഒരേടത്തു ജനിച്ചാൽ വേഗത്തിൽ പരക്കുന്നു. ഞാൻ നോക്കിയ ഒരു പറമ്പിൽ ൧൨൦൦ കമുകുകൾ നിന്നിരുന്നതിൽ ൩൦ എണ്ണം മാത്രമെ ഇപ്പോൾ നിൽക്കുന്നുള്ളു. ദീനം ആരംഭിച്ചു ൩ കൊല്ലങ്ങൾക്കകം ഇതു ഭവിക്കുന്നതായി കണ്ടിട്ടുണ്ടു. എന്നാൽ സാധാരണ കാലം ൫ കൊല്ലമൊ ൬ കൊല്ലമൊ ആകുന്നു.

തെങ്ങുകളെ ഈ ദീനം ൭ കൊല്ലങ്ങൾകൊണ്ടു നശിപ്പിക്കും. എന്നാൽ ഇങ്ങനെ ത വ്യത്യസ്തസംഗതിയാകുന്നു. അധികം സാധാരണമായ കാലം എട്ടോ പത്തോ കൊല്ലമാകുന്നു. അസംഖ്യം സംഗതികളിൽ ഈ രോഗം തെങ്ങിന്നു ഫലമില്ലാതാക്കി തീർക്കുകയും വർദ്ധിക്കുന്നുണ്ടു. എന്നാൽ ആ വൃക്ഷത്തെ തീരെ നശിപ്പിക്കാൻ ശക്തമാകുന്നില്ല. ഒരു വലിയ പറമ്പിൽ ൨൦൦൦ എണ്ണത്തോളം തെങ്ങുകൾ നിൽക്കുന്നതിൽ ൨൦൦ തെങ്ങുകൾ മാത്രമെ ഒരു വകഫലമുള്ളവയായിരുന്നുള്ളു. എന്നാൽ തീരെ പട്ടുപോയവയുടെ എണ്ണം അധികം ഇല്ല. കമുങ്ങുകൾക്കൊ തെങ്ങുകൾക്കൊ ഒരിക്കൽ ദീനം പിടിപെട്ടാൽ മീനച്ചലിൽ ആ ദീനം മാറിയതായി അറിഞ്ഞിട്ടില്ല.

ആലപ്പുഴെ കടൽവാരത്തിനടുത്തു വച്ച ചുരുക്കം എണ്ണം തെങ്ങുകൾ മാത്രമെ നശിച്ചിട്ടുള്ളു. ഇവിടെ തുടർച്ചയായി ൨൫ ഏക്കർ വിസ്താരം സ്ഥലത്തിനു ഈ ദീനം വ്യാപിച്ചിട്ടുണ്ടു. ഇതിൽ ചിലഭാഗത്തു ചില കുടിയാനവന്മാരുടെ വകയായി ൨൦൦൦ എഴുപതൊ എൺപതൊ വീതം എണ്ണം ദീനം പിടിപെട്ടവയായിരിക്കുന്നു. ഇവിടെ ആദ്യമായി രോഗം പിടിച്ചതു തെങ്ങുകൾക്കാകുന്നു. എണ്ണത്തിൽ ഇത്രത്തോളം അധികം ഇല്ലാത്ത കമുങ്ങുകൾക്കു രോഗം പിന്നീടു വ്യാപിച്ചു. പത്തുകൊല്ലത്തിലധികം കാലം ദീനം പിടിച്ചിരുന്നിട്ടും തീരെ പട്ടുപോകാത്തതായി അനേകം തെങ്ങുകളെ കുടികൾ എന്നെ കാണിച്ചു. രോഗത്തിൽ നിന്നും നിവൃത്തിക്കുന്ന കഥയെക്കുറിച്ചു അഭിപ്രായങ്ങൾ പരസ്പര വിരുദ്ധങ്ങളായിരിക്കുന്നു. ചില സംഗതികളിൽ അഞ്ചോ ആറോ കൊല്ലം കാലംകൊണ്ടു ഈ രോഗം ക്രമേണ നിവൃത്തിച്ചതായും കേൾക്കുന്നു. ഈ വിധം കണ്ട നിവൃത്തി താൽക്കാലികമാണെന്നും ഈ രോഗ ബാധയിൽ നിന്നു തീരെ നിവൃത്തിക്കാൻ ഒരു തെങ്ങും ശക്തമായിട്ടില്ലെന്നും മറ്റു ചിലർ പറയുന്നു. ചങ്ങനാശ്ശേരിയിൽ കായലിനടുത്തു പ്രദേശങ്ങളിൽ ഈ ദീനം മീനച്ചലിനെ അപേക്ഷിച്ചു ഉഗ്രത കുറഞ്ഞതായിരിക്കുന്നു. തെങ്ങു തീരെ പട്ടുപോയതു അപൂർവം തന്നെ. ഓരോ പറമ്പിലും വിളവ് നേരപകുതിയിൽ കുറവായിരിക്കുന്നു. ഒരാൾ തെങ്ങുകളുടെ ചുവട്ടിൽ കുമ്മായമിട്ടു നോക്കി, താൽക്കാലിക ശമനം കിട്ടി. ഈ രോഗശമനം രണ്ടു കൊല്ലം കാലത്തേക്ക മാത്രമെ നിന്നുള്ളു. പിന്നീടും വിളവിന്റെ കുറവു കണ്ടു. മീനച്ചലിൽ എന്നപോലെ ഇവിടെയും താന്ന പ്രദേശങ്ങളിലാണ രോഗബാധ അത്യന്തം ഉഗ്രമായിരിക്കുന്നതു. ഉയൎന്ന പ്രദേശങ്ങളിലുള്ള പറമ്പുകളിൽ രോഗം ഇല്ലന്നില്ല. മണൽതറയിൽ ഈരോഗത്തിന്റെ വളർച്ചകൾ വെട്ടുകൽതറയിലേക്കാൾ അധികം മന്ദം ആകുന്നു. അറുവെപ്പായ മലയിട്ടങ്കളിലും അധികം കൽപ്രദേശമല്ലാത്ത പൎവതപ്രാന്തത്തിനടുത്തുള്ള പ്രദേശങ്ങളിലു ഈ ദീനം അത്യന്തം ഉഗ്രമായിരിക്കുന്നു എന്നു മേൽ പറഞ്ഞ വിവരണം കാണിക്കുന്നു. കായലുകൾക്കു അടുത്തുള്ള പ്രദേശങ്ങളിൽ ഈ രോഗം അധികം വിസ്താരമായി വ്യാപിച്ചിരിക്കുന്നു. എന്നാൽ ഉഗ്രത കുറയും. അധികം കല്ലുറയല്ലാത്ത മലഞ്ചരിവുകളിലും വെള്ളം വറാത്ത കുഴിയായ പ്രദേശങ്ങളിലും ഇതു അത്യന്തം ഉഗ്രമായിരിക്കുന്നു. സമുദ്രതീരത്തുള്ള മണൽ പ്രദേശത്തു ഈ ദീനം അത്യന്തം ഉഗ്രത കുറഞ്ഞതായിരിക്കുന്നു.

ഇതു ആദ്യകാലത്തു രോഗം ബാധിച്ചതായ ഒരു സ്ഥലത്താ ഏതാനും സ്ഥലങ്ങളിലൊ നിന്നു വ്യാപിച്ചു തുടങ്ങിയിരിക്കണം. ഇതു ആദ്യമായി കണ്ടതു മീനച്ചിൽ താലൂക്കിൽ ആണെന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു. ഈ താലൂക്കിൽ ഈരാറ്റുപേട്ടയിൽ നിന്നു പടിഞ്ഞാറോട്ടു തുടർച്ചയായി ഇതു പരന്നിരിക്കുന്നു. ഇതേകാലത്തുതന്നെ ആലപ്പുഴപോലുള്ള മറ്റു ദൂരസ്ഥലങ്ങൾ ആയ സ്ഥലങ്ങളിലും ദീനം തുടങ്ങി. ഈ രോഗം പകരുന്നതാണൊ എന്നുള്ളതു അത്യന്തം പ്രധാനം ആയ വിഷയം ആകുന്നു. എന്തെന്നാൽ ഇതു കിഴക്കേക്കരയിൽനിന്നു വേമ്പനാട്ടു കായലിന്റെ പടിഞ്ഞാറെക്കരയ്ക്കു കടന്നു ചെല്ലുവാൻ ഇടയായിട്ടുണ്ടെങ്കിൽ അതു പശ്ചിമ സമുദ്രതീരം മുഴുവനും എന്തുകൊണ്ടു വ്യാപിക്കയില്ലാ എന്നുള്ളതിനു തക്ക കാരണം കാണുന്നില്ല.

രോഗം നിസ്സംശയമായും സാംക്രമികം തന്നെ. എല്ലാ തെളിവുകളും ഈ ശീലത്തെ ലക്ഷ്യപ്പെടുത്തുന്നു. മീനച്ചൽ താലൂക്കിൽ കിഴക്കു നിന്നു പടിഞ്ഞാറോട്ടു നിയതമായും ക്രമേണയായും വ്യാപിച്ചിട്ടുള്ളതു അതിന്റെ ഗുണങ്ങളുമായൊ ദേശസ്ഥിതിയുമായൊ ഇതുപോലെയുള്ള മറ്റു കാരണങ്ങളുമായൊ യാതൊരു വിധത്തിലും സംബന്ധപ്പെട്ടിരിക്കാൻ ഇടയില്ല. സംക്രമിക്കുമായ വല്ല സാധനവും പരന്നിരിക്കണമെന്നും ഈ സംഗതികൊണ്ടു നിശ്ചയിക്കേണ്ടതായിരിക്കുന്നു. ഇതുപോലെ തന്നെ ആലപ്പുഴയിൽ ഈ രോഗം പിടിപെട്ടതായ ചെറിയ പ്രദേശം ക്രമേണ വ്യാപിച്ചു വരുന്നു. എന്നാൽ തുടർച്ചയായ പ്രദേശമായി തന്നെ ഇരിക്കയും ചെയ്യുന്നു.

വടക്കോട്ടായൊ കിഴക്കോട്ടായൊ പടിഞ്ഞാറോട്ടായൊ അനേകം മൈൽസ് ദൂരത്തേക്ക ദീനം ഒന്നും ഇല്ലതാനും. ആലപ്പുഴയിൽ ദീനം അത്യന്തം പ്രധാനമായി കാണുന്ന പ്രദേശത്തുനിന്ന അരമൈൽ തെക്കുള്ള ഒരു തോട്ടത്തിൽ ഇതിലേക്ക അത്യന്തം ഉത്തമമായ ലക്ഷ്യം ലഭിച്ചു. ആലപ്പുഴയിൽ ദീനം പിടിച്ച പ്രദേശത്തുള്ള ഒരു പറമ്പിൽ നിന്ന ഒരു തൈ പത്തു കൊല്ലത്തിനു മുമ്പു വിലക്ക വാങ്ങിച്ചു ഈ പറമ്പിൽ കൊണ്ടു നട്ടു. അതു അക്കാലത്തു രോഗം പിടിച്ചതായിരുന്നു. വിലക്കുകൊടുത്തവൻ ഈ വാസ്തവത്തെ അപ്പോൾ ഗ്രഹിച്ചിരുന്നില്ല. ആ തീയതിയിൽ അയാളുടെ വക മറ്റു യാതൊരു വൃക്ഷവും യാതൊരു വിധത്തിലും ദീനം പിടിച്ചതല്ലായിരുന്നു. ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ ഈ നട്ട തൈക്ക അടുത്തു നിന്ന തെങ്ങു മഞ്ഞളിച്ചു തുടങ്ങി. പിന്നീടു അടുത്തു അടുത്തുള്ള ഓരോ തെങ്ങിനും ഇപ്രകാരമുള്ള ഓരോ നിറഭേദം വന്നു. ഇതിനടുത്തു എല്ലാം കൂടി ൧൨ തെങ്ങുകൾക്ക രോഗം പിടിപെട്ടിട്ടുണ്ടു. രോഗം പിടിച്ചതായ ആദ്യത്തെ തെങ്ങാകട്ടെ പട്ടുപോയി. അതിനെ അവിടെ നിന്നും മാറ്റുകയും ചെയ്തിരിക്കുന്നു. ഈ രോഗം ഈ പറമ്പിൽ മാത്രമല്ലാ വ്യാപിച്ചതു അടുത്തുള്ള മററഞ്ചാറു പറമ്പുകളിലും ഏതാനും വൃക്ഷങ്ങൾക്ക ദീനം തട്ടീട്ടുണ്ടു. ഈ പ്രദേശത്തിലെ രോഗം സംക്രമിച്ചതു രോഗം പിടിച്ച ഒരു തൈ ഇവിടെ കൊണ്ടുവന്നു രോഗമില്ലാത്ത വൃക്ഷങ്ങളുടെ നടുക്ക നട്ടതിനാൽ ഉള്ള ഫലമാകുന്നു എന്നുള്ളതിനു സംശയമില്ലാ. ഉടമസ്ഥൻ തന്നെ ഇപ്രകാരം ഉറപ്പായി വിശ്വസിക്കുന്നു.

തെങ്ങുകളെ പിഴുതു മാററി നടുന്നതു അപൂർവ്വമല്ലാ. ഒരു സ്ഥലത്തു ഒരു ഗൃഹം പണിയിക്കേണ്ടിയിരുന്നാൽ അതിൽ നിൽക്കുന്ന തെങ്ങുകളെ പലപ്പോഴും ലേലത്തിൽ വില്ക്കുന്നു. വലിയ വൃക്ഷങ്ങളെ കൂടി ഈ വിധം വിലക്ക വാങ്ങിച്ചു വേരിനു ചുററും ഒരുപാടു മണ്ണോടു കൂടി അവയെ നിൽക്കുന്ന സ്ഥലത്തു നിന്നും മാററി പൊതുവായ ഒരു സ്ഥലത്തു നടിയിക്കുന്നുണ്ടു. വേരിൽതന്നെ ദീനമുള്ള ഇടങ്ങളിൽ ഈ നടപടിയേക്കാൾ അധികം അപകടമായി മറെറാന്നും കാണാൻ ഇടയില്ലാ എന്തുകൊണ്ടെന്നാൽ സാംക്രമികമായ സാധനത്തെ രോഗമില്ലാത്ത തറയിൽ കൊണ്ടു കടത്തുന്നു. ആ സാധനത്തിനു അവിടെ സ്ഥിരമായ സ്ഥാനം ലഭിക്കുന്നു.

ഈ രോഗം ഒരു മൂലസ്ഥാനത്തു നിന്നും പുറപ്പെട്ടു ദൂരെ ഉള്ള വൃക്ഷങ്ങളിൽ വ്യാപിക്കയും നടുക്കുള്ള വൃക്ഷങ്ങളെ ബാധിക്കാതിരിക്കയും ചെയ്യുന്നതു എന്തുകൊണ്ടാകുന്നു എന്നു വ്യക്തമാകുന്നില്ലാ. തിരുവിതാംകോട്ടിൽ കായലുകളിലെ വെള്ളംവഴിയുള്ള സഞ്ചാരത്തെയും ആലപ്പുഴയുള്ള സഞ്ചാരത്തെയും നോക്കുമ്പോൾ തിരുവിതാംകോട്ടിനെക്കാൾ ജനസഞ്ചാരം അധികമുള്ള പ്രദേശങ്ങൾ ഇൻഡ്യയിൽ കുറവായി തന്നെ ഇരിക്കണം. രോഗബീജങ്ങൾ ഒരു സ്ഥലത്തു നിന്നും മറെറാന്നിലേക്ക ജലമാർഗ്ഗം കൊണ്ടുപോകപ്പെടുന്നതു തെങ്ങിന്റെ പാകപ്പെടാത്ത വിളവുകൾ വഴിയായൊ ഊഹ്യങ്ങളായ മററനേകം വഴികളിൽ ചിലതു വഴിയായൊ ആയിരിക്കണമെന്നുള്ളതു സംഭാവ്യമായി കാണുന്നു. രോഗം പിടിച്ച ഒരു പറമ്പിൽ നിന്നു കുറച്ചു ഏതാനും മണ്ണിനേയൊ ഏതാനും തെങ്ങിൻ വേരുകളേയൊ രോഗമില്ലാത്ത ഒരു പറമ്പിൽ കടത്തിക്കൊണ്ടുപോയാൽ ആ രണ്ടാമത്തെ പറമ്പിൽ രോഗം സംക്രമിക്കാൻ ഇടയാകുമെന്നുള്ള വാസ്തവത്തെ ഓർമ്മിക്കേണ്ടതാകുന്നു. തറവഴി, ഒരു വേരിൽ നിന്നും മറെറാന്നിലേക്ക രോഗം വ്യാപിക്കുന്നതല്ലാതെ ഈ വ്യാപനത്തിനു മററു മാർഗ്ഗങ്ങൾ ഇല്ലാ എന്നുള്ളതു സംഭാവ്യമായും കാണുന്നു. സസ്യങ്ങൾക്കുള്ള കുമിൾരൂപങ്ങളായ അനേകം രോഗങ്ങൾ വായുമണ്ഡലത്തിൽ കൂടി അടിച്ചു പോകുന്ന ബീജകോശങ്ങൾ വഴിയായി പരക്കുന്നു. തിരുവിതാംകോട്ടു സംസ്ഥാനത്തിൽ ഇതിനുള്ള സുപ്രസിദ്ധമായ ഉദാഹരണം കാപ്പി ഇലക്ക പററിയ ദീനമാകുന്നു. ഈ രോഗങ്ങൾക്ക അനുകൂലങ്ങളായ അവസ്ഥാഭേദങ്ങൾ ഉള്ള പ്രദേശം മുഴുവനും ഈ രോഗങ്ങൾ ശീഘ്രത്തിൽ വ്യാപിക്കുന്നു എന്നുള്ളതു ആകുന്നു ഇവയിടെ വിശിഷ്ട ലക്ഷണം. കാപ്പി ഇലക്കുള്ള ദീനം ആദ്യമായി കണ്ടതു [illegible]മാണ്ടാകുന്നു. അതുമുതൽക്കുള്ള ഏതാനും കൊല്ലങ്ങൾക്കുള്ളിൽ തെൻ ഇൻഡ്യയിൽ കാപ്പികൃഷിയുള്ള ഓരോ പ്രദേശത്തും ഈ ദീനം പരന്നു. തെങ്ങിന്റെ വേരിലുള്ള ഇതിന്റെ വളർച്ച വടക്കൻ തിരുവിതാംകോട്ടിലെ അധിക ഭാഗവും ഉൾക്കൊന്നതായിരിക്കുന്നു എന്നുള്ളതു അനേകം സ്ഥലങ്ങളിൽ ഈ ദീനം ബാധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു വ്യക്തമാകുന്നു. അതുകൊണ്ടു ഈ രോഗത്തിന്റെ മന്ദമായ വ്യാപനവും സമുദ്രതീരത്തുള്ള അനേകം ഭാഗങ്ങളിൽ ഈ രോഗം ഇനിയും ബാധിച്ചിട്ടില്ലാ എന്നുള്ള വസ്തുതയും നോക്കുമ്പോൾ രോഗസംക്രമണം വായു മാർഗ്ഗമല്ലാ ഉണ്ടാകുന്നതെന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇതിൽ തറനിരപ്പിനു താഴെ ഉള്ള വേരുകളിൽ മാത്രമെ കാണപ്പെടുന്നു

ളളു. അവയിൽ ചില രോഗങ്ങൾ ജനിപ്പിക്കുന്ന തെങ്ങിനെയും അവയുടെ വ്യാധിയെ [illegible] പ്രാപിക്കാൻ കഴികയില്ല. തൈവഴിയായി രോഗം നിശ്ചയമായും പ്രാപിക്കുന്നുണ്ട്. [illegible] യിൽ കാണുന്ന മേൽ വിവരിച്ച അവസ്ഥാഭേദങ്ങൾ വിവരിച്ചു വ്യക്തമാക്കുന്നതിനു [illegible] ശത്തിൽ ഒരു കെ മാത്രംകൊണ്ടെ ഉള്ളു.

മണ്ണിൽ [illegible] പടർന്നു പിടിക്കുന്നതു അധികവും മണ്ണിന്റെ [illegible] അവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. കിളച്ചു മണ്ണിനെ ഇളക്കുന്നതുകൊണ്ടും തണുപ്പു അതിന്റെ മുകളിലത്തെ തട്ടിൽ വാ കിളച്ചു നിലം തെക്കാതിരിക്കുന്നതു പലപ്പോഴും വേരുരോഗത്തിനു [illegible] ആയിട്ട് കാണപ്പെട്ടിരിക്കുന്നു. ഇതു ഒരുവേള പുല്ലുപിടിച്ച മണ്ണു ഇതിൽ [illegible] വളരുന്നതിൽ സഹായിക്കുന്നതുകൊണ്ടും ആ മണ്ണിൽ വേരു നല്ലവണ്ണം വളരാത്തതുകൊണ്ടും ആയിരിക്കുന്നു. മഴയില്ലായ്മ ഒരുവേള തെങ്ങിനും അതിനെ ഉപജീവിക്കുന്ന [illegible] ദോഷംചെയ്യുന്നു. [illegible] അ തെങ്ങിന്റെ കേടുസംഭവിച്ചിട്ടുള്ള വേരുകൾക്കു [illegible] ഇല്ലെങ്കിൽ [illegible] ടും വെള്ളം എടുക്കുന്നതിനു ശക്തിയില്ല. അതുകൊണ്ടു തെങ്ങിനു [illegible] അധികം ദോഷം ചെയ്യുന്നതു. തിരുവിതാംകോട്ടിലെ തെങ്ങു ദീനത്തിന്റെ ഇലയിലെ ചിഹ്നങ്ങൾ വേനൽക്കാലത്തു വളരെ അധികമായിരിക്കും; എന്നാൽ വടക്കൻ തിരുവിതാംകോട്ടിൽ ദീനംപിടിച്ച തെങ്ങുകളെ വളരെ നശിപ്പിക്കുന്ന കഠിനമായ ഉഷ്ണം (അനാവൃഷ്ടി) ഉണ്ടാകാറെയില്ല. നല്ലവണ്ണം വെള്ളം വാറിപ്പോകാത്ത കട്ടിയായ മണ്ണുള്ള സ്ഥലങ്ങളിൽ ദീനം അധികം [illegible] എന്നു [illegible] തെളിവാകുന്നു. ഈവക സ്ഥലങ്ങളിൽ, മുഖ്യമായി കളിമണ്ണുകളിൽ, വേരുകളുടെ വളർച്ച തടയപ്പെടുന്നു. കേടുവന്നു നശിക്കുന്ന വേരുകൾക്കു പകരം ഉടനെ പുതിയ വേരുകൾ ഉണ്ടാകുന്നില്ല. പുതിയ വേരുകൾ മുളക്കുന്നുണ്ട്, എന്നാൽ അവ. മുളക്കുമ്പോൾതന്നെ ബലഹീനവും ആരോഗ്യമില്ലാത്തവയും ആയിരിക്കുന്നു.

ഇതരിൽ ദീനങ്ങളിൽ ശമിപ്പിക്കാൻ അധികം പ്രയാസമുള്ളതു മരങ്ങളുടെ വേരുകളിൽ ബാധിക്കുന്നവയാകുന്നു. തിരുവിതാംകോട്ടു തെങ്ങുദീനത്തിന്റെ സംഭാവ്യകാരണം ആയ ഇതരിൽ ജീവനുള്ള വേരുകളുടെ ദശയിൽ കടക്കയായാൽ ഏതെങ്കിലും നേരെയുള്ള ചികിത്സ പ്രയാസമായിരിക്കുന്നു. അതിനാൽ ശരിയായ ഒരു ചികിത്സയെപ്പറ്റി ആലോചിക്കാൻ തരമില്ലാ. ഈ ഇത്തിളുകളെ നശിപ്പിക്കുന്നതിനു ചെയ്യുന്ന പ്രയോഗം വേരുകളിലാണു ചെയ്യേണ്ടതു. ഇതു അധികവും വേരുകളെക്കൂടി നശിപ്പിക്കുന്നതിനാൽ ഗുണത്തിനെക്കാൾ അധികം ദോഷമാണു ചെയ്യുന്നതു. അങ്ങനെ ദോഷം അധികം വരാത്ത ചികിത്സ നല്ലതു തന്നെ. ഈ ദീനത്തിന്റെ ദോഷ കാഠിന്യത്തെ കുറയ്ക്കുമെന്നു ആശിക്കത്തക്ക ചില ചികിത്സാമാർഗ്ഗങ്ങൾ ഉണ്ടു, അവയെക്കുറിച്ചു ക്രമപ്രകാരം ചിന്തിക്കാം.

(ക) ദീനംപിടിച്ച എല്ലാ ഭാഗങ്ങളേയും നശിപ്പിച്ചു ദീനത്തെ ഉന്മൂലനം ചെയ്കയും, അപ്രകാരം അരോഗമായ തെങ്ങുകളിൽ പകരാതെ തടുക്കയും ചെയ്ക.

പൂർവഗോദാവരി ഡിസ്ത്രിക്ടിൽ നടപ്പുള്ള തെങ്ങുദീനത്തിന്റെ ശമനിക ഉപയോഗിക്കുന്ന സമ്പ്രദായം ഇതാകുന്നു; ഇവിടെ ദീനം ബാധിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്നു വ്യതിരിക്തമായി അറിയപ്പെട്ടിട്ടുണ്ടു; അതു അധികം വിസ്താരമുള്ളതല്ലാതാനും. ദീനം തന്നെ മണ്ടയിൽ മാത്രമെ ഉള്ളു. അതു മുറിച്ചു ദഹിപ്പിച്ചാൽ രോഗത്തെ പകരുന്ന സാധനങ്ങളെ എല്ലാം നശിപ്പിക്കാവുന്നതാകുന്നു. തിരുവിതാംകോട്ടിൽ ഗോദാവരിയിലെക്കാൾ വളരെ അധികം വിസ്തീർണ്ണം ഉള്ള സ്ഥലം മുഴുവൻ ദീനം വ്യാപിച്ചിട്ടുണ്ടു; ദീനം പിടിച്ചിട്ടുള്ള തെങ്ങുകളുടെ എണ്ണവും വളരെ അധികമാകുന്നു: മണ്ടയിൽ മാത്രം ദീനം പിടിച്ചിട്ടുള്ളു എന്നിരുന്നാലും തന്നെയും അങ്ങനെയുള്ള മണ്ടകളെല്ലാം ദഹിപ്പിച്ചു ദീനത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നതും ദുസ്സാധ്യം ആയ പ്രവൃത്തി ആകുന്നു. ദീനം പിടിച്ചിട്ടുള്ള തെങ്ങുകളുടെ വേരുകളെ കൂടി കിളച്ചെടുത്തു ദഹിപ്പിക്കാനുപക്ഷം വാസ്തവത്തിൽ നിഷ്പ്രയോജനമായതുകൊണ്ടു, ഇതിനെ ഒരു സാധാരണ ചികിത്സാക്രമമായി എടുക്കാൻ തീരെ കൊള്ളുകയില്ല.

എന്നാൽ ചില സംഗതികളിൽ ഈ സമ്പ്രദായത്തെ സ്വീകരിക്കാൻ കഴിവുണ്ടു: ദീനം പുതുതായ ഒരു സ്ഥലത്തു ആരംഭിക്കുമ്പോൾ ഈ മാർഗ്ഗത്തെ അവിടെ ഉപയോഗിക്കുന്നതിനു സംശയിക്കേണ്ടാ. മുമ്പിലെ ദീനം വ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ കൂട്ടത്തെങ്ങുമല്ലാതെയുള്ള ഭാഗങ്ങളിൽ വളരെ തെങ്ങുകൾക്കു ഒറ്റയായി ദീനം പിടിച്ചിട്ടുണ്ടു. തെങ്ങുകളുടെ അധികാരാരത്തിൽ [illegible] ദീനം ഉണ്ടായിട്ടുള്ള സ്ഥലങ്ങളുടെ അടുക്കലല്ലാതെ വല്ലടത്തും ആദ്യമായി രോഗം കൾക്കകത്തു ദീനം ഉണ്ടായിട്ടുള്ള [illegible]

ണ്ടാകുന്നുണ്ടോ, എന്നു സൂക്ഷിക്കുന്നതിനും ഉണ്ടായാൽ ദീനം പിടിച്ച തെങ്ങുകളെ മാത്രം എടുത്തു മാറ്റിപ്പിക്കുന്നതിനു ഉടനടി വേണ്ട നടപടികൾ ചെയ്യാനും എല്ലാ താലൂക്കു ഉദ്യോഗസ്ഥന്മാരോടും ആജ്ഞാപിക്കേണ്ടതാകുന്നു. ഈ അഭിപ്രായപ്രകാരം ചെയ്യുന്നതിനു പല ദുർഘടങ്ങളും ഉണ്ടാകും. ദീനം പുതുതായി ആരംഭിച്ച തെങ്ങുകൾ കുറെകാലത്തേക്കു കാച്ചുകൊണ്ടിരിക്കും. കുറെയെങ്കിലും ഫലം കിട്ടുമെന്ന് ആശയുള്ളതുവരെ തെങ്ങുകളെ നശിപ്പിക്കുന്നതിനെ ഉടമസ്ഥന്മാർ പ്രകൃത്യാ തടയുന്നതാണ്. ഈ രോഗം പകരുന്നതാണെന്നും, കുടിയാന്മാരുടെ ഗുണത്തിനായിട്ടാണ് ആ പകർച്ചയെ തടയുന്നതിനുള്ള ഏർപ്പാടുകൾ ഗവർന്മെന്റിൽ നിന്നു ചെയ്യുന്നതെന്നും നാട്ടുഭാഷയിൽ പത്രികകൾ മൂലം ജനങ്ങളെ ധരിപ്പിക്കുന്നതായാൽ ഈ തടസ്ഥത്തിനു കുറവു വരുന്നതാണ്. ദീനം ആരംഭിച്ച ഉടനെ കണ്ടുപിടിക്കുന്നപക്ഷം കുറെ തെങ്ങുകൾ മാത്രമേ നശിപ്പിക്കേണ്ടിവരികയുള്ളൂ. ഒരു പറമ്പു മുഴുവനുമോ ചെറിയ പല പറമ്പുകളോ ദീനമുള്ളതായി കണ്ടാൽ പോലും, അപ്പോഴും രോഗപീഡയില്ലാത്ത വളരെ ആളുകളുടെ വക അധികം സ്ഥലങ്ങളുടെ ഗുണത്തിനായി ഏതാനും ആളുകളുടെ വക സ്ഥലങ്ങളിലെ മരങ്ങളെ നശിപ്പിക്കേണ്ടതാകുന്നു.

ദീന ചികിത്സയ്ക്കു ഈ സമ്പ്രദായത്തെ ഉപയോഗിക്കുന്നതിനു തീരെ വ്യത്യാസപ്പെട്ട രണ്ടുവക അവസ്ഥകളെപ്പറ്റി മനസ്സിലാക്കാനുണ്ടു; ഒന്നാമതായി മീനച്ചൽ താലൂക്കിലെപ്പോലെ ദീനം ബാധിച്ചിട്ടുള്ളതായി ഒന്നിച്ചുചേർന്നു കിടക്കുന്ന വളരെ സ്ഥലങ്ങളുണ്ടു; അവയുടെ ചുറ്റുപാടും പിന്നെയും തുടർച്ചയായി ദീനം പരന്നുകൊണ്ടുവരുന്നു. ഇങ്ങനെ പകരുന്ന അരുക സ്ഥലങ്ങളിൽ പുതിയതായി രോഗം ഉണ്ടാകുന്ന തെങ്ങുകളെ നശിപ്പിച്ചു കളക മുതലായ ഏതെങ്കിലും ചികിത്സകൾ സാധിക്കുന്നവയാണോ എന്നു സംശയമാണ്. രോഗബാധിതങ്ങളായ സ്ഥലങ്ങളുടെ ചുറ്റും മേഖലാകൃതിയിൽ കുറെ ദൂരം വൃക്ഷങ്ങൾ നശിപ്പിച്ചെങ്കിലെ ഗുണം കാണാൻ ഇടയുള്ളു എന്നു വന്നേക്കാം. അടുത്തടുത്തും അരോഗമായ തെങ്ങുകൾ നില്ക്കുന്നിടത്തോളം ദീനംപിടിച്ച തെങ്ങുകളിൽ നിന്നു രോഗം പകരാൻ മാർഗ്ഗവുമുണ്ടു. ഇത്ര വലിയ ഒരു പ്രവൃത്തി ചെയ്യണമെന്നു ഉപദേശിക്കുന്നതിന് ഞാൻ തയ്യാറില്ല. രണ്ടാമതായി മുമ്പു ദീനം പിടിച്ചിട്ടുള്ള അതിർത്തികൾക്കു അടുത്തുമല്ലാതെ അവിടവിടെയായി പല സ്ഥലങ്ങളിലും ദീനം ഉണ്ടാകുന്നുണ്ട്. ഇവയെ ദീനാരംഭത്തിൽ കണ്ടുപിടിക്കുന്നതായാൽ മേല്പറഞ്ഞ മാർഗ്ഗത്തെ ഉപയോഗിക്കാവുന്നതാകുന്നു. അതിന് ചിലവും ചുരുക്കമായിരിയ്ക്കും; എന്നു മാത്രമല്ല അതിൽ നിന്നുണ്ടാകാവുന്ന നഷ്ടം രക്ഷപ്പെടുന്ന അനേകം തെങ്ങുകളിൽ നിന്നുണ്ടാകുന്ന ഗുണത്തോടു ഒത്തുനോക്കുന്നപക്ഷം വളരെ തുച്ഛമായിരിക്കയെ ഉള്ളൂ. കവുങ്ങ്, തെങ്ങ്, ആളിയോലപ്പന, ഈറമ്പന, പന (ഇതിനും ദീനം പിടിയ്ക്കുന്നതായി കാണുന്നെങ്കിൽ) മുതലായി എല്ലാവിധത്തിലും ഉള്ള ദീനം പിടിച്ചതായ വൃക്ഷങ്ങളെ നശിപ്പിക്കേണ്ടതാകുന്നു. വേരുകൾ കിളച്ചെടുത്തതിനു ശേഷം ആ കുഴിയിൽ കുമ്മായം തട്ടിനിറക്കണം; ഒരു കൊല്ലത്തേക്കു കുമിളിന്റെ അവശിഷ്ടങ്ങൾ വല്ലതും ഉണ്ടെങ്കിൽ നശിപ്പിക്കുന്നതിനു വേണ്ടി ഇടക്കിടെ കിളച്ചു മലർത്തണം. അതിനു ശേഷം പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നതു മിക്കവാറും ദോഷഹീനം ആയിരിക്കും.

വേരുകളേയും തടിയുടെ മണ്ണിനടിയിലുള്ള ഭാഗങ്ങളേയും മാത്രം ദഹിപ്പിച്ചാൽ മതി. കുഴിച്ചെടുത്തു കഴിഞ്ഞാൽ വേണമെങ്കിൽ ചെറുതായി കീറണം; എന്നിട്ടു അടുക്കി, ചൂടുധാരാളം ഉണ്ടാകുന്നതിന് ചുറ്റും ഉണങ്ങിയ ഓല ധാരാളം പൊതിഞ്ഞു തീകത്തിക്കണം. കുഴിച്ചെടുത്ത വേരുകളെ ഒരുവിധത്തിലും എങ്ങും കിടക്കാൻ സമ്മതിക്കരുതു; അങ്ങനെയായാൽ അവയുടെമേൽ കുമിളുകളുടെ ബീജകോശങ്ങൾ ഉല്പതിക്കുന്നതിനും അതു വായുവിൽ കൂടി പറക്കുന്നതിനും അങ്ങനെ അപകടം ഉണ്ടാകുന്നതിനും ഇടയാകും. വേരുകളെല്ലാം കുഴിച്ചെടുത്തു ഏതാനും മണിക്കൂറുകൾക്കകം ചുട്ടുകളയേണ്ടതാണ്.

ഈ മാർഗ്ഗത്തിൽ വളരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ ഇതുവരെ ദീനം ബാധിക്കാത്ത സ്ഥലങ്ങളിലേക്കു അതു പകരുന്നതിനെ തടയാൻ എന്തെങ്കിലും ഒരു അവസരം ഉണ്ടാകൂ എന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പുതിയ സ്ഥലത്തു രോഗം ഉണ്ടായാൽ അതു അവിടെ നിന്നു ചുറ്റിലും ക്രമേണ അപരിഹാര്യം ആയി പകരുന്നു. വടക്കൻ തിരുവിതാംകൂറിലെ യാതൊരു ഭാഗവും ദീനത്തിൽ നിന്നു ഒഴിഞ്ഞുനില്ക്കുന്നില്ല. ആ സ്ഥലങ്ങളിൽ എല്ലാം രോഗബാധ പടർന്നുപിടിക്കുന്നതിനു വേണ്ട കാലമായിട്ടില്ലെന്നു മാത്രമേ ഉള്ളൂ. ആലപ്പുഴയിൽ രോഗബാധ ഉണ്ടായിട്ടുള്ളതുകൊണ്ടു കടലോരപ്രദേശങ്ങളും രക്ഷപ്പെടുന്നില്ലെന്നു പ്രത്യക്ഷമാകുന്നു. ഇവിടെ ദീനത്തിനു കുറവില്ലെന്നു മാത്രമല്ല, നേരേ മറിച്ചു

കഴിഞ്ഞ ൮൦ കൊല്ലത്തോളമായി മുമ്പു് വ്യാപിച്ചുവരികയാണെന്നു കേൾക്കുന്നു. ഇപ്പോൾ ദീനം വ്യാപിച്ചിട്ടുള്ള സ്ഥലം (പത്തു് ഏക്കറോളം) രോഗം ബാധിച്ചിട്ടുള്ള വൃക്ഷങ്ങൾ ദഹിപ്പിച്ചു നശിപ്പിക്കുന്നതിന്റെ പ്രയോജനത്തെ പരിശോധിപ്പാനുള്ള [illegible] പറ്റിയ പ്രദേശം ആയിരിക്കുന്നു. [illegible] കൊണ്ടു [illegible] ആവശ്യപ്പെടുന്നതിനും അതിനു വളരെ അധികം പണം വേണ്ടിവരികയില്ല. [illegible] മുക്കോലക്കൽ എന്ന സ്ഥലത്തു ദീനം പിടിപെട്ടിട്ടുള്ള [illegible] അതിൻപ്രകാരം ചികിത്സ നടത്തിക്കേണ്ടതാകുന്നു. [illegible] ഇപ്രകാരം ഏകാന്തമായി ദീനം ഉണ്ടായിട്ടുള്ള [illegible] ചെയ്യേണ്ടതാകുന്നു.

നിർബന്ധമായി ചികിത്സ നടത്തുക, നഷ്ടം കൊടുക്കുക ഈ വിഷയങ്ങളെക്കുറിച്ചു ഈ റിപ്പോർട്ടിൽ പ്രതിപാദിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ മേൽപ്പറഞ്ഞ അഭിപ്രായപ്രകാരം നടത്തുന്ന വകക്കു ഒരു വക നിർബന്ധം ആവശ്യമായി വരുന്നതിനു ഇടയുണ്ടു്.

ഇതിലേക്കു എത്ര ജീവനക്കാർ ആവശ്യം ഉണ്ടെന്നും, അവരെ എങ്ങനെ നിയമിക്കണം എന്നും ഉള്ള വിഷയവും അധികാരസ്ഥന്മാർ തീർച്ചപ്പെടുത്തേണ്ടതാകുന്നു. ഒരു താലൂക്കിൽ ദീനം വ്യാപിച്ചിട്ടുള്ള താലൂക്കുകളെ ഒരു പ്രത്യേക സർവ്വേ ചെയ്തു നിർണ്ണയിക്കുന്ന തിനു ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാകുന്നു. ഈ സർവ്വേയിൽ ഈവിധ രോഗം ബാധിച്ചിട്ടുള്ളതായി തോന്നുന്നതും, ആലപ്പുഴയെപ്പോലെ ഒരു പരിമിതം ആയ സീമയിൽ മാത്രം ദീനം ബാധിച്ചിട്ടുള്ളതും ആയ സ്ഥലങ്ങളെ കാണിക്കയും അവയും, അവയോടു ചേർന്നും അടുത്തു വളരെ വിസ്താരത്തിൽ ദീനം സംക്രമിച്ചിട്ടുള്ള സ്ഥലങ്ങളും ഉള്ള വിസ്താരത്തെ സൂചിപ്പിക്കയും ചികിത്സ തുടങ്ങേണ്ട സ്ഥലങ്ങൾക്കു എത്ര വിസ്താരം ഉണ്ടെന്നു ഒരു ഉദ്ദേശക്കണക്കു കൂട്ടുകയും ചെയ്യേണ്ടതാകുന്നു. ഈ മാതിരി ഉള്ള ഒരു അന്വേഷണത്തെ സഹായിക്കുന്നതിനു തിരുവിതാംകോട്ടിൽ കാണപ്പെട്ട തെങ്ങുകളുടെ രോഗത്തിന്റെ മറ്റു ചില ചില്ലറ കാരണങ്ങളുടെ ഒരു വിവരണം അവയെ വേരിൽ ഉണ്ടാകുന്ന ദീനത്തിൽ നിന്നു തിരിച്ചറിയുന്നതിനു മതിയാകത്തക്കവിധത്തിൽ താഴെ എഴുതുന്നു:—

(ഫ) രോഗം ബാധിച്ചിട്ടുള്ള സ്ഥലങ്ങളിലെ മണ്ണിൽ നിന്നു ഇത്തിൾക്കണ്ണികളുടെ ബീജത്തെ കളഞ്ഞു [illegible] വെക്കുന്നതിനു ഉപയോഗപ്പെടത്തക്കവണ്ണം ആകുന്നു: രോഗം ഉണ്ടായിട്ടുള്ള ഒരു സ്ഥലത്തെ ദീനം പിടിച്ച മരങ്ങളെ എല്ലാം കളഞ്ഞതിനു ശേഷം, ഒരു വർഷക്കാലം എങ്കിലും തൈ വെക്കാതെ ആ സ്ഥലം തരിശു ഇടേണം. ഈ കാലത്തു അവിടം കൂടക്കൂടെ കിളച്ചു മണ്ണിളക്കുകയും വായു സംക്രമിക്കുന്നതിനു ഇടകൊടുക്കയും ചെയ്യണം. ദീനംപിടിച്ച വേരുകൾ കളഞ്ഞിട്ടും അവിടെ എങ്ങാനും ഉണ്ടായിരിക്കാൻ ഇടയുള്ള ഇത്തിൾക്കണ്ണികളുടെ അവശിഷ്ടങ്ങളെ വേഗം നശിപ്പിക്കുന്നതിനു കുമ്മായം വളരെ സഹായിക്കുന്നതിനാൽ അതു കിട്ടുന്നെങ്കിൽ, അതു മണ്ണിൽ ചിതറണം. ഇതിനു ചുണ്ണാമ്പിനെക്കാൾ നീറിയ കക്കായാണു അധികം നല്ലതു.

(ബ) ദീനം പിടിച്ച മരങ്ങളുടെ വേരുകളിൽ ഉരങ്ങളോ മറ്റു സാധനങ്ങളോ ഇടുക— പല സ്ഥലങ്ങളിലും കൃഷിക്കാർ തന്നത്താൻ ചില ചികിത്സകൾ ചെയ്തുനോക്കിയിട്ടുണ്ടു; എന്നാൽ അവരിൽ അധികം ആളുകളും മണ്ടയിലെ ദീനം പ്രത്യക്ഷമായി കണ്ടതുകൊണ്ടു, അതിന്റെ കാരണം എന്തെന്നു വേരിൽക്കൂടി നോക്കണം എന്നു വിചാരിക്കായ്കയാലും അവരുടെ പ്രയോഗങ്ങൾ മിക്കതും മരങ്ങളുടെ മണ്ടയിലാണു ചെയ്തിട്ടുള്ളതു. ചിലർ കുമ്മായവും ചാരവും കൂട്ടിക്കലർത്തി ഇട്ടു, മറ്റു ചിലർ മണ്ടതുരപ്പിച്ചു [illegible] നോക്കി; അതിൽ ഒരു ഫലവും ഉണ്ടായില്ല. ചിലർ വേരിൽ കുമ്മായം ഇട്ടു നോക്കിയതിൽ താൽക്കാലികമായ ഉപശാന്തി കണ്ടിട്ടുണ്ടു്.

ഈ ചികിത്സാക്രമം അനുവർത്തിക്കാൻ കൊള്ളാവുന്നവയാകുന്നു. വേരുകളിൽ കുമ്മായമോ മറ്റു വല്ല സാധനമോ ഇട്ടാൽ അതു പുതിയ വേരുകൾ മുളയ്ക്കുന്നതിനെ സഹായിക്കയും മണ്ണിലുള്ള ഇത്തിൾക്കണ്ണികളെ നശിപ്പിക്കുന്നതിനാൽ ആ വേരുകളെ രോഗബാധയിൽ നിന്നു രക്ഷിക്കയും ചെയ്യുവാൻ ഇടയുണ്ടു്. തിരുവനന്തപുരത്തു കൃഷിപരീക്ഷത്തോട്ടത്തിൽ ഒരു അഗ്രികൾച്ചറൽ ഇൻസ്പെക്ടർ ഉണ്ടു്. ഈ ജോലി ആ ഇൻസ്പെക്ടർക്കു നടത്താവുന്നതാകുന്നു. ദീനം അധികമായി പിടിക്കാത്ത മരങ്ങളുള്ള ഒരു ചെറിയ തോട്ടം പരീക്ഷക്കായി എടുത്തു സാധാരണ വളങ്ങൾകൊണ്ടു, അമ്മോണിയം സൾഫേറ്റു, (Ammonium) കുമ്മായം, ഗന്ധകം, സൾഫേറ്റു ആഫ് അയൺ (Sulphate

of iron) ഇവ കൂട്ടിക്കലൎത്തി ക്രമമായ ചില പരീക്ഷണങ്ങൾ നടത്തേണ്ടതാണു. മേൽപറഞ്ഞ വസ്തുക്കൾ ഒന്നിച്ചു ചേൎത്തല്ലാതെ ഓരോന്നായി ചേൎത്തു പ്രത്യേകമായി വേണം പരീക്ഷ നടത്തിക്കുന്നതിനു.

(ഘ) തെങ്ങുകളുടെ പൊതുവായ ആരോഗ്യത്തെ വൎദ്ധിപ്പിക്കുക— തെങ്ങുകൃഷിയുള്ള സ്ഥലങ്ങളിലെ കൃഷിയെ വളരെ പരിഷ്കരിക്കാനുണ്ടു. മീനച്ചിൽ മുതലായ ഉൾപ്രദേശങ്ങളിൽ ഇതു മുഖ്യമായി ചെയ്യാനുണ്ടു. ഇവിടെ വളമിടുക തന്നെ വളരെ കുറച്ചേ ഉള്ളു. വെള്ളം പറ്റിക്കുക തീരെ പതിവില്ല. കിള ഉപേക്ഷയിൽ തള്ളിക്കളയുന്നു. മീനച്ചിൽ ആറിന്റെ കരകളിൽ ദീനം കലശലായി പിടിച്ചിട്ടുള്ള തോട്ടങ്ങളിൽ വേഴം, കൂടത്തിൽ മുതലായവയും കുറ്റിക്കാടുകളും നിബിഡമായി വളൎന്നുനില്ക്കുന്നു; അവയുടെ ഇടയിൽക്കൂടി തെങ്ങു മുതലായ ഇനം വൃക്ഷങ്ങൾ അവയ്ക്കു കഴിയുമ്പോലെ വളരുന്നു. ഇതാകുന്നു മേലെഴുതിയ പറമ്പുകളുടെ സാധാരണ സ്ഥിതി. ഭൂമി വളരെ താണതും ഉറച്ചതും, വെള്ളം വറ്റിക്കേണ്ടതു അത്യാവശ്യപ്പെട്ട നിലയിൽ ഇരിക്കുന്നതും ആണെങ്കിലും ഈ കാൎയ്യത്തിൽ പ്രവൎത്തിക്കുന്നതേ ഇല്ല. ഈ ഭൂമികളിൽ വെള്ളം വറ്റിക്കുന്നതുകൊണ്ടു വേരുകളുടെ വളൎച്ചക്കു സാരമായ ഗുണം ഉണ്ടാകുന്നതും നശിപ്പിക്കപ്പെട്ട ഭക്ഷണഗ്രാഹിയായ വേരുകൾക്കു പകരം പുതിയ വേരുകൾ പുറപ്പെടുവിക്കുന്നതിനു മരങ്ങൾക്കു ഇടം കൊടുക്കുന്നതുമാകുന്നു, കടലോരങ്ങളിലെ ഭൂമിയിൽ മരങ്ങളുടെ വേരുകൾ വലുതായി വൎദ്ധിക്കുന്നതുകൊണ്ടായിരിക്കണം അവ രോഗത്താൽ കഠിനമായി ബാധിക്കപ്പെടാത്തതു.

മണ്ണു നിബിഡമായി നില്ക്കുന്ന വേഴംപുല്ലു മുതലായ കളകളാൽ മൂടപ്പെട്ടിരുന്നാൽ അവിടെ ധാരാളമായി വായുസമ്പൎക്കം ഉണ്ടാകാതെയിരുന്നാൽ അതു ഇത്തിൾക്കുമിളുകളുടെ വളൎച്ചക്കു ഒരുവേള അനുകൂലമായിത്തീരുന്നു. കിള മണ്ണിനെ ഇളക്കിമറിക്കുന്നു; അതു വേരുകളുടെ വളൎച്ചയെ സഹായിക്കുന്നതു കൂടാതെ ഇത്തിൾക്കുമിളുകൾക്കു നേരെ നാശം ഉണ്ടാക്കുന്നതായും വിചാരിക്കാം.

രോഗത്തിന്മേൽ വളത്തിനുള്ള ശക്തി എന്തെല്ലാമാണെന്നു ഗ്രഹിക്കണം. മരത്തിന്റെ വളൎച്ചയെ അധികരിക്കുന്ന ഏതു വസ്തുവും ദീനത്തോടു എതിൎത്തു നില്ക്കുന്നതിനുള്ള അതിന്റെ ശക്തിയെ വൎദ്ധിപ്പിക്കുമെന്നുള്ളതു നിശ്ചയമാകുന്നു. ഏതായാലും കന്നുകാലിവളം മറ്റു ക്ഷാരപദാൎത്ഥമിശ്രമായ വളങ്ങൾ ഇവയിൽ ചിലതു ഇത്തിൾക്കുമിളുകളുടേയും വളൎച്ചയെ സഹായിക്കയും, അപ്രകാരം, തെങ്ങുകളുടേയും മറ്റും വൎദ്ധനവിനെക്കാളധികം അവയുടെ വൎദ്ധനവിനെ അനുകൂലിക്കയും ചെയ്യാനിടയുണ്ടു.

(ങ) ദീനത്തെ തടുത്തുനില്ക്കുന്ന ഇനം വൃക്ഷങ്ങളെ അന്വേഷിക്ക.—തെങ്ങുകളിൽ പല ഇനങ്ങളുണ്ടു. ഫെർഗൂസന്റെ സിലോൺ മാനുവൽ എന്ന പുസ്തകത്തിൽ (All about cocoanut palm) "തെങ്ങുകളെപ്പറ്റി സകല വിവരങ്ങളും" എന്ന ഭാഗത്തു അനേകം ഇനങ്ങളുടെ പേരു പറഞ്ഞിട്ടുണ്ടു. തിരുവിതാംകോട്ടിൽ ഏതെല്ലാം ഇനങ്ങൾ ഉണ്ടെന്നും, അവയിൽ ഏതെങ്കിലും ദീനത്തോടു എതിൎത്തു നില്ക്കുന്നതിനു ശക്തിയുള്ളതായിട്ടു ഉണ്ടോ എന്നു അറിയുന്നതിനു എനിക്കു കഴിഞ്ഞില്ല. ബുദ്ധിമാന്മാരായ തെങ്ങുകൃഷിക്കാരോടു അന്വേഷിച്ചാൽ ഈ വഴിയിൽ വിലയേറിയ അറിവു ലഭിക്കുന്നതാകുന്നു. ഒരു ചെടിയുടെ ചില ഇനങ്ങൾ മറ്റു ഇനത്തെക്കാൾ വളരെ നല്ലവണ്ണം രോഗബാധക്കു കീഴ്പെടുന്നില്ലെന്നുള്ളതു പ്രസിദ്ധമാണു. തിരുവിതാംകോട്ടു തെങ്ങുകളുടെ ഇടയിൽ അപ്രകാരം ഒരു ഇനം കണ്ടുപിടിക്കാൻ കഴിയുന്നപക്ഷം അതുകൊണ്ടുള്ള പ്രയോജനം വളരെ വലുതായിരിക്കുന്നതാകുന്നു.

(ച) ദീനം അടുത്ത സംസ്ഥാനങ്ങളിൽ പരക്കാതെ തടുക്കുന്നതിലേക്കുള്ള വ്യവസ്ഥകൾ.

അയൽ സംസ്ഥാനം ആയ കൊച്ചിയുമായിട്ടു തെങ്ങിൻ വിളവുകളിൽ കച്ചവടം ധാരാളം ആയിട്ടു വെള്ളം മാൎഗ്ഗം ആയി നടക്കുന്നുണ്ടു. വടക്കു കിഴക്കു കോയമ്പത്തൂരം ആയിട്ടും കിഴക്കു തിരുനെൽവേലിയും ആയിട്ടും ഉള്ള വ്യാപാരാദികൾ അത്ര അധികം ഇല്ല. തെങ്ങിൻ വിളവുകളെ ആ സ്ഥിതിയിൽ തന്നെ കയറ്റുമതിചെയ്യുന്നതു കൊച്ചിക്കല്ലാതെ മറ്റു യാതൊരു സ്ഥലത്തേക്കും ഇല്ല. കൊച്ചിയിൽ ധാരാളം തെങ്ങുകൾ ഉള്ളതുകൊണ്ടും, ആ സംസ്ഥാനം വടക്കു മലയാംജില്ലയും ആയി തൊട്ടുകിടക്കുന്നതുകൊണ്ടും അവിടങ്ങളിലെ തെങ്ങുകളിൽ ദീനം വ്യാപിക്കാതിരിക്കുന്നതിലേക്കു ഖണ്ഡിതം ആയ ചട്ടങ്ങൾ വേണ്ടിയിരിക്കുന്നു. തെങ്ങിൻതൈകളും വേരുകളും കടത്തിക്കൊണ്ടു പോകുന്നതിനെ തടസ്ഥം ചെയ്യുന്നതുകൊണ്ടു വേണ്ടിടത്തോ

ളം കാര്യകാരിയായ രക്ഷ ലഭിക്കും എന്നു തോന്നുന്നു. തെങ്ങിൻതൈകൾ ചിലപ്പോൾ കയറ്റുമതി ചെയ്യപ്പെടുന്നുണ്ടു. തെങ്ങിൻവേരുകളെ ലോഹപ്പുഴുവിനെ കണ്ടുകൊണ്ടു ഉപയോഗിക്കുന്നു, അവ മരത്തിനു ഉതകുകയും ചെയ്യുന്നു. ഇവയെ കയറ്റുമതി ചെയ്യുന്നതിനെ തിരുവിതാംകോട്ടു നിരോധനം ചെയ്യണം എന്നും തിരുവിതാംകോട്ടു നിന്നു വരുന്ന ഇവയെ എല്ലാം വിരോധിക്കപ്പെട്ടവ ആണെന്നു കൊച്ചിയിൽ ആക്ഷേപിക്കണം എന്നും ഞാൻ അഭിപ്രായപ്പെടുന്നു. പൊതിമടൽ തൊണ്ടു, കയർ, വെളിച്ചെണ്ണ എന്നിങ്ങനെ മരത്തിന്റെ വേരിനോടു ചേർന്നുള്ള ഒരു ഭാഗത്തു നിന്നും യാതൊരു ദോഷവും വരും എന്നു പേടിക്കാൻ ഇല്ല.

തിരുവിതാംകോട്ടു തെങ്ങുകൾക്കുള്ള ചില്ലറ ദീനങ്ങൾ.

തിരുവിതാംകോട്ടുള്ള താഴെ കാണിച്ചിട്ടുള്ള മറ്റു ചില തെങ്ങിൻ ദീനങ്ങളും മുമ്പു വിവരിച്ച ദീനത്തിൽ നിന്നു തിരിച്ചറിയുന്നതിലേക്കായി ആ ചില്ലറ ദീനങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങളെ താഴെ ചേർക്കുന്നു. ഇപ്പോൾ ഈ ചില്ലറ ദീനങ്ങൾ പ്രസ്തുത ദീനത്തേക്കാൾ പ്രാധാന്യം കുറഞ്ഞവ തന്നെ എങ്കിലും അവയെ എല്ലാം കൂടി ഗണിക്കയാണെങ്കിൽ അവയിൽ നിന്നു വളരെ നഷ്ടം നേരിടുന്നുണ്ടു. അവയുടെ ഹേതുക്കളും ചികിത്സയും ഓരോ സംഗതിയിലും ഭേദപ്പെട്ടിരിക്കുന്നതിനാൽ തെങ്ങിൻദീനങ്ങളുടെ കാര്യത്തിൽ വ്യവസ്ഥകൾ ചെയ്വാൻ ഉദ്യമിക്കുന്നിടങ്ങളിൽ ഇവയെ തിരിച്ചറിഞ്ഞിരിക്കേണ്ടതു ആവശ്യം ആകുന്നു.

(൧) പെസ്റ്റലോസിയാ പാമാരം എന്നതിനാൽ ഉണ്ടാകുന്ന മടൽ ദീനം.

ഇതു ഓലകളെമാത്രം ബാധിക്കുന്ന ഒരു കുമിൾ ഹേതുവായി ഉണ്ടാകുന്ന ദീനം ആകുന്നു. ഓലകളിൽ ചെറിയവയും നോക്കിയാൽ മറുഭാഗം കാണാവുന്നവയും ആയ വെള്ളപ്പൊട്ടുകളുടെ രൂപത്തിൽ ആകുന്നു ഈ ദീനം ആദ്യമായി ദൃശ്യമാകുന്നതു. ഈ പുള്ളികൾ എണ്ണത്തിൽ കുറഞ്ഞിരിക്കാവുന്നതും കട്ടപ്പം ആയ സംഗതിയിൽ വളരെ കൂടിയിരിക്കാവുന്നതും ആകുന്നു. പുള്ളികൾ ക്രമേണ വലുതാകയും ആദ്യം മഞ്ഞനിറം ആയിട്ടും പിന്നീടു നടുക്കു വെള്ളനിറമായിട്ടും വളരുന്നു. പുള്ളികൾ വലുതാകുമ്പോൾ രണ്ടുമൂന്നു പുള്ളികൾ പലപ്പോഴും ഒന്നായി തീരുകയും ഇങ്ങനെ ഓലയിൽ വലുതും ക്രമരഹിതവും ആയ ഭാഗങ്ങൾ വാടിയവ ആയി ഉണ്ടാകയും ചെയ്യുന്നു. ഓലകളുടെ വക്കുകൾ ഈ വിധം പലപ്പോഴും ഉണങ്ങിപ്പോകുന്നു. ഉണങ്ങിക്കെട്ടുപോയ ഭാഗങ്ങൾ പൊട്ടി വേഗത്തിൽ വീണുപോകുന്നതുകൊണ്ടു ഓലകളുടെ അററങ്ങൾ സമമല്ലാതെ തീരുന്നു. ഓരോ പുള്ളിക്കും ചുററും കുറെ തവിട്ടുനിറം ആയ ഒരു വര കാണും. അതിനു ചുററം വെളിയിൽ വിളറിയതോ പച്ചയോ അല്ലെങ്കിൽ മഞ്ഞയോ ആയ ഒരു വര കാണും. അവിടെ ആകുന്നു ഓലയിലെ അരോഗഭാഗത്തെ കുമിൾ ആക്രമിക്കുന്നതു.

വേർദീനത്തിനും ഇതിനും തമ്മിൽ ഉള്ള മുഖ്യഭേദം എന്തെന്നാൽ വേർദീനത്തിൽ മടലിലെ ഒരു വലിയ ഭാഗം വിളർച്ചയാകയും പിന്നീടു മഞ്ഞനിറം ആകയും ചെയ്യുന്നു. വ്യക്തമായി വെള്ളപ്പൊട്ടുകൾ ഉണ്ടാകുന്നില്ല. ഓലകളുടെ അററം ഉണങ്ങുകയും വാടുകയും ചെയ്യുന്നു: എന്നാൽ അററത്തും വക്കിലും വെള്ളനിറം ആകുന്നില്ല, തവിട്ടുനിറം ആകുന്നു; ഓലകൾ സമമല്ലാതാകുന്നതും ഇല്ല. നടുക്കുള്ള മടൽ കുമ്പു കനംകുറഞ്ഞ വശം ആകുന്നു; മേൽഭാഗത്തുനിന്നു കീഴോട്ടേക്കു വാടുകയും ചെയ്യുന്നു; എന്നാൽ ഓലദീനത്തിൽ ആകട്ടെ ദീനം കട്ടപ്പമായിരുന്നാൽ അല്ലാതെ നടുക്കുള്ള മടൽ കുമ്പിനു ദോഷം തട്ടുന്നില്ല.

പശ്ചിമസമുദ്രതീരം മുഴുവനിലും തെങ്ങുകൾക്കു ഓലദീനത്തിനുള്ള പുള്ളികൾ ഏതാനും സാധാരണം ആകുന്നു. തൈകൾ ഉള്ള തോട്ടങ്ങളിൽ ഈ ദീനം സാരം ഏറിയ ദോഷമായിതീരാം: എന്തുകൊണ്ടെന്നാൽ വലിയ തെങ്ങുകളെക്കാൾ തൈകൾക്കാകുന്നു ഈ ദീനം ബാധിക്കുന്നതു. തെങ്ങുകൾക്കു ഏകദേശം ഏഴുകൊല്ലം പ്രായം ആയിരുന്ന ഒരു പറമ്പിൽ കുറെ ദൂരത്തു നിന്നു നോക്കിയതിൽ കണ്ട കാഴ്ച വേർദീനത്താൽ ജനിക്കുന്നതുപോലെ തോന്നി; എന്നാൽ അധികം അടുപ്പിച്ചു നോക്കിയതിൽ വേർദീനത്തിന്റെ ലക്ഷണമൊന്നും കണ്ടില്ല: ഓലകളുടെ അററം തൂങ്ങിക്കിടന്നില്ല; എല്ലാ ഓലകളിലും ചുററും മഞ്ഞവര ഉള്ള വെള്ളപ്പൊട്ടുകൾ ഉണ്ടായിരുന്നു; ഈ മഞ്ഞവരകൾ പൊട്ടിനോടു അത്ര അടുപ്പിച്ചായിരുന്നതുകൊണ്ടു കുറെ ദൂരത്തു നിന്നു നോക്കിയപ്പോൾ ഓലകൾ തീരെ മഞ്ഞനിറമായി തോന്നി.

ജാവായിലും മററും ഈ ദീനം കടുപ്പമായി ബാധിച്ചതായി റിപ്പോർട്ട് കിട്ടീട്ടുണ്ടു. ഈ ദീനം തൈകൾക്കു മാത്രമേ ഉണ്ടായിട്ടുള്ളു. ഇവയിൽ അല്ലാതെ കമിൾ അധികം ഉപദ്രവം ചെയ്യുന്നതായി കാണുന്നതും ഇല്ല. ഉപേക്ഷിതങ്ങൾ ആയ ചെറു തൈകൾക്കാകുന്നു തിരുവിതാംകോട്ടിൽ ഈ ദീനം അധികം ബാധിച്ചു കണ്ടതു. മുമ്പു പറഞ്ഞ പറമ്പിൽ വളം ഉപയോഗിച്ചതിൽ നിശ്ചിതമായ ഗുണം സിദ്ധിച്ചു. മിക്ക സംഗതികളിലും ഇതിനെ തടയുന്നതിലേക്കു കിളയലും വളമുപയോഗിക്കലും മാത്രമേ ആവശ്യമുള്ളു എന്നു കാണുന്നു.

(൫) പിതിയം പാൽമിവോറം എന്നതിനാൽ ഉണ്ടാകുന്ന കുരുമ്പിലെ ചീഞ്ഞൽ ആകുന്ന ദീനം. ചങ്ങനാശേരിയിൽ ഇത്തരം ദീനം ഏതാനും തെങ്ങുകളിൽ കണ്ടു. ഗോദാവരിയിൽ പനകൾക്കും ദീനഹേതു ഇതു തന്നെ. ഗോദാവരിയിൽ ഈ ദീനം അത്ര കടുപ്പമായിട്ടല്ലെങ്കിലും തെങ്ങിനെയും കവുങ്ങിനെയും ബാധിക്കുന്നുണ്ടു. ഗോദാവരിയിലെ ദീനത്തിന്റെ ഒരു സാമാന്യ വിവരണം ഇന്ത്യയിലെ അഗ്രികൾച്ചറൽ ജേർണൽ ഒന്നാം വാല്യം ൪-ം ഭാഗത്തിലും (൧൯൦൬ ഒക്ടോബർ മാസത്തെ) ഇതിന്റെ ശാസ്ത്രീയം ആയ ഒരു വിവരണം ഇന്ത്യയിലെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിലെ ചരിത്രത്തിൽ ഒന്നാം വാല്യം ൫-ം നമ്പരിലും (൧൯൦൭ ഫെബ്രുവരി മാസത്തെതിൽ) പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. ദീനത്തിന്റെ ആരംഭ ദശയിൽ തന്നെ നടുക്കുള്ള കൂമ്പും വാടിപ്പോകുന്നതു ഈ ദീനത്തിന്റെ അവശ്യം മുഖ്യം ആയ ലക്ഷണം ആകുന്നു. ഈ ലക്ഷണം ഇതിനെ വേർദീനത്തിൽ നിന്നു വ്യതിരിക്തം ആക്കുന്നു. വേർദീനത്തിൽ നടുക്കുള്ള കൂമ്പു പിന്നീടുള്ള ഒരു ദശയിൽ മാത്രമേ ബാധിക്കപ്പെടുന്നുള്ളു.

ഒന്നാമത്തെ ബാഹ്യലക്ഷണം ഒരു മടൽ മുഴുവൻ വെളുത്തുപോകുന്നതാകുന്നു. ഇങ്ങനെ വെളുത്തുപോകുന്നതു സാധാരണം ആയി മണ്ടയുടെ നടുക്കാകുന്നു. ഇതു കഴിഞ്ഞാൽ ഉടൻ തന്നെ മണ്ടയിൽ നടുക്കുള്ള കൂമ്പു അല്ലെങ്കിൽ തുറക്കാത്ത മടൽ ഇതുപോലെ നിറം കെട്ടുകാ കഴിയുമ്പോൾ, നടുക്കുള്ള തുറക്കാത്ത മടൽ അഴുകുന്നു. പിന്നെ മണ്ട മുഴുവനും വീണുപോകുന്നു. ഇതു കഴിഞ്ഞാൽ വളരെ ചീഞ്ഞു നാറുന്നതിനു സംഗതിയാകും. അകത്തുള്ള ചോറു മുഴുവനും അഴുകി നാററം പിടിച്ചു കട്ടിയായിപ്പോകുന്നു. ഏതാനും മാസങ്ങൾക്കകം തെങ്ങു നശിക്കുന്നു; ഇപ്രകാരം ഈ ദീനം വേർദീനത്തെക്കാൾ ഭയങ്കരമായ അവസാനത്തെ സിദ്ധിപ്പിക്കുന്നു. തെങ്ങിനു ഈ ദീനം ശമിക്കുന്നതു ദുർല്ലഭം തന്നെ.

തുറക്കാത്ത കരുന്നു മടലുകളിലെ ഓരോ ഓലയിലും ചോററിൽ ഉള്ള മടലുകളുടെ വെളുത്ത കീഴ്ഭാഗങ്ങളിലും വ്യക്തമായ ഒരു അസ്പഷ്ട ഭാഗത്തോടുകൂടി തവിട്ടു നിറത്തിൽ പുള്ളികൾ കാണുന്നു. ഇവയെ കമിൾകൊണ്ടുള്ള വെളുത്ത ഒരു രേഖാസമൂഹം മൂടിയിരിക്കുന്നു. ചങ്ങനാശേരിയിൽ വെട്ടുന്നതിനു മുമ്പുള്ള കരുന്നു മടലുകളിൽ 'പിതിയം പാൽമിവോറം' അതിന്റെ ലക്ഷണം ആയ ബീജകോശങ്ങളെ കാണിച്ചിരുന്ന ചെറിയ ഓലകളില്ലാതെ മറെറങ്ങും. ചോറിന്റെ അംശങ്ങൾ അല്ലാതെ അംശങ്ങളിൽ കവിഞ്ഞ ഭാഗങ്ങൾ കാണാതിരിക്കത്തക്ക വിധത്തിൽ ചോറു അത്ര അഴുകിയിരുന്നു. വളരുന്ന മുറയിൽ ദീനം ബാധിച്ചപ്പോൾതന്നെ ബാധിത വൃക്ഷങ്ങൾ നശിക്കാനുള്ളവ എന്നു തീർച്ചപ്പെടുത്താം.

മണ്ടയുടെ നടുവിനു ദീനം ബാധിച്ചാൽ പിന്നെ പരിഹാരം യാതൊന്നും ഇല്ല. അടുത്തുള്ള തെങ്ങുകളെ രോഗസംക്രമണത്തിൽ നിന്നു രക്ഷിക്കുന്നതിലേക്കു അകത്തുള്ള ഒന്നോ അധികമോ ചെറു മടലുകൾ വാടിയതായി കണ്ടാൽ ഉടൻതന്നെ, ദീനം പിടിച്ച മുകൾ ഭാഗത്തെ വെട്ടുകയും തീയിട്ടു ചുടുകയും ചെയ്യേണ്ടതു ആവശ്യം ആകുന്നു. ഈ ദീനം വളരെ സംക്രമണശക്തിയുള്ളതും വളരെ അപായകരവും ആകയാൽ, ഈ പ്രവൃത്തി ഉടനടി നടത്തേണ്ടതാകുന്നു.

(൬) കൃമിബാധകൾ. തെങ്ങുകളെ ബാധിക്കുന്ന രണ്ടുതരം സുപ്രസിദ്ധ കൃമികൾ ആയ കറുത്ത വണ്ടും (റൈനോസറസ് ബീട്ടിൽ) ചുവന്ന ചെള്ളും (പാംവീവിൾ) തിരുവിതാംകോട്ടിൽ സാധാരണം ആകുന്നു. ചെള്ളിന്റെ ബാധയെ മാത്രമേ വേർദീനം ആണോ എന്നു അന്യഥാ ഗ്രഹിക്കാൻ ഇടയുള്ളു. അതും ദുർല്ലഭമായിട്ടേ അങ്ങനെ തെററാൻ ഇടയുള്ളു. ഏതാനും സംഗതികളിൽ, നടുക്കുള്ള ഓലകളിൽ അനേകത്തെ മഞ്ഞനിറം ആകത്തക്ക വിധത്തിൽ ചോറിനെ ചെള്ളു ബാധിക്കുന്നു. എന്നാൽ ഈ ഓലകൾ വാടുന്നതു അവയുടെ മൂട്ടു മുതൽ ഏകദേശം തിന്നപ്പെടുന്നതുകൊണ്ടാകുന്നു. അതുകൊണ്ടു അവയെ എളുപ്പത്തിൽ എടുത്തു കളയാം, അപ്പോൾ ദോഷഹേതു വെളിപ്പെടുകയും ചെയ്യും. ബാധിതം ആയ മുകൾഭാഗത്തെ പരിശോധിച്ചു, ദീനം ചെള്ളിന്റെ ബാധയാൽ ഉള്ളതാണോ എന്നു ഉടൻ പറയുന്നതിനു മിക്ക തെങ്ങുകയറികൾക്കും പറയാൻ കഴിയും: എന്തുകൊണ്ടെന്നാൽ, ഒന്നോ രണ്ടോ ഇഞ്ചു നീളമുള്ള

വെട്ടത്തു ഒടിച്ച പുഴുവിനേയും അതു നിമിത്തം ഉണ്ടാകുന്ന ദോഷങ്ങളേയും എല്ലാവരും പരിചയിച്ചിട്ടുണ്ടു. കുത്തു വന്ന ചീനയുള്ള തെങ്ങുകളിലും അതോടു ചേർന്ന തെങ്ങുകളിലും ഓലപ്പുഴുവിനെ കാണാം; ഇവയുടെ ബാധ ഉണ്ടെന്നുള്ളതു, ബാധിക്കപ്പെട്ട വൃക്ഷങ്ങളുടെ ഓലകളുടെ ഒരു ഭാഗം തിന്നപ്പെടാതെ കാണുന്നതുകൊണ്ടു നിശ്ചയിക്കാം. ഓലകൾ ചിലേടത്തു ചിലേടത്തു നിറം ഭാഗം തിന്നപ്പെടുന്നു; വിട്ടുനിന്നതിൽ പിന്നെ ഓല മുഴുവനുമോ അല്ലെങ്കിൽ ഏതാണ്ടു ഒരു ഭാഗമോ സമീപത്തിൽ ഉള്ള ഒരു ഭാഗം തിന്നപ്പെട്ടിരിക്കുന്നതായി കാണപ്പെടും.

ചില സ്ഥലങ്ങളിൽ, ഓലകളിന്മേൽ മഞ്ഞ നിറം മെച്ചമായ പുള്ളി കാണപ്പെടുന്നു. പൊതുവായി മഞ്ഞനിറം ഉണ്ടാകുന്നതു; സൂക്ഷ്മം അല്ലാത്ത പരിശോധനയിൽ ഇതു പോലെ തെറ്റി ധരിക്കപ്പെടാം. ഓലയെ തിരിച്ചു നോക്കിയാൽ ഇതിനെ വേർതിരിച്ചറിയാം; അങ്ങനെ നോക്കുമ്പോൾ ഓലയുടെ കീഴ് ഭാഗത്തു മഞ്ഞ ചെറിയ തട്ടുകളായ കൃമിക്കൂട്ടങ്ങൾ അടപ്പിച്ചു പാറിയിരിക്കുന്നതായി കാണാം.

൧൦൮൩ ഡിസംബർ ൨൦ നു

ഇ. ഇ. ഗ്രീൻ,
ഇമ്പീരിയൽ മൈക്കാളജിസ്റ്റ്.

നമ്പർ 1756/J.

പരസ്യം.

നിയമനിർമ്മാണസഭയിൽ മ. രാ. രാ. പി. രാമൻതമ്പി ബി. ഏ., എം. എൽ. അവർകളുടെ മെമ്പർസ്ഥാനത്തിന്റെ കാലാവധി തീരുകയാൽ ൧൦൮൩ മേടം ൩൦-ാം ൧൦൮൩ മെ ടം ൩൦-നു നിയമനിർമ്മാണസഭയിൽ ഒരു നാൺഒഫിഷ്യൽ മെമ്പർസ്ഥാനം ഒഴിവാകുന്നതാകുന്നു. തിരുവനന്തപുരം ഡിവിഷൻ കാര്യംവിചാരിക്കുന്ന ഡെപ്യൂട്ടി പേഷ്കാർ ഒടുവിൽ കഴിഞ്ഞ പ്രജാസഭക്കു തിരുവനന്തപുരം ഡിവിഷനിൽ നിന്നു വന്ന മെമ്പർമാരുടെ ഒരു യോഗം കൂട്ടിക്കയും, ഒഴിവുള്ള സ്ഥാനത്തേക്കു ഒരാളെ തിരഞ്ഞെടുക്കുന്നതിലേക്കു ആ മെമ്പർമാരോടു ആവശ്യപ്പെടുകയും ചെയ്യണം. അങ്ങനെ തെരിഞ്ഞെടുക്കുന്ന ആളിനെ നിയമിക്കുന്നതിനെ കുറിച്ചു ഗവർന്മെന്റു ആലോചിക്കുന്നതാകുന്നു. ടി യോഗം ൧൦൮൩ മേടം ൨൧-നു ൧൯൦൮ മെ ൪-നു തിങ്കളാഴ്ച കൃത്യമായി ഉച്ചക്കു പന്ത്രണ്ടു മണിക്കു തിരുവനന്തപുരം ജൂബിലി ടൌൺ ഹാളിൽവച്ചു കൂടേണ്ടതാകുന്നു. ഇന്ന ആളെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു ഡെപ്യൂട്ടി പേഷ്കാർ ക്രമപ്രകാരം ഗവർന്മെന്റിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതും ആകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൩ ഏപ്രിൽ ൧൩-നു

ഉത്തരവിൻപ്രകാരം
ഏ. കെ. വീയറാ,
ഗവർമ്മെന്റു ചീഫ്സിക്രട്ടറി.

Under sanction of His Highness the Maharaja, dated the 29th March 1908, Sections 12 and 13 of the Revised State Life Insurance Rules and the certificate prescribed in form No. 1 (Proposal for 1st insurance) to be signed by the Officer before whom the Proposal is signed, are modified as follows—

"12. A public servant proposing to insure his life under these rules, shall submit a Proposal in form No. 1 written in his own hand whenever possible, and signed in the presence of his immediate superior who will, in his turn, sign the certificate to the effect that he has read and explained the form to the Proposer whose signature was affixed in his presence and that the entries made therein (especially those relating to the age, the date of birth, pay and the date of first permanent appointment in service on Rs. 10 or above of the Proposer) are correct and forward the same in a sealed cover to the Head of the Department concerned.

13. The Head of the Department concerned will, after examining the Proposal, forward the same to the Medical Officer who may be appointed by Government in this behalf, requesting him to examine the Proposer and record his opinion regarding his age and health in the certificate appended to the Proposal.

Government may, in any case, dispense with the medical examination contemplated in the first para of this rule and admit the acceptance of a certificate of health produced by the Proposer from a competent medical officer."

"*Certificate by the Officer before whom the Proposal is signed* (*Form No. 1*).

I certify that I have read over [and explained] the above instructions and statements to the Proposer, that the entries above made, especially those relating to the Proposer's age, date of birth, pay and the date of first permanent appointment in service on Rupees ten or above, are correct and that the Proposer's signature was affixed in my presence."

State Life Insurance Branch,
Huzur Cutcherry,
Trivandrum, 4th April 1908.

A. J. VIEYRA,
Chief Secretary to Government.

No. 522/25-8-83.

Anchal Notice.

It is hereby notified for general information that an experimental village Anchal Office has been opened at Kulathur in Neyyattinkara Taluk from 1st Meenam 1083/13th March 1908.

Huzur Cutcherry,
Trivandrum,
4th April 1908.

A. J. VIEYRA,
Chief Secretary to Government.

അഞ്ചൽ വക പരസ്യം

നെയ്യാറ്റിൻകര താലൂക്കിൽ ചേർന്ന കുളത്തൂർ എന്ന സ്ഥലത്തു പരീക്ഷാർത്ഥമായി ൧൦൮൩ മീനം ൧-നു ൧൯൦൮-ാം വർഷം മാർച്ചുമാസം ൧൩-നു മുതൽ ഒരു വില്ലേജ് അഞ്ചലാപ്പീസു ഏർപ്പെടുത്തി നടപ്പു വരുത്തിയിരിക്കുന്നതിനാൽ വിവരം സകലമാന പേരും അറിവാൻ വേണ്ടി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൩-മാണ്ടു മീനമാസം ൨൩-നു

എ. ജെ. വീയറാ
ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി.

No. 1002 Financial.

Notification.

M. R. Ry. K. N. Ramasubba Iyer Avergal, B. A., Assistant Officer, Central Account and Audit Office, is authorised to sign all ordinary routine communications, half margin memoranda, &c., issuing out of the office as "Assistant—For Officer in charge, Central Account and Audit Office."

Huzur Cutcherry,
Trivandrum,
20th April 1908.

(By order),
P. V. KISTNASAMI CHETTI,
Financial Secretary.

[illegible] മാസത്തിലും [illegible] മാസം വരെ [illegible] ഉള്ള പിരിവിന്റെ വിവരം കണക്ക.

	വരവു തലപ്പുകളിൽ ഉൾപ്പെട്ട ഇനങ്ങൾ	൧൦൮൨		൧൦൮൩	
		[illegible]	[illegible]	[illegible]	[illegible]
I.	നിലം പുരയിടങ്ങളുടെ വക കരം	[illegible]	[illegible]	[illegible]	[illegible]
II.	ഉപ്പു	[illegible]	[illegible]	[illegible]	[illegible]
III.	എക്സൈസ (കലാൽ പുകയില മുതലായവ)	[illegible]	[illegible]	[illegible]	[illegible]
IV.	ചുങ്കത്തിരുവ	[illegible]	[illegible]	[illegible]	[illegible]
V.	[illegible]	[illegible]	[illegible]	[illegible]	[illegible]
VI.	ഏലം	[illegible]	[illegible]	[illegible]	[illegible]
VII.	വനംവക	[illegible]	[illegible]	[illegible]	[illegible]
VIII.	[illegible]	[illegible]	[illegible]	[illegible]	[illegible]
IX.	രജിസ്ത്രേഷൻ	[illegible]	[illegible]	[illegible]	[illegible]
X A.	നീതിന്യായം കോടതി ...	[illegible]	[illegible]	[illegible]	[illegible]
X B.	ടി ജെയിൽ ...	[illegible]	[illegible]	[illegible]	[illegible]
XI.	എഞ്ചിനീയരിങ്ങ [illegible] ...	[illegible]	[illegible]	[illegible]	[illegible]
XII.	ആരാധനം [illegible] ...	[illegible]	[illegible]	...	...
XIII.	ജനറൽ അഡ്മിനിസ്ത്രേഷൻ ...	[illegible]	[illegible]	[illegible]	[illegible]
XIV.	[illegible] ...	[illegible]	[illegible]	...	...
XV.	കാഴ്ച	[illegible]	[illegible]	[illegible]	[illegible]
XVI.	പൊലിസ	[illegible]	[illegible]	[illegible]	[illegible]
XVII.	വിദ്യാഭ്യാസം	[illegible]	[illegible]	[illegible]	[illegible]
XVIII.	കരകൌശലം മുതലായ ചില്ലറ ഡിപ്പാർട്ടുമെന്റുകൾ	[illegible]	[illegible]	[illegible]	[illegible]
XIX.	മെഡിക്കലും സാനിട്ടറിയും ഡിപ്പാർട്ടുമെന്റുകൾ	[illegible]	[illegible]	[illegible]	[illegible]
XX.	ദേവസ്വം	[illegible]	[illegible]	[illegible]	[illegible]
XXI.	ഊട്ടുപുരകൾ	[illegible]	[illegible]	[illegible]	[illegible]
XXII.	പട്ടാളം	[illegible]	[illegible]	[illegible]	[illegible]
XXIII.	പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെന്റുകൾ	[illegible]	[illegible]	[illegible]	[illegible]
XXIV.	[illegible] പെൻഷൻ ...	...	[illegible]	...	[illegible]
XXV.	[illegible]	[illegible]	[illegible]	[illegible]	[illegible]
XXVI.	പലിശ	[illegible]	[illegible]	[illegible]	[illegible]
XXVII.	ചിലവുകളിന്മേൽ പലിശക്കിട്ടതിൽ [illegible]	[illegible]	[illegible]	[illegible]	[illegible]
XXVIII.	അഞ്ചൽ	[illegible]	[illegible]	[illegible]	[illegible]
XXIX.	റെയിൽവെ	...	...	...	...
XXX.	[illegible] മുതലായ [illegible] പണികൾ	[illegible]	[illegible]	...	[illegible]
XXXI.	സഞ്ചാരമാർഗ്ഗം തോടുകൾ ...	..	...	...	...
XXXII.	ലോഹങ്ങളുടെ [illegible] ...	[illegible]	[illegible]	[illegible]	[illegible]
	ആകെ മുതലെടുപ്പു ഇനങ്ങളിൽ ...	[illegible]	[illegible]	[illegible]	[illegible]
	കടംകണക്കുകൾ				
൧	ഡിപ്പാസിറ്റ	[illegible]	[illegible]	[illegible]	[illegible]
൨	അഡ്വാൻസ്	[illegible]	[illegible]	[illegible]	[illegible]
൩	കടം	...	...	...	...
൪	റെമിറ്റൻസ (പൊക്കം വരവു) ...	[illegible]	[illegible]	[illegible]	[illegible]
൫	ബില്ലുകൾ	[illegible]	[illegible]	[illegible]	[illegible]
൬	മുതലായി പലിശക്കിട്ട വക ...	...	[illegible]	[illegible]	[illegible]
	ആകെ കടം കണക്കു ഇനങ്ങളിൽ ...	[illegible]	[illegible]	[illegible]	[illegible]
	ആകെ വരവു ...	[illegible]	[illegible]	[illegible]	[illegible]

സെൻട്രൽ അക്കൗണ്ട് ആൻഡ് ഓഡിറ്റാപ്പീസ്.
തിരുവനന്തപുരം
൧൦൮൩ മീനം [illegible]

സെൻട്രൽ അക്കൗണ്ട് ആൻഡ് ഓഡിറ്റാപ്പീസു
ഹേഡുവിചാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ
പി. വി. കൃഷ്ണസ്വാമിച്ചെട്ടി.

[illegible] ഇനങ്ങളിലായി ചിലവു വകകളുടെ വിവരം കണക്ക.

	ചിലവു ഇനങ്ങൾ	[illegible]		[illegible]	
		തന്മാസ തുക	തന്മാസം വരെ	തന്മാസ തുക	തന്മാസം വരെ
		രൂപാ	രൂപാ	രൂപാ	രൂപാ
1	നിലം പുരയിടങ്ങൾവക ...	[illegible]	[illegible]	[illegible]	[illegible]
2	ഉപ്പ് ...	[illegible]	[illegible]	[illegible]	[illegible]
3	എക്സൈസ് (കഞ്ചാവ് പുകയില മുതലായവ) ...	[illegible]	[illegible]	[illegible]	[illegible]
4	ചുങ്കം തീരുവ ...	[illegible]	[illegible]	[illegible]	[illegible]
5	[illegible] ...	[illegible]	[illegible]	[illegible]	[illegible]
6	ഏലം ...	[illegible]	[illegible]	[illegible]	[illegible]
7	വനംവക ...	[illegible]	[illegible]	[illegible]	[illegible]
8	മുദ്രവില ...	[illegible]	[illegible]	[illegible]	[illegible]
9	രജിസ്ട്രേഷൻ ...	[illegible]	[illegible]	[illegible]	[illegible]
10A	നീതിന്യായം കോടതി ...	[illegible]	[illegible]	[illegible]	[illegible]
10B	ടി ജെയിൽ ...	[illegible]	[illegible]	[illegible]	[illegible]
11	[illegible] ...	[illegible]	[illegible]	[illegible]	[illegible]
12	[illegible] ...	[illegible]	[illegible]	[illegible]	[illegible]
13	[illegible] ...	[illegible]	[illegible]	[illegible]	[illegible]
14	[illegible] ...	[illegible]	[illegible]	[illegible]	[illegible]
15	[illegible] ...	[illegible]	[illegible]	[illegible]	[illegible]
16	പോലീസ് ...	[illegible]	[illegible]	[illegible]	[illegible]
17	വിദ്യാഭ്യാസം ...	[illegible]	[illegible]	[illegible]	[illegible]
18	[illegible] മുതലായ ചില്ലറ ഡിപ്പാർട്ടുമെന്റുകൾ ...	[illegible]	[illegible]	[illegible]	[illegible]
19	[illegible] ...	[illegible]	[illegible]	[illegible]	[illegible]
20	ദേവസ്വം ...	[illegible]	[illegible]	[illegible]	[illegible]
21	[illegible] ...	[illegible]	[illegible]	[illegible]	[illegible]
22	മിലിട്ടറി ...	[illegible]	[illegible]	[illegible]	[illegible]
23	പബ്ലിക്‍വർക്സ് ഡിപ്പാർട്ടുമെന്റ ...	[illegible]	[illegible]	[illegible]	[illegible]
23-A	അലവൻസും അസൈൻമെന്റും ...	[illegible]	[illegible]	[illegible]	[illegible]
24	സൂപ്പർ ആനുവേഷൻ പെൻഷൻ ...	[illegible]	[illegible]	[illegible]	[illegible]
25	പലവക ...	[illegible]	[illegible]	[illegible]	[illegible]
26	പലിശ ...	...	...	...	...
27	[illegible] പലിശവകയിൽ [illegible] ...	[illegible]	[illegible]	[illegible]	[illegible]
28	[illegible] ...	[illegible]	[illegible]	[illegible]	[illegible]
29	[illegible] ...	...	[illegible]	...	[illegible]
30	[illegible] പണികൾ ...	[illegible]	[illegible]	[illegible]	[illegible]
31	[illegible] ...	...	...	...	...
32	[illegible] ...	...	...	...	...
	ആകെ സർവീസ് ഇനങ്ങൾ ...	[illegible]	[illegible]	[illegible]	[illegible]
	കടൻ കണക്ക് ഇനങ്ങൾ				
1	ഡെപ്പോസിറ്റ ...	[illegible]	[illegible]	[illegible]	[illegible]
2	അഡ്വാൻസ് ...	[illegible]	[illegible]	[illegible]	[illegible]
3	കടം ...	[illegible]	[illegible]	...	...
4	റെമിറ്റൻസ ...	[illegible]	[illegible]	[illegible]	[illegible]
5	[illegible] ...	[illegible]	[illegible]	[illegible]	[illegible]
6	[illegible] ...	...	[illegible]	[illegible]	[illegible]
	ആകെ കടൻ കണക്ക് ഇനങ്ങളിൽ ...	[illegible]	[illegible]	[illegible]	[illegible]
	മൊത്തം ചിലവ ...	[illegible]	[illegible]	[illegible]	[illegible]

സെൻട്രൽ അക്കൗണ്ട്സ് ആൻഡ് ആഡിറ്റാഫീസ്,
തിരുവനന്തപുരം
[illegible]

സെൻട്രൽ അക്കൗണ്ട്സ് ആൻഡ് ആഡിറ്റാഫീസ്,
മേൽവിചാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ,
പി. വി. കൃഷ്ണസ്വാമിചെട്ടി

൧൦൮൩-ആമാണ്ട് കുംഭമാസത്തിൽ ഖജനാവുകളിൽ വരവിനം തുകയിൽ നിന്നും ചിലവിനം വിവരം കണക്ക.

ഡിവിഷൻ	ഖജനാവുകൾ	മുന്നിരിപ്പ്	ഈമാസം പിരിവ്	ഈമാസം ചിലവ്	നീക്കിയിരിപ്പ്
		രൂപാ	രൂപാ	രൂപാ	രൂപാ
പത്മനാഭപുരം	തോവാള ...	[illegible]	[illegible]	[illegible]	[illegible]
	അഗസ്തീശ്വരം ...	[illegible]	[illegible]	[illegible]	[illegible]
	ഇരണിയൽ ...	[illegible]	[illegible]	[illegible]	[illegible]
	കല്കുളം ...	[illegible]	[illegible]	[illegible]	[illegible]
	വിളവങ്കോട് ...	[illegible]	[illegible]	[illegible]	[illegible]
	തുക ..	[illegible]	[illegible]	[illegible]	[illegible]
തിരുവനന്തപുരം	ഹജൂർ ...	[illegible]	[illegible]	[illegible]	[illegible]
	നെയ്യാറ്റിൻകര ...	[illegible]	[illegible]	[illegible]	[illegible]
	തിരുവനന്തപുരം ...	[illegible]	[illegible]	[illegible]	[illegible]
	ടി കച്ചേരി ...	[illegible]	[illegible]	[illegible]	[illegible]
	നെടുമങ്ങാട് ...	[illegible]	[illegible]	[illegible]	[illegible]
	ചിറയിൻകീഴ് ...	[illegible]	[illegible]	[illegible]	[illegible]
	തുക ...	[illegible]	[illegible]	[illegible]	[illegible]
കൊല്ലം	കൊല്ലം ...	[illegible]	[illegible]	[illegible]	[illegible]
	കൊട്ടാരക്കര ...	[illegible]	[illegible]	[illegible]	[illegible]
	പത്തനാപുരം ...	[illegible]	[illegible]	[illegible]	[illegible]
	ചെങ്കോട്ട ...	[illegible]	[illegible]	[illegible]	[illegible]
	കുന്നത്തൂർ ...	[illegible]	[illegible]	[illegible]	[illegible]
	കരുനാഗപ്പള്ളി ...	[illegible]	[illegible]	[illegible]	[illegible]
	കാർത്തികപ്പള്ളി ...	[illegible]	[illegible]	[illegible]	[illegible]
	മാവേലിക്കര ...	[illegible]	[illegible]	[illegible]	[illegible]
	ചെങ്ങന്നൂർ ...	[illegible]	[illegible]	[illegible]	[illegible]
	തിരുവല്ലാ ...	[illegible]	[illegible]	[illegible]	[illegible]
	അമ്പലപ്പുഴ ...	[illegible]	[illegible]	[illegible]	[illegible]
	ടി കച്ചേരി ...	[illegible]	[illegible]	[illegible]	[illegible]
	കപ്പിവടം വക ...	[illegible]	[illegible]	[illegible]	[illegible]
	തുക ...	[illegible]	[illegible]	[illegible]	[illegible]
കോട്ടയം	ചേർത്തല ...	[illegible]	[illegible]	[illegible]	[illegible]
	വൈക്കം ...	[illegible]	[illegible]	[illegible]	[illegible]
	ഏറ്റുമാനൂർ ...	[illegible]	[illegible]	[illegible]	[illegible]
	കോട്ടയം ...	[illegible]	[illegible]	[illegible]	[illegible]
	ചങ്ങനാശ്ശേരി ...	[illegible]	[illegible]	[illegible]	[illegible]
	മീനച്ചൽ ...	[illegible]	[illegible]	[illegible]	[illegible]
	മൂവാറ്റുപുഴ ...	[illegible]	[illegible]	[illegible]	[illegible]
	തൊടുപുഴ ...	[illegible]	[illegible]	[illegible]	[illegible]
	കുന്നത്തുനാട് ...	[illegible]	[illegible]	[illegible]	[illegible]
	ആലങ്ങാട് ...	[illegible]	[illegible]	[illegible]	[illegible]
	പറവൂർ ...	[illegible]	[illegible]	[illegible]	[illegible]
	ഏലം ...	[illegible]	[illegible]	[illegible]	[illegible]
	തുക ...	[illegible]	[illegible]	[illegible]	[illegible]
	തുക മൊത്തം ...	[illegible]	[illegible]	[illegible]	[illegible]
	മദ്രാസ് ബാങ്ക് ...	[illegible]	[illegible]	[illegible]	[illegible]
	ആർബത്ത്നാട്ട് ആൻഡ് കമ്പനി ...	[illegible]	...	[illegible]	[illegible]
	ഖജനാവുകളിൽ തുക ...	[illegible]	[illegible]	[illegible]	[illegible]
	വനം വക സഹായം ...	...	[illegible]	[illegible]	...
	പി. ഡബ്ലിയു. ഡി. ...	...	[illegible]	[illegible]	...
	ഡിപ്പാർട്ടുമെന്റിൽ തുക ...	...	[illegible]	[illegible]	...
	തുക മൊത്തം ...	[illegible]	[illegible]	[illegible]	[illegible]

സെൻട്രൽ ഖജനാവിന്റെ അക്കൗണ്ട് ആഫീസ്,
തിരുവനന്തപുരം,
൧൦൮൩ മീനം [illegible]

സെക്രട്ടേറിയറ്റിന്റെ അക്കൗണ്ട് ആഫീസ്
[illegible]
പി. വി. കൃഷ്ണസ്വാമി ചെട്ടി

TRAVANCORE GOVERNMENT GAZETTE.

Vol. XLVI.] TRIVANDRUM, TUESDAY, April 21, 1908. / Medam 9, 1083. No. 16.

Part II.— രണ്ടാം ഭാഗം

നമ്പർ ൧൨൦.

മൂവാററുപുഴ ൨ ാം ക്ലാസ്സ മജിസ്ത്രേട്ടു കോടതിയിൽ നിന്നും
പരസ്യംചെയ്യുന്നതു എന്തെന്നാൽ

ഉപയോഗമില്ലാത്ത റിക്കാർട്ടുകൾ നശിപ്പിക്കുന്നവകക്കുള്ള നോട്ടീസ ൧൦൭൨ാമാണ്ടത്തെ ൩ ാം റിഗ്യുലേഷനിലേയും അതനുസരിച്ചു ആ ആണ്ടു ആടിമാസം ൧൭നു- കല്പനപ്രകാരം ഹൈക്കോടതിയിൽനിന്നും ഏല്പെടുത്തിയിട്ടുള്ള റൂൾസിലേയും നിബന്ധനകളിൻപ്രകാരം മൂവാററുപുഴ ൨ ാംക്ലാസ്സ മജിസ്ത്രേട്ടുകോടതി വക താഴെ വിവരിച്ചിരിക്കുന്ന റിക്കാർട്ടുകളെ നശിപ്പിക്കുന്നതിന തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. പ്രമാണങ്ങളും മററു അസൽ ആധാരങ്ങളും നോട്ടീസിനെ ഗവർൺമെൻറു ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ഒരു വർഷത്തിനകവും മററു റിക്കാർട്ടുകളെ ആറു മാസത്തിനകവും നശിപ്പിക്കുന്നതാകകൊണ്ടു അസൽ ആധാരങ്ങൾ തിരെച്ചു വാങ്ങിപ്പാൻ അർഹതയുള്ള കക്ഷികളും മററു റിക്കാർട്ടുകളുടെ പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവരും മേല്പറഞ്ഞ അവധിക്കകം അപേക്ഷിച്ചു വാങ്ങിക്കൊള്ളേണ്ടതാകുന്നു എന്നു.

൧൦൮൩ാമാണ്ടു മീനമാസം ൩൧നു-

൨ ാം ക്ലാസ്സ മജിസ്ത്രേട്ടു വി. നാണന്മായ്യൻ.

ആണ്ടു	രജിസ്റ്ററിലുള്ള കേസുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാർട്ടുകളുടെ വിവരം	റിമാർക്ക
൧൦൭൯	൧ മുതൽ ൧൬ വരെയും [illegible] മുതൽ ൨൧൪ വരെയും നമ്പരുകൾ	റൂൾസ ൭ ാം വകുപ്പുപ്രകാരം സൂക്ഷിപ്പാൻ ആവശ്യമില്ലാത്തതായ അന്യായം വാദി പ്രതി മൊഴി സാക്ഷിമൊഴികൾ കുററപത്രം പ്രാസസ്സ പ്രമാണങ്ങൾ വക്കാലത്തു മുതലായവ	ഇടയ്ക്കു വിട്ടിട്ടുള്ള നമ്പരുകൾ സെഷ്യൻ കോടതിയിലെക്കു കമ്മിററ ചെയ്തിട്ടുള്ളതും അരിയ മാററിയും മററും അയച്ചിട്ടുള്ളതും ആകുന്നു. കൂടുതൽ ശിക്ഷക്കു മേതു മജിസ്ത്രേട്ടിനു അയക്കയും മററസ്ഥലത്തു അയക്കയും ചെയ്തിട്ടുള്ളതാകുന്നു.

അത്രക്കാറി ൨-ാം ക്ലാസ്സ മജിസ്ത്രേട്ട കൊടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൲൦൭൩-ാമാണ്ടത്തെ ൯-ാം റെഗുലേഷനിലേയും അതിനനുസരിച്ച ൲൦൭൩-ാമാണ്ട ആടിമാസം ൲൨-ം കല്പന പ്രകാരം ഹൈക്കോടതിയിൽ നിന്നും എഴുപ്പെടുത്തിയിട്ടുള്ള റൂൾസിലേയും നിബന്ധനകൾ പ്രകാരം അത്രക്കാറി ൨-ാം ക്ലാസ്സ മാജിസ്ത്രേട്ടകോടതിവക താഴെ വിവരിക്കുന്ന റിക്കാർട്ടുകൾ നശിപ്പിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമൂഹത്തിന്റെ അറിവിനായി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. ഈ പരസ്യത്തിനെ ഗവർന്മെന്റു ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ അസൽ പ്രമാണങ്ങളും ആറു മാസം കഴിഞ്ഞാൽ മററു റിക്കാർട്ടുകളും നശിപ്പിക്കുന്നതാകകൊണ്ടു അവകൾക്കു പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവർ മേല്പറഞ്ഞ അവധിക്കകം അപേക്ഷിച്ചുകൊള്ളേണ്ടതാകുന്നു എന്നു ൲൦൭൪ മീനമാസം ൧൦-നു

൨-ാം ക്ലാസ്സ മാജിസ്ത്രേട്ട,
എം. ജി. മാത്തൻ.

ആണ്ടു	രജിസ്തരിലുള്ള കേസുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാർട്ടുകളുടെ വിവരം	റിമാർക്ക
൲൦൭൨	൧ മുതൽ ൨൯ വരെയും. ൨൭ മുതൽ ൧൯൦ വരെയും. ൧൯൨ മുതൽ ൲൬൨ വരെയും. ൲൭൦ മുതൽ ൲൨൬ വരെയും. ൲൨൨ മുതൽ ൨൲൬ വരെയും. ൨൲൨ മുതൽ ൨൯൩ വരെയും. ൨൮൯ മുതൽ ൨൯൭ വരെയും. നമ്പർ കേസുകളാകുന്നു.	റൂൾസിലെ ൨-ാമദ്ധ്യായം പ്രകാരം സൂക്ഷിക്കപ്പെടുവാൻ ആവശ്യമില്ലാത്തതായ അന്യായ ഹർജികളും ചാർജ് ഷീററുകൾ വാദി പ്രതികൾ ഇരുഭാഗം സാക്ഷികൾ ഇവരുടെ മൊഴികൾ വസ്തു സംബന്ധിച്ചതും വിലപിടിച്ചതും അല്ലാത്ത പ്രമാണങ്ങൾ പ്രമാണ പകർപ്പുകൾ സാക്ഷിപ്പട്ടിക ഹർജികൾ വക്കാലത്തുകൾ പ്രാസസ്സുകൾ ജാമ്യച്ചീട്ടുകൾ മുതലായവ ആകുന്നു.	ഇടയ്ക്കു വിട്ടിരിക്കുന്ന നമ്പരുകൾ കൂടുതൽ ശിക്ഷക്കായും കമ്മിററു ചെയ്യും ഉത്തരവുപ്രകാരം വേറെ കോടതികളിലേക്കു അതിൽ മാററിയും അയച്ചിട്ടുള്ളതാകുന്നു.
൲൦൭൩	൧ മുതൽ ൲൨ വരെയും. ൯൦. ൯൨ മുതൽ ൯൭ വരെയും. ൯൯ മുതൽ ൲൯ വരെയും. നമ്പരുകൾ	ജഡ്ജിമെന്റു. തിർപ്പു ഉത്തരവു. കലണ്ടർപകർപ്പു, വസ്തുസംബന്ധിച്ച രാജിഹർജി മുതലായതുകൾ.	വിസ്താരം മുതലായ മററു റിക്കാർട്ടുകൾ മുൻനശിപ്പിച്ചിട്ടുള്ളതാകുന്നു

ആലങ്ങാട്ട താലൂക്ക കച്ചേരിയിൽ നിന്നു.

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൬൯ലെ ൨-ാം റെഗുലേഷൻ അനുസരിച്ചു ൧൦൭൯ തുലാം ൧൩-നു ഒന്നായിട്ടുള്ള ചട്ടപ്രകാരം ഈ താലൂക്ക വക താഴെ വിവരിക്കുന്ന റിക്കാട്ടുകളെ നശിപ്പിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഈ വക റിക്കാട്ടുകൾ ഗസേറ്റിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ ൬ മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതാകകൊണ്ടു റിക്കാട്ടുകളുടെ പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവർ മേൽപ്പറഞ്ഞ അവധിക്കകം അപേക്ഷിച്ചു കൊള്ളേണ്ടതാകുന്നു എന്നു ൧൦൮൩ മകരം ൨൨-നു.

തഹശീൽദാർ പ്പ്. കെ. മഹാദേവയ്യൻ.

നമ്പർ	റിക്കാട്ടുകളുടെ ഇനം വിവരം	ഇന്നു ആണ്ടു വരെ ഉള്ളതു
൧	ഉത്തരവു മുടക്കം റിപ്പോട്ടുകൾ	
൨	കൊട്ടാരത്തിൽ സങ്കടം അറിവിച്ച ഹർജി സംബന്ധിച്ച കണക്കുകൾ	൧൦൮൦ വരെ
൩	ആഡ്മിനിസ്ത്രേഷൻ റിപ്പോട്ടുവക കണക്കുകൾ	ടി
൪	മഴ കണക്കുകൾ	ടി
൫	മഴയും കൃഷിയുംവക കണക്കുകൾ	൧൦൮൧ വരെ
൬	അഞ്ചൽ രസീതുകൾ	ടി
൭	സമൻസ് ഇണ്ടാസു മുതലായതു	ടി
൮	കോപ്പികൾ അയപ്പാനുള്ള എഴുത്തുകുത്തുകൾ	൧൦൭൯ വരെ
൯	ഉദ്യോഗസ്ഥന്മാരിടെ യാത്ര സംബന്ധിച്ച എഴുത്തുകുത്തുകൾ	ടി
൧൦	ജീവനക്കാരെ ആക്കുക മാറ്റുക സംബന്ധിച്ച എഴുത്തുകുത്തുകൾ	൧൦൬൧ വരെ
൧൧	രവധി കൊടുക്കുന്നതിനെ സംബന്ധിച്ച എഴുത്തുകൾ	൧൦൭൯ വരെ
൧൨	സങ്കട ഹർജികൾ	൧൦൬൫ വരെ
൧൩	ഉണ്ട പേരു കണക്ക	൧൦൮൧ വരെ
൧൪	ഉത്സവ പിറവട	൧൦൬൪ വരെ
൧൫	ദേവസ്വം തിരട്ടു	ടി
൧൬	ഊട്ടുകളിലെ സാധനങ്ങൾ	൧൦൬൬ വരെ
൧൭	ടി മാസാന്ത വട്ടോല	൧൦൭൯ വരെ
൧൮	൧-ാംനമ്പർ കണക്ക സ്റ്റേറ്റുമെന്റും	൧൦൫൮ വരെ
൧൯	൨-ാംനമ്പർ ടി	ടി
൨൦	൩-ാംനമ്പർ ടി	ടി
൨൧	൪-ാംനമ്പർ ടി	ടി
൨൨	റവന്യൂകെസ്സു കിടപ്പു കണക്ക	ടി
൨൩	വസ്തുക്കൾ പതിച്ചു മുതൽ വരുന്ന പണത്തിനു കണക്ക	ടി
൨൪	പോക്കുവരവു കണക്ക	ടി
൨൫	പള്ളിവയ്പുൻ അപേക്ഷ കണക്ക	൧൦൮൧ വരെ
൨൬	ജീവനക്കാരിടെ പരാതി കണക്ക	൧൦൭൮ വരെ
൨൭	രേറിവു നമ്പർ തീർന്നതിനു കണക്ക	൧൦൮൦ വരെ
൨൮	പൊന്നുംവില കൊടുത്തു ചിലവു വന്നതിനു കണക്ക	൧൦൬൬ വരെ
൨൯	പവുണ്ടു മുതൽ ചിലവു കണക്ക	൧൦൮൧ വരെ
൩൦	തഹശീൽദാരന്മാരുടെ സക്കീട്ടു ഡയറി	൧൦൮൦ വരെ
൩൧	പകർപ്പിനുള്ള അപേക്ഷ ഹർജികൾ	ടി

നമ്പർ ൨൨൭.

തിരുവനന്തപുരം താലൂക്ക കച്ചേരിയിൽനിന്നും

പരസ്യംചെയ്യുന്നതു എന്തെന്നാൽ

ഉളൂരധികാരംവകക്ക ഉളിയാഴത്തുറ പകുതിയിൽ ൩൫ ാമതു നമ്പർ പട്ടാദാരനായ കൊട്ടൂരാണത്തു വലിയവീട്ടിൽ പത്മനാഭൻ നീലകണ്ഠൻ പേരിൽ ഉളിയാഴത്തുറപകുതി സർവെ ൧൩൨ാമതു നമ്പരിൽ പണ്ടാരപ്പാട്ടം ൪൩ സെന്റുള്ള പുരയിടത്തിൽ ഈയാണ്ട കരംവകയിൽ രണ്ടു ചക്രം ൯ കാശു തിരുവാനുള്ളതിലേക്ക പട്ടയക്കാരന്റെപേക്ക ഡിമാന്റ നോട്ടീസയച്ചതിൽ സ്ഥലത്തു പാപ്പില്ലെന്നും കക്ഷി പോകടിയാണെന്നും മടങ്ങി വരികയും പാർശ്വക്കാർ മുഖാന്തരം ഇവിടെനിന്നും വിചാരണനടത്തിയതിൽ ൧൦൭൯ ാമാണ്ടുമുതൽ കക്ഷി പോകടിയാണെന്നും അവകാശികൾ ആരുമില്ലെന്നും വെളിവാകയും ചെയ്തിരിക്കുന്നതിനാൽ മേൽവിവരിച്ച വസ്തുവിന്റെ പട്ടയക്കാരന്റെ അവകാശികളൊ എവിടെയെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസെറ്റിൽ ചേക്കുന്ന തീയതിമുതൽ മുപ്പതു ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അതിന്മണ്ണം ബോധിപ്പിക്കാതിരുന്നാൽ അവധികഴിഞ്ഞുകൂടയോറം കടിശ്ശികക്കാരൻ പോകടിയാണെന്നു തീച്ചപ്പെടുത്തി വസ്തുവകകൾ ലേലത്തിൽ വിളിച്ചു ഈടാകുന്നപണം സക്കാരിലേക്ക മുതൽകൂട്ടുവാൻ ഇടവരുന്നതും പിന്നിട്ട ബോധിപ്പിക്കുന്ന ആവലാധി സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്നു.

൧൦൮൫ മീനം ൨൧൹

ഒന്നാം തഹശിൽദാർ എം. പപ്പുപിള്ള.

നമ്പർ ൮൭.

പറവൂർ രണ്ടാം ക്ലാസ്സു മജിസ്ത്രേട്ടു കോടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

